# സ്ത്രീയും മഹാസർപ്പവും
## തമ്മിൽ
## അന്തിമ പോരാട്ടത്തിലേക്ക്



സൂര്യനെ അണിഞ്ഞൊരു സ്ത്രീ

തീനിറമുള്ള മഹാസർപ്പം (വെളി. 12:1-3)

# സ്ത്രീയും മഹാസർപ്പവും
## തമ്മിൽ
# അന്തിമ പോരാട്ടത്തിലേക്ക്

സൂര്യനെ അണിഞ്ഞൊരു സ്ത്രീ

തീനിറമുള്ള മഹാസർപ്പം

വെളിപ്പാട് 12 : 1 – 3

# ഉള്ളടക്കം


1. യിസ്രായേല്യരും പലസ്തീന്യരും
2. ലോകാധികാരത്തിനു വേണ്ടിയുള്ള യുദ്ധം
3. രാജകുമാരനും മഹാസർപ്പവും
4. എതിർക്രിസ്തുവും 666 എന്ന സംഖ്യയും
5. പ്രവചനത്തിൽ അമേരിക്ക

## ആമുഖം

യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ ചോദിച്ചു. നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്? കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ ദുഷ്ടന്മാർ കരിഞ്ഞുപോകും. കളകൂട്ടി തീയിൽ ഇടും പോലെ ലോകാവസാനത്തിൽ സംഭവിക്കും. മത്തായി 13:40. ആ വലിയ സംഭവത്തിന് മുൻപുള്ള കാലത്തെ അന്ത്യകാലം എന്ന് പറയുന്നു.

ദാനിയേൽ 12:9 തിൽ പറയുന്നത് ദാനിയേലിന് ദൈവം കൊടുത്ത ദർശനങ്ങൾ അന്ത്യകാലത്തേക്ക് ഉള്ളതാണ് എന്നും, പലരും അതിനെ പരിശോധിക്കും; എന്നാൽ എല്ലാവരും തിരിച്ചറികയില്ല; ബുദ്ധിമാന്മാരൊ ഗ്രഹിക്കും എന്നും ആണ്. അബ്രഹാമും യിസഹാക്കും യാക്കോബും കൂടാരങ്ങളിൽ പാർത്തു കൊണ്ട് സ്വർഗ്ഗീയ ഭവനത്തെ ലക്ഷ്യമാക്കി ലോകത്തിൽ ജീവിച്ചു. ലോകത്തിലെ സമ്പാദ്യമെല്ലാം ശ്വാസം നിൽക്കുന്നതോടെ തീരും എന്ന് അവർ അറിഞ്ഞിരുന്നു. നമുക്കും അത് അറിയാം. നശിച്ചു പോകുന്നതിനു വേണ്ടി പ്രയത്നിക്കാതെ നിത്യത വേണമെന്ന് ആഗ്രഹിക്കുകയും അതിനായി സമർപ്പിക്കയും പ്രയത്നിക്കയും ചെയ്യുന്നവരാണ് ബുദ്ധിമാന്മാർ. അങ്ങനെ ഉള്ള ബുദ്ധിമാന്മാർക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്ന പുസ്തകങ്ങളാണ് ദാനിയേലും വെളിപ്പാടും.

ഈ പുസ്തകങ്ങളിലെ പ്രവചനങ്ങൾ ഒട്ടുമുക്കാലും നിവൃത്തിയായി. അവയെ കുറിച്ചാണ് ഈ ചെറുഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ദർശനങ്ങൾ തുറക്കാനുള്ള താക്കോൽ ഉപയോഗിച്ച് തുറന്ന് വിസ്തരിച്ചിട്ടുണ്ട്.

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് ദൈവം നോക്കുന്നു. മനഃപൂർവ്വമായി പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാന്മാർക്കുള്ളതാണ് ഈ ഗ്രന്ഥം.

ഈ പുസ്തകം എഴുതുവാൻ എന്നെ സഹായിച്ചവർക്ക് നന്ദി അർപ്പിക്കുന്നു. സർവ്വോപരി എനിക്ക് ഉത്തേജനവും തുണയും തന്ന ദൈവത്തിന് പൂർണ്ണ ഹൃദയത്തോടെ സ്തുതിയും ബഹുമാനവും അർപ്പിക്കുന്നു. അവൻ വരുമ്പോഴൊ, അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. എന്ന് പറയപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവു വായനക്കാരെ സകല സത്യത്തിലും നടത്തുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

02 - 06 - 2016

അജിത് മാത്യു
പുത്തൻപുരയ്ക്കൽ
മുടിയൂർക്കോണം
പന്തളം - 689 576

# 1.

## യിസ്രായേലും പലസ്തീന്യരും

ഇന്നുള്ള വാർത്തകളിൽ യിസ്രായേലും പലസ്തീനും തമ്മിലുള്ള പ്രശ്നത്തെക്കുറിച്ച് ധാരാളം കേൾക്കുന്നു. അവിടെ എപ്പോഴും പ്രശ്നമാണ്. ഒരിക്കലും സമാധാനം ഉണ്ടാകയില്ല എന്ന് തോന്നുന്നു. പുസ്തക കടകളിൽ, പ്രവചനത്തിൽ യിസ്രായേലിന്റെ പങ്കിനെ കുറിക്കുന്ന ധാരാളം പുസ്തകങ്ങൾ കാണുവാൻ കഴിയും. എങ്ങനെ ആണ് അറബികൾ യിസ്രായേലിന് എതിരെ ഹർമ്മഗെദ്ദോൻ യുദ്ധത്തിനായി മെദിഗൊ താഴ്വരയിൽ കൂടി വരുന്നത് എന്ന് ഈ പുസ്തകങ്ങൾ വിശദീകരിക്കുന്നു. ഈ ആശയം ഉള്ള ധാരാളം പുസ്തകങ്ങളും ടി. വി. യിലൂടെ പ്രസംഗിക്കുന്ന പ്രാസംഗികരും, എപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത് ഒരേ ആശയം തന്നെ. അന്ത്യകാലയുദ്ധം എന്നത് യിസ്രായേലും അറബികളും തമ്മിൽ ആണത്രെ. ഒരു പക്ഷെ രഷ്യയും ചൈനയും ജപ്പാനും ചേർന്നേക്കാം. അവരെ കിഴക്കുനിന്നുള്ള രാജാക്കന്മാരായി ചിത്രീകരിച്ച് ഇവർ തമ്മിൽ ഉള്ള യുദ്ധത്തെ ഇക്കൂട്ടർ ഹർമ്മഗദ്ദോൻ യുദ്ധം എന്ന് വിളിക്കുന്നു. ഇവിടെ ഉയരുന്ന ചോദ്യം ഇതാണ്. അന്ത്യകാല പ്രവചനത്തെക്കുറിച്ച് വേദപുസ്തകം പറയുന്നത് ഇതാണോ?

മനുഷ്യന്റെ മരണത്തിനു പകരമായി ദൈവം ഒരു സന്തതിയെ അയച്ച് അവൻ യാഗമായി അർപ്പിക്കപ്പെട്ട് മനുഷ്യരെ അവരുടെ പാപത്തിൽ നിന്നും വീണ്ടെടുക്കുമെന്ന് ദൈവം അബ്രഹാമിനെ അറിയിച്ചിരുന്നു. യിസഹാക്ക് ജനിക്കുന്നതിന് ദശകങ്ങൾക്കു മുൻപ് ദൈവം അബ്രഹാമിന് ഒരു സന്തതി ജനിക്കുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. കാലങ്ങൾ കടന്നുപോയിട്ടും സന്തതിയെ കിട്ടിയില്ല. അപ്പോൾ

അബ്രഹാമിന്റെ ഭാര്യയായ സാറായി മിസ്രയീമ്യ ദാസിയായ ഹാഗാറിനെ തന്റെ ഭർത്താവായ അബ്രഹാമിന് ഭാര്യയായി കൊടുത്തു. ഉല്പ. 16:3. ഹാഗാർ പ്രസവിച്ച മകന് അബ്രാം യിശ്മായേൽ എന്ന് പേരിട്ടു. വീണ്ടും ഏതാണ്ട് പതിനാലുവർഷങ്ങൾക്ക് ശേഷമാണ് വാഗ്ദത്ത സന്തതിയായ യിസഹാക്ക് ജനിക്കുന്നത്. യിശ്മായേൽ ജഡപ്രകാരം ജനിച്ചവനും യിസഹാക്ക് ആത്മപ്രകാരം അല്ലെങ്കിൽ വാഗ്ദത്ത പ്രകാരം ജനിച്ചവനും ആയിരുന്നു. ഈ രണ്ടു കുട്ടികളും തമ്മിൽ വീട്ടിൽ കലഹം പതിവായി. ഗലാത്യർ 4:29 തിൽ ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചു എന്നു കാണാം. അപ്പോൾ സാറാ അബ്രഹാമിനോട് ദാസിയേയും മകനേയും പുറത്താക്കിക്കളയുക. ദാസിയുടെ മകൻ യിസഹാക്കിനോടു കൂടെ അവകാശി ആകരുത് എന്നു പറഞ്ഞു. അബ്രഹാമിന് അത് വളരെ പ്രയാസമായിരുന്നു. പക്ഷെ ദൈവം അബ്രഹാമിനോട് – സാറാ പറഞ്ഞത് കേൾക്കാൻ പറഞ്ഞു. യിസഹാക്കിൽ നിന്നുള്ളവരല്ലേ നിന്റെ സാക്ഷാൽ സന്തതി എന്ന് വിളിക്കപ്പെടുന്നത്. അബ്രഹാം ദൈവത്തെ അനുസരിച്ചു. അങ്ങനെ യിസഹാക്ക് അബ്രഹാമിന്റെ ഏകസന്തതിയും പിതാവിന്റെ അവകാശിയും ആകുന്നു. കാലക്രമേണ സ്ത്രീയിൽ നിന്ന് സന്തതിയെ ഭൂമിയിലേക്ക് കൊണ്ടുവന്ന് മനുഷ്യജാതിയെ അവരുടെ പാപത്തിൽ നിന്നും രക്ഷിക്കയും ചെയ്യും എന്ന് അബ്രഹാം വിശ്വസിച്ചു.

എന്തിനാണ് ഈ കഥ ഉല്പത്തിയിൽ കൊടുത്തിരിക്കുന്നത്? മറ്റെല്ലാ കഥകളും പോലെ ഇതും ഒരു പ്രവചനത്തോടു കൂടിയ കഥയാണ്. പ്രവചനം മനസ്സിലാക്കാൻ ഗലാത്യർ 4:21-24 വരെ നോക്കാം. ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ഇഛിക്കുന്നവരേ, നിങ്ങൾ ന്യായപ്രമാണം കേൾക്കുന്നില്ലയോ? എന്നേട് പറവിൻ. അബ്രഹാമിന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരുവൻ ദാസി പ്രസവിച്ചവൻ. ഒരുവൻ സ്വതന്ത്ര പ്രസവിച്ചവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ. ദാസിയുടെ മകൻ ജഡപ്രകാരവും സ്വതന്ത്രയുടെ മകൻ വാഗ്ദത്താലും ജനിച്ചിരുന്നു. ഇത് സാദൃശമാകുന്നു. ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ അത്രെ.



ഒന്ന് സീനായ് മലയിൽ നിന്ന് ഉണ്ടായി അടിമകളെ പ്രസവിക്കുന്നു. അത് ഹാഗാർ. (ഹാഗാറും യിശ്മായേലും, സാറായും യിസഹാക്കും, രണ്ടു നിയമങ്ങളെ പ്രതിനിധീകരിക്കുന്നു). വാക്യം 25-ഹാഗാർ എന്നത് അറബിദേശത്ത് സീനായ്മലയെ കുറിക്കുന്നു. അത് ഇപ്പോഴത്തെ യരുശലേമിനോട് ഒക്കുന്നു. അത് തന്റെ മക്കളോടു കൂടെ അടിമയിലല്ലോ ഇരിക്കുന്നത്. യരുശലേം മക്കളോടുകൂടെ അടിമ ആയി ഇരിക്കുന്നു എന്നാണ് വി. പൗലോസ് പറയുന്നത്. അതു മനസ്സിലാക്കാൻ സീനായ് മലയിലേക്ക് തന്നെ പോകാം. പുറപ്പാട് 19:38. ഇവിടെ ദൈവം പത്തു കല്പനകൾ കൊടുക്കുവാൻ തുടങ്ങുന്നു. എനിക്ക് നിങ്ങളുമായി ഒരു നിയമം – ഉടമ്പടി ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് ദൈവം യിസ്രായേലിനോട് മോശ മുഖാന്തരം പറയുന്നു. മോശ യിസ്രായേൽ മക്കളോട്:- ദൈവത്തിന് നിങ്ങളോട് ഉടമ്പടി ചെയ്യണം. നിങ്ങൾ ദൈവത്തിന്റെ പത്തുകല്പനകളായ നിയമം അനുസരിക്കുവാൻ തയ്യാറാണോ എന്ന് ചോദിച്ചു. യിസ്രായേൽ, യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും എന്ന് ഉത്തരം പറഞ്ഞു. മോശ ജനത്തിന്റെ വാക്ക് യഹോവയുടെ സന്നിധിയിൽ ബോധിപ്പിച്ചു. അങ്ങനെ ആ ഉടമ്പടി നിലവിൽ വന്നു. വളരെ ചെറിയ ഒരു സമയത്തേക്കു മാത്രമേ അവരുടെ വാഗ്ദാനം നിലനിന്നുള്ളൂ. എന്നാൽ അവർ പറഞ്ഞിരുന്നത് അക്ഷരീകമായി തങ്ങൾക്ക് പത്തുകല്പനകളും അനുസരിക്കുവാൻ സാധിക്കും എന്നായിരുന്നു. എന്നാൽ അവരുടെ ഹൃദയത്തിന് മാനസാന്തരം ഉണ്ടായി, ദൈവത്തോട് ചേരാതെ പത്തുകല്പനകൾ അനുസരിക്കുവാൻ സാധ്യമല്ലായിരുന്നു. യിരെമ്യാവ് 31-ാം അദ്ധ്യായത്തിൽ പിൽക്കാലത്ത് ദൈവം യിസ്രായേലുമായി ഒരു പുതിയ ഉടമ്പടി ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ഞാൻ യിസ്രായേൽ ഗൃഹത്തോട് പുതിയ നിയമം ചെയ്യുന്ന കാലം വരും എന്ന് യഹോവ അരുളിച്ചെയ്യുന്നു. സീനായ്മലയിൽ വെച്ച് ചെയ്ത ആദ്യനിയമം പോലെ അല്ല. കാരണം, അവർ തന്റെ നിയമത്തെ ലംഘിച്ചു കളഞ്ഞു. തന്റെ പുതിയ നിയമത്തെപ്പറ്റി ദൈവം പറയുന്നത്:- അവർ അനുസരിച്ചു കൊള്ളാമെന്ന്

പറഞ്ഞ്, കൽപ്പലകകളിൽ എഴുതിയിരുന്ന ആ കല്പനകൾ അവിടെ നിന്നും ഞാനെടുത്തു അവരുടെ ഉള്ളങ്ങളിലും ഹൃദയങ്ങളിലും എഴുതും. ഇവിടെ ഒന്നാമത്തെ ഉടമ്പടിക്ക് കല്പനകൾ ഉണ്ടായിരുന്നു. രണ്ടാമത്തെ ഉടമ്പടിക്ക് അതായത് ഉള്ളങ്ങളിൽ എഴുതുന്ന ഉടമ്പടിക്ക് കല്പനകൾ ഉണ്ടോ? ഇല്ലെന്നാണ് മിക്ക ക്രിസ്ത്യാനികളും പഠിപ്പിക്കുന്നത്. അവർ പറയും - രണ്ടാമത്തെ ഉടമ്പടി കൃപയുടെ ഉടമ്പടി ആണ്. വേദപുസ്തകം അങ്ങനെ അല്ല പഠിപ്പിക്കുന്നത്. ആദ്യത്തെ ഉടമ്പടിയുടെ കുറവ് എന്തായിരുന്നു? അത് അനുസരിക്കുവാൻ തക്കവണ്ണം ജനഹൃദയങ്ങളിൽ പരിവർത്തനം ഉണ്ടായിരുന്നില്ല. പാപത്താൽ ബന്ധിതമായിരിക്കുന്ന ഒരു ഹൃദയത്താൽ ഒരിക്കലും പത്തുകല്പനകൾ അനുസരിക്കുവാൻ സാധിക്കുകയില്ല. പുതിയ നിയമത്തിൽ കല്പന മാറുന്നില്ല. അത് എഴുതുന്ന സ്ഥലമാണ് മാറുന്നത്. പിന്നീട് ദൈവം പറയുന്നു, അവരോട് ഇനിയും ഇത് ചെയ്യ്, അത് അനുസരിക്ക്, എന്ന് പറയേണ്ട ആവശ്യമില്ല. കാരണം സ്വാഭാവികമായി അവർ അത് അനുസരിച്ചുകൊള്ളും. ന്യായപ്രമാണം ഹൃദയത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്. ആദ്യ നിയമത്തിൽ, സ്വന്ത പ്രവൃത്തിയാൽ കല്പകൾ അനുസരിക്കും എന്ന് യിസ്രായേൽ പറഞ്ഞു. ദാരുണമായി പരാജയപ്പെട്ടു.

റോമർ 10:3 ൽ വിശുദ്ധ പൗലോസിന്റെ കാലത്ത് ഉണ്ടായിരുന്ന യരുശലേമിന്റെ അവസ്ഥയെപ്പറ്റി പറഞ്ഞിരിക്കുന്നു. “അവർ (യഹൂദന്മാർ) ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചു കൊണ്ട് ദൈവത്തിന്റെ നീതിക്ക് കീഴ്പ്പെട്ടില്ല”. യിസ്രായേലിനും ഹൃദയപരിവർത്തനം വരാഞ്ഞതുകൊണ്ട് ദൈവത്തെ അനുസരിക്കാൻ കഴിഞ്ഞില്ല. അവർ തങ്ങളുടെ പരിവർത്തനം വരാത്ത സ്വഭാവത്തിന് അടിമകൾ ആയിരുന്നു.

ഗലാത്യർ 4:31 “അങ്ങനെ, സഹോദരന്മാരേ, നാം ദാസിയുടെ മക്കളല്ല, സ്വതന്ത്രയുടെ മക്കളത്രെ”. വി. പൗലോസിന്റെ അഭിപ്രായത്തിൽ രണ്ടുതരം മക്കളുണ്ട് - ഒന്ന് ദാസിയുടെ മക്കൾ. ഹൃദയപരി



വർത്തനം ഇല്ലാതെ കല്പന അനുസരിക്കുവാൻ ശ്രമിക്കുന്നവർ. ആക്കൂടെ അന്നത്തെ യരുശലേമും ഉൾപ്പെടും. പൗലോസ് പറയുന്നത് തന്റെ കാലത്ത് ഉള്ള യിസ്രായേൽ ഉടമ്പടി പ്രകാരം ഉള്ള സന്തതികൾ അല്ല, അവർ വെറും ഹാഗാറിന്റെ സന്തതികൾ മാത്രമാണ്.

യോഹന്നാൻ 1:12,13 “അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലുമല്ല, പുരുഷന്റെ ഇഷ്ടത്താലും അല്ല, ദൈവത്തിൽ നിന്നത്രെ ജനിച്ചത്”. രണ്ടു തരത്തിലുള്ള ജനനം ഉണ്ട്. ആദ്യത്തേത് ജഡപ്രകാരം ഉള്ളത്. അത് അമ്മയിൽ നിന്നുള്ള ജനനം. അത് പാപത്തിന്റെ അടിമത്വത്തിലാണ്. ദാവീദ് പറയുന്നു:-(സങ്കീർത്തനം 51) പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു എന്ന്. പാപസ്വഭാവത്തിൽ ഇരിക്കുന്ന എനിക്ക് ദൈവകല്പനകൾ അനുസരിക്കുവാനും കഴികയില്ല. രക്ഷകൈവരിക്കാനും സാധിക്കുകയില്ല. എനിക്ക് രണ്ടാമത് ഒരു ജനനം ആവശ്യമായി വരുന്നു. രണ്ടാമത് ജനിച്ചവരെ യിസഹാക്ക് പ്രതിനിധീകരിക്കുന്നു. യോഹന്നാൻ 3:3-6 വരെ നോക്കാം. യേശു നിക്കൊദിമോസിനോട് സംസാരിക്കുന്നു. വളരെ പഠിത്തം ഉള്ള നിക്കൊദീമോസിനു പോലും യഥാർത്ഥ മതം എങ്ങനെ ഉള്ളതാണ് എന്ന് മനസ്സിലായിരുന്നില്ല. “ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു. പുതുതായി ജനിച്ചില്ലായെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല എന്നു പറഞ്ഞു”. നമ്മുടെ ആദ്യജനനം എപ്രകാരം ഉള്ളതായിരുന്നു? ആദ്യമായി യിശ്മായേൽ ജനിച്ചതു പോലെ പാപത്തിന് അടിമയായി ജനിച്ചു. അതുകൊണ്ട് നാം രണ്ടാമത് ഒരു ജനനം അനുഭവിച്ചറിയേണം. അത് വാഗ്ദത്തപ്രകാരം ജനിച്ച യിസഹാക്കിനെ സൂചിപ്പിക്കുന്നു. വാക്യം 5,6- അതിന് യേശു:- “ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു”.

ഗലാത്യർ 4-ലെ ആശയം ഇവിടെ പറഞ്ഞിരിക്കുന്നു. നാം ആദ്യം ജനിച്ചപ്പോൾ യിശ്മായേലിന്റെ സന്തതികൾ ആയിരുന്നു. നാം അടിമകൾ ആയിരുന്നു. ഉടമ്പടി വാഗ്ദാനത്തിൽ പ്രവേശിക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. രണ്ടാമതായി ജനിച്ച യിസഹാക്ക് പുത്രനും അവകാശിയും ആയിരുന്നു. ഗലാത്യർ 4-4 "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ച് അയച്ചത് അവൻ ന്യായപ്രമാണത്തിനു കീഴുള്ളവരെ വിലയ്ക്കു വാങ്ങീട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നെ. നിങ്ങൾ മക്കൾ ആകക്കൊണ്ട് അബ്ബാ പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു". യേശുക്രിസ്തുവിന്റെ പ്രവൃത്തിയുടെ ഫലമായി നമ്മുടെ ഹൃദയപരിവർത്തനത്തിനു ശേഷം നാം ദൈവത്തിന്റെ മക്കളായി മാറുന്നു. യേശുവിൽ കൂടെ ദൈവത്തിന്റെ സ്വത്തിന് നാം അവകാശികളായി തീരുന്നു. വാക്യം 7- അങ്ങനെ നീ ഇനിദാസനല്ല, പുത്രനത്രെ. പുത്രൻ എങ്കിലൊ ദൈവഹിതത്താൽ അവകാശിയും ആകുന്നു. റോമർ 7:9 തിൽ ഇതേ വിഷയത്തെക്കുറിച്ച് വി. പൗലോസ് സംസാരിക്കുന്നു. "ജഡത്തിന്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു". ആദ്യജനനത്തിന്റെ സ്വഭാവമാണിത്. ദൈവത്തിൽ നിന്നും മാറിയ സ്വഭാവം. അത് ദൈവകല്പനകൾക്ക് കീഴ്പ്പെടുവാൻ സാധിക്കാത്ത ഒന്നാണ്. അങ്ങനെ ഉള്ളവർ സ്വയം രക്ഷനേടുവാൻ ശ്രമിച്ചാലും നടക്കുകയില്ല. കാരണം അവർ അടിമകളാണ്. "അവർ ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല. കീഴ്പ്പെടുവാൻ കഴിയുന്നതുമില്ല. ജഡസ്വഭാവം ഉള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ കഴികയില്ല. ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവം ഉള്ളവരല്ല. ആത്മസ്വഭാവം ഉള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല".

യേശുവിനെ-വാഗ്ദത്ത സന്തതിയെ സ്വീകരിച്ച് നാം ദൈവപുത്രന്മാരായി തീരുമ്പോൾ റോമർ 8ന്റെ 17-ൽ പൗലോസ് പറയുന്നു.:- "നാം മക്കൾ എങ്കിലോ അവകാശികളുമാകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ. നാം അവനോടു കൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവനോടു കൂടെ കഷ്ടം അനുഭവിച്ചാലത്രെ". ആരാണ് അബ്രഹാമിന്റെ യഥാർത്ഥ സന്തതി? അത് യേശു ആണ്. അബ്രഹാമിനോടു ചെയ്ത വാഗ്ദത്തിന് അവകാളികൾ അബ്രഹാമും അവന്റെ സന്തതിയും മാത്രമാണ്. സന്തതികൾ എന്ന് അനേകരെക്കുറിച്ചല്ല, സന്തതി എന്ന് ഏകനെക്കുറിച്ചത്രെ പറയുന്നത്. അത് ക്രിസ്തു തന്നെ. ഒരു സന്തതിയോടു മാത്രമെ വാഗ്ദാനങ്ങൾ ചെയ്തിട്ടുള്ളൂ. അങ്ങനെ എങ്കിൽ നാം ആ വാഗ്ദാനങ്ങൾക്ക് അർഹരാണോ? ഗലാത്യർ 3:29- ക്രിസ്തുവിന് ഉള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു.

ഇന്ന് വിശുദ്ധനാട് എന്ന് അറിയപ്പെടുന്ന സ്ഥലത്ത് ജീവിക്കുന്നവർ യേശുക്രിസ്തുവിനെ ത്യജിച്ചവർ ആണ്. അവർ അബ്രഹാമിന്റെ സന്തതികൾ ആണോ? അതുകൊണ്ട് പ്രവചനങ്ങൾ അവരുടെ ഇടയിൽ നിവൃത്തിയാക്കപ്പെടുമോ? ആരിലാണ് വാസ്തവത്തിൽ പ്രവചന നിവൃത്തി ഉണ്ടാകേണ്ടത്? അന്തിമയുദ്ധം യിസ്രായേലും ബാബിലോണും തമ്മിലാണ്. ബാബിലോൺ എവിടെ ആണ് എന്ന് അറിയുവാൻ ഇറാക്കിലേക്ക് പോകണം. യിസ്രായേൽ എവിടെയാണ് എന്നറിയാൻ യരുശലേമിലേക്കും പോകേണ്ടിയിരിക്കുന്നു. എന്നാൽ അങ്ങനെ അല്ല, യേശുവിനെ കൈക്കൊണ്ട് വീണ്ടും ജനിച്ചവർ ആണ് യഥാർത്ഥ യിസ്രായേൽ. അതുകൊണ്ട് ബാബിലോൺ യിസ്രായേലിന് എതിരായി യുദ്ധം ചെയ്യുവാൻ വരുന്നത് മദ്ധ്യപൂർവ്വ ദേശത്തേക്കല്ല. പിന്നെയോ, യേശുവിനെ കൈക്കൊണ്ടവരുടെ അടുക്കലേക്കത്രെ.

ആദ്യ സന്തതിയെ പുറത്താക്കുക എന്ന് അബ്രഹാമിനോട് ദൈവം പറഞ്ഞത് എന്താണ് അർത്ഥമാക്കുന്നത്. ആദ്യ ജനനത്താൽ കിട്ടിയ ജഢീക സ്വഭാവങ്ങളെ നാം പുറത്താക്കണം. ഗലാത്യർ 5:24 ൽ

പറയുന്നതുപോലെ നമ്മുടെ പഴയ സ്വഭാവത്തെ നാം ക്രൂശിക്കണം. അബ്രഹാമിനോട് അത് പറഞ്ഞപ്പോൾ പ്രയാസം തോന്നിയെങ്കിലും അബ്രഹാം അനുസരിച്ചു. എന്നാൽ പഴയ സ്വഭാവം ഉള്ളടത്തോളം കാലം പുതിയ സ്വഭാവത്തിന് നിലനിൽക്കുവാൻ സാധ്യമല്ല. നമ്മുടെ പഴയ സ്വഭാവത്തെ നാം കീഴടക്കേണ്ടിയിരിക്കുന്നു.എങ്കിൽ അത്മീക സന്തതിക്ക് നിലനിൽക്കാൻ സാധിക്കും.

വേദപുസ്തക പ്രവചനങ്ങൾ വ്യാഖ്യാനിക്കുന്നതിലെ പ്രധാന വിഷയം ആരാണ് യഥാർത്ഥ യിസ്രായേൽ എന്നതാണ്. അതു മനസ്സിലാക്കിയാൽ പ്രവചനങ്ങളും ശരിയായി മനസ്സിലാക്കാൻ സാധിക്കും. അത് മനസ്സിലായില്ലെങ്കിൽ പ്രവചനങ്ങൾ എല്ലാം തെറ്റും. ഗലാത്യർ 3:26–29 "ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ. ക്രിസ്തുവിന് ഉള്ളവർ എങ്കിലോ, നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു".

റോമർ 2:28,29– "പുറമെ യഹൂദനായവൻ യഹൂദനല്ല. പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല. അകമെ യഹൂദനായവനത്രെ യഹൂദൻ. അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയ പരിച്ഛേദനയത്രെ പരിച്ഛേദന. അവന് മനുഷ്യരാൽ അല്ല, ദൈവത്താൽ തന്നെ പുകഴ്ച ലഭിക്കും". യഥാർത്ഥ പരിച്ഛേദന ഹൃദയത്തിന്റെ മാറ്റമാണ്. ദൈവം ഹൃദയത്തെ മാറ്റുമ്പോൾ തന്റെ വിശുദ്ധ കല്പനകൾ അവിടെ എഴുതുന്നു. എന്നാൽ ഇപ്പോൾ ചിലർ പറയുന്നത് പഴയനിയമ കാലത്ത് കല്പന അനുസരിക്കണമായിരുന്നു. ഇപ്പോൾ കൃപയുടെ കാലമാണ്; അതുകൊണ്ട് കല്പന അനുസരിക്കണ്ടാ എന്നാണ്. എന്നാൽ കല്പന ഒരിക്കലും മാറുകയില്ല. ന്യായപ്രമാണത്തിൽ നിന്ന് വള്ളിയെങ്കിലും പുള്ളി



യെങ്കിലും ഒഴിഞ്ഞുപോകയില്ലെന്ന് യേശുക്രിസ്തു സത്യം ചെയ്ത് പറഞ്ഞതാണ്. (മത്തായി 5:17,18) കല്പന ഹൃദയത്തിൽ എഴുതപ്പെട്ടാൽ അത് എന്റെ ജീവിതത്തെ ശരിയായ പാതയിൽ നടത്തും. സ്വമേധയാ ഞാൻ അത് അനുസരിക്കും. കാരണം, ഞാൻ എന്റെ യേശുവിനെ സ്നേഹിക്കുന്നു. "അവനെ സ്നേഹിക്കുന്നു എന്ന് പറയുകയും അവന്റെ കല്പനകളെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിൽ ഇല്ല". 1 യോഹന്നാൻ 2:4. അതുകൊണ്ടാണ് സാത്താന്റെ അവസാനത്തെ യുദ്ധം ദൈവകല്പന അനുസരിക്കുന്നവരോട് ആയിരിക്കും എന്ന് വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്. രക്ഷ നേടുന്നതിനു വേണ്ടിയല്ല, യേശുവിനെ അറിഞ്ഞതുകൊണ്ടും യേശുവിനോട് കടപ്പാട് ഉള്ളതുകൊണ്ടും മരിക്കേണ്ടി വന്നാലും യേശുവിനെ അനുസരിക്കേണ്ടതുകൊണ്ടും തന്റെ കല്പനകളെ പാലിക്കേണ്ടതാണ്.

റോമർ 9:6,7,8– "ആമേൻ, ദൈവവചനം വ്യർത്ഥമായിപ്പോയി എന്നല്ല, യിസ്രായേലിൽ നിന്ന് ഉത്ഭവിച്ചവർ എല്ലാം യിസ്രായേല്യർ എന്നും അബ്രഹാമിന്റെ സന്തതി ആകയാൽ എല്ലാവരും മക്കൾ എന്നും വരികയില്ല. യിസഹാക്കിൽ നിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്ന് വിളിക്കപ്പെടും എന്നേ ഉള്ളൂ. അതിന്റെ അർത്ഥമൊ, ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ. വാഗ്ദത്തപ്രകാരം ജനിച്ച മക്കളെയത്രേ സന്തതി എന്ന് എണ്ണുന്നു". അബ്രഹാമിന്റെ സന്തതി ആയതുകൊണ്ട് അവർ യിസ്രായേല്യർ ആകുന്നില്ല എന്നാണ് പൗലോസ് വ്യക്തമാക്കിയിരിക്കുന്നത്. ആത്മപ്രകാരം ജനിച്ച് ദൈവകല്പന ഹൃദയത്തിൽ എഴുതപ്പെട്ടവരാണ് ദൈവ മക്കൾ. അതുകൊണ്ട് ഇന്ന് യിസ്രായേൽ എന്നോ യഹൂദർ എന്നോ അവകാശപ്പെടുന്നവരല്ല യിസ്രായേല്യർ. യോഹന്നാൻ 8:32ൽ യേശുവും ഇതേ ആശയം തന്നെ പറയുന്നു. "സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു". സത്യം നമ്മെ സ്വത

ന്ത്രർ ആക്കിയെങ്കിൽ സ്വതന്ത്രർ ആക്കപ്പെടുന്നതിനു മുൻപു നാം അടിമകൾ ആയിരുന്നു. അതിന്റെ അർത്ഥം എന്താണ്? വാക്യം 36- പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും. നാം സ്വതന്ത്രയുടെ മക്കൾ ആകുന്നത് യേശുവിനെ സ്വീകരിക്കുന്നതു മൂലമാണ്. യേശുവിനെ തിരസ്ക്കരിച്ചാൽ നാം അടിമയുടെ മക്കളാണ്. അതിനാൽ ദൈവീക വാഗ്ദത്തങ്ങൾക്കൊന്നും നാം അവകാശികൾ ആകുന്നില്ല. കാരണം, മക്കൾക്കു മാത്രമെ അവകാശത്തിന് അർഹതയുള്ളൂ. പ്രവചനം മനസ്സിലാക്കണമെങ്കിൽ ഈ സത്യം വളരെ പ്രധാനമാണ്.

യോഹന്നാൻ 8:33 അവർ അവനോട് :- ഞങ്ങൾ അബ്രഹാമിന്റെ സന്തതി. ആർക്കും ദാസന്മാരായിരുന്നിട്ടില്ല. നിങ്ങൾ സ്വതന്ത്രന്മാർ ആകും എന്ന് നീ പറയുന്നത് എങ്ങനെ എന്ന് ഉത്തരം പറഞ്ഞു. അബ്രഹാമിന്റെ യഥാർത്ഥ സന്തതികൾ അവരാണ് എന്ന് അവർ അവകാശപ്പെട്ടു. ജഡപ്രകാരമുള്ള അബ്രഹാമിന്റെ സന്തതികളിന്മേൽ യേശു ഒരു പ്രത്യേകതയും കണ്ടില്ല. അവർ യിസഹാക്കിന്റെ മക്കൾ ആയതുകൊണ്ട് സ്വതന്ത്രയുടെ മക്കളും ആണ് എന്ന് അവകാശപ്പെട്ടു. സംഭാഷണം വളരെ രസകരമായി മാറുന്നു. വാക്യം 37-നിങ്ങൾ അബ്രഹാമിന്റെ സന്തതി എന്ന് ഞാൻ അറിയുന്നു. (അടുത്ത നിമിഷം അവർ അബ്രഹാമിന്റെ സന്തതികൾ അല്ലെന്ന് യേശു പറയുന്നതായിട്ട് നാം കാണുന്നു.) എങ്കിലും എന്റെ വചനത്തിന് നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു. വാക്യം 39- അവർ അവനോട്:- അബ്രഹാം ആകുന്നു ഞങ്ങളുടെ പിതാവ് എന്ന് ഉത്തരം പറഞ്ഞതിന് യേശു അവരോട് നിങ്ങൾ അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവർത്തികളെ ചെയ്യുമായിരുന്നു. യേശു പറയുന്നു :- നിങ്ങൾ നിങ്ങളുടേത് എന്ന് അവകാശപ്പെടുന്ന പിതാവിനെപ്പോലെ പ്രവർത്തിക്കുന്നില്ല. നിങ്ങൾ എന്നെ തിരസ്ക്കരിക്കുന്നതു മൂലം നിങ്ങളുടെ യഥാർത്ഥ പിതാവ് അബ്രഹാം ആകുന്നില്ല. വാക്യം 41- നിങ്ങളുടെ പിതാവിന്റെ പ്രവർത്തികളെ നിങ്ങൾ ചെയ്യുന്നു എന്ന് പറഞ്ഞു.



അവർ അവനോട്:- "ഞങ്ങൾ പരസംഗത്താൽ ജനിച്ചവരല്ല. ഞങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ. ദൈവം തന്നെ" എന്നു പറഞ്ഞു. വാക്യം 42- യേശു അവരോട് :- "ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. ഞാൻ ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നിരിക്കുന്നു. ഞാൻ സ്വയമായി വന്നതല്ല. അവൻ എന്നെ അയച്ചതാകുന്നു". ഈ പറഞ്ഞവർ അബ്രഹാമിന്റെ മക്കളാണ്. എന്നാൽ യിസഹാക്കിൽ നിന്നുള്ളവരല്ല. യിസഹാക്കിൽ നിന്നുള്ളവരാണ് വാഗ്ദത്തിന് അവകാശികൾ. ക്രിസ്തുവിനെ തിരസ്ക്കരിച്ചിരിക്കുന്ന ഇന്നത്തെ യിസ്രായേൽ അടിമകളാണ്. അടിമസ്ത്രീയുടെ സന്തതികൾ ആയതുകൊണ്ട് വാഗ്ദത്തങ്ങൾക്ക് അവകാശികൾ അല്ല. യേശു യഹൂദന്മാരോട് പറയുന്നു- "ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു". യേശുവിനെ കൈക്കൊണ്ട് യേശുവിന്റെ നാമത്തിൽ വിശ്വസിക്കാത്തവർക്ക് ദൈവം പിതാവല്ല. അങ്ങനെ ഉള്ളവർ ദൈവമക്കളും അല്ല. ഇന്നത്തെ യിസ്രായേൽ ജനത യേശുവിനെ തിരസ്ക്കരിച്ചിരിക്കയാൽ ദാസിയുടെ മക്കളാണ്. അവർ അബ്രഹാമിന്റെയോ യിസഹാക്കിന്റെയോ വാഗ്ദാനങ്ങൾക്ക് അവകാശികൾ അല്ല. യഹൂദന്മാരും അറബികളും ക്രിസ്തുവിനെ അംഗീകരിച്ചിരുന്നെങ്കിൽ മദ്ധ്യപൂർവ്വ ദേശത്തെ പ്രശ്നം ഉടനെ അവസാനിക്കുമായിരുന്നു. യേശുവിനെ സ്വീകരിച്ചാൽ രണ്ടുകൂട്ടരും യഥാർത്ഥ യിസ്രായേൽ ആയിത്തീരും.

പ്രവചനത്തിന്റെ താക്കോൽ കാണുന്നത് യേശുവിലാണ്. ഒരു പ്രത്യേക ദേശത്തല്ല. യോഹന്നാൻ 8:44 "നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്യുവാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു. (നിങ്ങളുടെ പിതാവിനെപ്പോലെ നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു.) അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്ക്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു. അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു".

യേശുക്രിസ്തു അപ്പോസ്തലനായ പൗലോസിനോട് യോജിക്കുന്നു. യേശുവിനെ കൈക്കൊണ്ടവരാണ് ദൈവത്തിന്റെ മക്കൾ. സാത്താൻ യേശുവിനെ വെറുത്തിരുന്നു എങ്കിൽ യേശുവിന് ഉള്ളവരേയും സാത്താൻ എതിർക്കും. അവസാന യുദ്ധം ദൈവമക്കൾക്ക് എതിരെ ആയിരിക്കും. പ്രധാനപ്പെട്ട ഒരു സംഗതി യഹൂദന്മാർ യേശുവിനെ കൈക്കൊള്ളാതിരിക്കുന്നതു കൊണ്ട് അവർ ഇപ്പോൾ തന്നെ സാത്താന്റെ പിടിയിൽ ആണ്. സാത്താനെ സംബന്ധിച്ചിടത്തോളം അവരെക്കുറിച്ച് വിഷമിക്കേണ്ട കാര്യമില്ല. ക്രിസ്തുവിനെ കൂടാതെ രക്ഷ സാധ്യമാവുകയില്ല. യഹൂദന്മാർക്കായി ഒരു രാജ്യം നിലവിൽ വരുത്തി, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം അവർ ആണെന്ന് വരുത്തി തീർക്കുകയാണ് സാത്താൻ ചെയ്യുന്നത്. യേശുവിനെ സ്വീകരിക്കാത്ത ഏതു രാജ്യത്തിൽ നിന്നുള്ളവരായാലും അവർ യിസ്രായേൽ ജനതയെപ്പോലെ തന്നെയാണ്. ഒരു മെക്സിക്കനോ, അമേരിക്കനോ, ഇൻഡ്യക്കാരനോ ആരുതന്നെ ആയിരുന്നാലും ക്രിസ്തുവിനെ കൈക്കൊള്ളാതിരുന്നാൽ അടിമസ്ത്രീയുടെ മകനാണ്. കാരണം അവൻ രണ്ടാമത്തെ ജനനം അനുഭവിച്ചറിഞ്ഞിട്ടില്ല. അത് ആത്മാവിനാലുള്ള ജനനം ആണ്.

അപ്പോസ്തലനായ പൗലോസിനും ഇതേ അനുഭവം ഉണ്ടായിട്ടുണ്ട്. ഫിലി.3:4-8 "പക്ഷെ, എനിക്ക് ജഡത്തിലും ആശ്രയിപ്പാൻ വകയുണ്ട്. മറ്റാർക്കാനും ജഡത്തിൽ ആശ്രയിക്കാം എന്ന് തോന്നിയാൽ, എനിക്ക് അധികം. എട്ടാം നാൾ പരിച്ഛേദന ഏറ്റവൻ. യിസ്രായേൽ ജാതിക്കാരൻ. ബന്ന്യാമിൻ ഗോത്രക്കാരൻ. എബ്രായനിൽ നിന്നു ജനിച്ച എബ്രായൻ. ന്യായപ്രമാണം സംബന്ധിച്ചു പരീശൻ. ശുഷ്ക്കാന്തി സംബന്ധിച്ച്, സഭയെ ഉപദ്രവിച്ചവൻ. ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ". പൗലോസ് നഷ്ടപ്പെട്ടവൻ ആയിരുന്നോ? തന്റെ സ്വന്ത നിർവചനപ്രകാരം അവൻ യിസ്രായേല്യൻ അല്ലായിരുന്നു. കാരണം, പുറമെ ഉള്ളവനല്ല യഹൂദൻ. അകമെ ഉള്ളവനാണ് യഹൂദൻ. വാഗ്ദത്ത പ്രകാരം ഉള്ളവനാണ് യഹൂദൻ.



പൗലോസിന്റെ സ്വന്ത നിർവചനപ്രകാരം അവൻ നഷ്ടപ്പെട്ട് പോയവനാണ്. അവൻ അടിമ ആയിരുന്നു. ഫിലിപ്പ്യർ 3:7- എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു. ഈ സന്ദർഭത്തിൽ അവൻ ഒരു യഥാർത്ഥ യിസ്രായേൽ ആയി മാറി. ക്രിസ്തുവിനെ അറിയുന്നതിനുമുമ്പ് അവൻ പീഡിപ്പിക്കുന്നവൻ ആയിരുന്നു. എന്നാൽ ക്രിസ്തുവിനെ അംഗീകരിച്ചപ്പോൾ സാത്താൻ പറഞ്ഞു: ഇവനെ ഞാൻ വെറുക്കുന്നു. അതിന്റെ ഫലമായി വളരെ പീഡനങ്ങൾ ഏൽക്കേണ്ടതായും വന്നു.

ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ അധികം പറഞ്ഞിട്ടില്ലാത്ത ശിഷ്യൻ ആയിരുന്നു, യോഹന്നാൻ 1-ാം അദ്ധ്യായത്തിൽ കാണുന്ന നഥാനിയേൽ. ഫിലിപ്പോസ് വന്നു പറഞ്ഞു "ഞങ്ങൾ മശിഹായെകണ്ടു". നഥാനിയേൽ ചോദിച്ചു: അവൻ എവിടെനിന്നുള്ളവനാണ്? "നസ്രേയത്തിൽ നിന്നും". നസ്രേയത്തിൽ നിന്നും വല്ല നന്മയും വരുമോ എന്ന് നഥാനിയേൽ ചോദിക്കുന്നു. യേശു നസ്രേയത്തിൽനിന്നുമുള്ളവനാണ് എന്ന് അറിഞ്ഞതിന്റെ ശേഷവും നഥാനിയേൽ ക്രിസ്തുവിനെ അംഗീകരിക്കുന്നത് വളരെ അത്ഭുതമായിരിക്കുന്നു. യോഹ 1:47 "നാഥാനിയേൽ തന്റെ അടുക്കൽ വരുന്നത് യേശുകണ്ടു. ഇതാ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടം ഇല്ല എന്ന് അവനെക്കുറിച്ച് പറഞ്ഞു." യഥാർത്ഥ യിസ്രായേല്യനും അല്ലാത്ത യിസ്രായേല്യനും ഉണ്ട് എന്നാണ് ഈ വാക്യം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. നഥാനിയേൽ യഥാർത്ഥ യിസ്രായേല്യനായി ആണ് യേശു പ്രകീർത്തിച്ചത്. വാക്യം 49 "നഥാനിയേൽ അവനോട് റബ്ബീ നീ ദൈവപുത്രൻ നീ യിസ്രായേലിന്റെ രാജാവ് എന്ന് ഉത്തരം പറഞ്ഞു". നഥാനിയേൽ യേശുവിനെ മശിഹാ ആയി അംഗീകരിച്ചു. അങ്ങനെ യഥാർത്ഥ യിസ്രായേല്യൻ ആയിമാറി.

യോഹന്നാൻ 4-ാം അദ്ധ്യായത്തിൽ യേശുവും ശമര്യസ്ത്രീയും ആയുള്ള സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നു. സ്ത്രീ

യേശുവിനോട് പറയുന്നു. യഹൂദന്മാർ പറയുന്നത് നാം യരുശലേമിലുള്ള വിശുദ്ധ പർവ്വതത്തിൽ ആണ് ആരാധിക്കേണ്ടത് എന്നാണ്. എന്നാൽ ഞങ്ങളുടെ പിതാക്കന്മാർ മുതൽ ഈ മലയിലാണ് നമസ്ക്കരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഒരു മറുപടിയാണ് യേശു കൊടുത്തത്. "സ്ത്രീയെ, എന്റെ വാക്ക് വിശ്വസിക്ക. നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല, യരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു". യേശു എന്താണ് പറഞ്ഞത്? ഇനിയും ഒരു വിശുദ്ധ നഗരവും വിശുദ്ധ പർവ്വതവും വിശുദ്ധ ആലയവും ഇല്ല. എല്ലാം സ്വർഗ്ഗീയ സീനായ് മലയിലേക്കും സ്വർഗ്ഗീയ യരുശലേമിലേക്കും സ്വർഗ്ഗീയ ആലയത്തിലേക്കും മാറ്റപ്പെടുവാൻ പോവുകയാണ്. കൂടാതെ നിങ്ങൾക്ക് അറിയാമോ രണ്ടോ, മൂന്നോ പേർ യേശുവിന്റെ നാമത്തിൽ കൂടിയാൽ അവരുടെ മദ്ധ്യേ യേശു ഉണ്ട് എന്നുള്ളകാര്യം. സീനായ്മല ഇന്ന് എവിടെയാണ്? യേശുഉള്ളേടം ആണ്. യേശു ഉള്ളത് രണ്ടോ മൂന്നോ പേർ അവന്റെ നാമത്തിൽ കൂടിവരുന്നിടത്താണ്. അന്ത്യയുദ്ധം നടക്കുന്നത് യരുശലേമിൽ ആണെങ്കിൽ ആ യരുശലേം യേശു ഉള്ളയിടം ആയിരിക്കും. ഇതിനർത്ഥം അന്ത്യയുദ്ധം ദൈവജനങ്ങളോടാണ് എന്നാണ്. അത് ലോകം മുഴുവനാണ്. ബാബിലോൺ എന്നറിയപ്പെടുന്ന സംഘടനയാണ് ദൈവജനത്തിന് എതിരെ യുദ്ധം ചെയ്യുന്നത്. ബാബിലോണും ലോകവ്യാപകമായ ഒരു സംഘടനയാണ്. അതുകൊണ്ട് അന്ത്യയുദ്ധം അറബികളും യിസ്രായേലും തമ്മിൽ അല്ല. പകരം, ലോകവ്യാപകമായി യേശുവിനെ സ്വീകരിച്ച് അനുസരിക്കുന്നവരും യേശുവിനെ സ്വീകരിച്ചതായി വെറുതെ അവകാശപ്പെടുന്നവരും തമ്മിലാണ്. അങ്ങനെ ഉള്ളവർ അടിമത്വത്തിലാണ്. അവർ സ്വന്ത പ്രവൃത്തികളാൽ രക്ഷനേടുവാൻ ശ്രമിക്കുന്നു.



# 2.

## ലോകാധികാരത്തിനുവേണ്ടിയുള്ള യുദ്ധം

മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം ദൈവം അവരെ അനുഗ്രഹിച്ചു. ഉല്പത്തി 1:28 നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവീൻ എന്ന് അവരോട് കല്പ്പിച്ചു. ഇവിടെ രണ്ട് ആശയങ്ങൾ കാണാം. ഒന്ന് മനുഷ്യന് അധികാരം കിട്ടുന്നു. രണ്ടാമത് ആദാമിന് കിട്ടിയ പ്രദേശം. ദൈവം ആഗ്രഹിച്ചത് ആദാമിന്റെയും ഹവ്വായുടേയും സന്തതികൾ പെരുകി ഒരു വിശുദ്ധ വംശം ഭൂമിയിൽ നിറഞ്ഞ് ദൈവരാജ്യം ഭൂമിയിൽ എങ്ങും വ്യാപിക്കണം എന്നായിരുന്നു. എന്നാൽ പാപവും മരണവും ലോകത്തിൽ പ്രവേശിച്ചു. ലൂക്കോസ് 4:5 ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "പിന്നെ പിശാച് അവനെ മേലോട്ട്കൂട്ടി കൊണ്ട്പോയി ലോകത്തിലെ സകല രാജ്യങ്ങളേയും ക്ഷണനേരത്തിൽ അവനെ കാണിച്ചു. വാക്യം 6. ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കുതരാം അത് എങ്കൽ ഏല്പ്പിച്ചിരിക്കുന്നു...". സാത്താൻ തട്ടിയെടുത്ത അധികാരവും രാജ്യങ്ങളും തിരിച്ചെടുക്കാനാണ് യേശു ഭൂമിയിൽ വന്നത്. അത് താൻ പാപമില്ലാതെ ജീവിച്ചതുവഴിയും സാത്താനെ തോൽപ്പിച്ചതുവഴിയും പാപത്തിനു പരിഹാരം വരുത്തിയതിനാലും സാധിച്ചു.ദൈവീക കോടതിയുടെ മുമ്പിൽ നിയമപരമായി യേശു ഈ ലോകത്തിന്മേൽ അധികാരം ഉള്ളവനായി മാറി. സാത്താൻ ഇന്ന് ലോകരാഷ്ട്രങ്ങളെ നിയന്ത്രിക്കുന്നുണ്ടെങ്കിൽ തന്നെയും ഈ ലോകത്തിന്റെ ഭരണാധികാരി ആയിരുന്ന സാത്താനെ സിംഹാസനത്തിൽനിന്നും നിഷ്കാസനം ചെയ്ത് സിംഹാസനവും

ഭൂമിയും തിരിച്ചുപിടിച്ചത് ക്രൂശിലെ തന്റെ മരണത്താൽ ആണ്. വെളിപ്പാട് 12:10,12 "അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടത് ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിക്കളഞ്ഞുവല്ലോ". എപ്പോഴാണ് തള്ളിക്കളഞ്ഞത് എന്ന് യോഹന്നാൻ 12:3-ൽ കാണാം. ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തുതള്ളിക്കളയും എന്ന് യേശു പറഞ്ഞു. ക്രൂശിലെ മരണത്താൽ ഈ ലോകത്തിന്റെ പ്രഭുവായ സാത്താനെ പുറത്തേക്ക് തള്ളിക്കളഞ്ഞു. വെളിപ്പാട് 12:12. പിശാച് തനിക്ക് അല്പകാലമേ ഉള്ളൂ എന്ന് അറിഞ്ഞ് മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കലേക്ക് ഇറങ്ങി വന്നിരിക്കുന്നു. യുദ്ധം തുടങ്ങുകയാണ്. നന്മയും തിന്മയും തമ്മിലുള്ള അവസാന പോരാട്ടത്തിൽ യുദ്ധം എത്തിയിരിക്കുന്നു.

ദാനിയേലിലേയും വെളിപാടിലേയും പ്രവചനങ്ങൾ ചരിത്രത്തിൽ നിവർത്തിയായത് പഠിക്കുമ്പോഴും ഈ പോരാട്ടത്തിന്റെ ഗതി ഗ്രഹിക്കാവുന്നതാണ്. ഈ മഹത്തായ പ്രവചനങ്ങളിൽ ചരിത്രപരമായ ഒരു ഒഴുക്ക് നാം കാണുന്നു. കൂടാതെ പ്രവചന നിവൃത്തി ആരംഭിക്കുന്നത് എഴുതിയ പ്രവാചകന്റെ കാലം മുതലാണ്. ഈ പ്രവചനങ്ങൾ പടിപടിയായി നിവർത്തിച്ചുകൊണ്ട് യേശു തന്റെ രാജ്യം സ്ഥാപിക്കുന്നതുവരെ ചെന്നെത്തുന്നു. ഇതിനിടയിൽ വിടവുകൾ ഒന്നും വരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

ദാനിയേൽ രണ്ടാമദ്ധ്യായത്തെകുറിച്ച് പ്രസംഗിക്കുന്നവർ ആ അദ്ധ്യായത്തിന്റെ ആദ്യപകുതിയെക്കുറിച്ച് വളരെ കുറച്ചുമാത്രമേ പറയാറുള്ളൂ. അവിടെയും ചില പ്രധാന കാര്യങ്ങൾ ഉണ്ട്. ദാനിയേൽ 2:29 "രാജാവേ, ഇനിമേൽ സംഭവിക്കാനിരിക്കുന്നത് എന്തെന്നുള്ള വിചാരം പള്ളിമെത്തയിൽവെച്ച് തിരുമനസ്സിൽ ഉണ്ടായി. രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ സംഭവിക്കാനിരിക്കുന്നത് അറിയിച്ചുമിരിക്കുന്നു".



തന്റെ രാജ്യത്തിന് മേലിൽ എന്തു സംഭവിക്കും എന്ന ചിന്ത രാജാവിന് ഉണ്ടായത് ദൈവം വായിച്ചറിഞ്ഞു. ഒരു സ്വപ്നം കൊടുത്ത് രാജാവിന്റെ ഉത്ക്കണ്ഠയ്ക്ക് ദൈവം മറുപടി കൊടുക്കുകയാണ്. മനുഷ്യന്റെ ഹൃദയവിചാരങ്ങളെ എല്ലാം ദൈവത്തിനറിയാം. നെബുഖദ്നേസർ ഉണർന്നപ്പോൾ സ്വപ്നം മറന്നുപോയിരുന്നു. അതു യാദൃച്ഛികമായി സംഭവിച്ചതല്ല ദൈവം കൊടുത്ത മറവിയാണ്. മറന്നെങ്കിലേ സ്വപ്നം പറയുവാൻ മന്ത്രവാദികളേയും ആഭിചാരകന്മാരേയും വിളിക്കുമായിരുന്നുള്ളൂ. അങ്ങനെ നെബുഖദ്നേസർ തന്റെ അറിവിലുള്ള എല്ലാവരേയും വിളിച്ചു വരുത്തി, താൻകണ്ട സ്വപ്നം പറവാൻ ആവശ്യപ്പെട്ടു. ദാനിയേൽ 2:10. കൽദയർ രാജസന്നിധിയിൽ ഉത്തരം ബോധിപ്പിച്ചത് രാജാവിന്റെ കാര്യം അറിയിപ്പാൻ കഴിയുന്ന ഒരു മനുഷ്യനും ഭൂമിയിൽ ഇല്ല. എത്രയും മഹാനും ബലവാനുമായ ഏതൊരു രാജാവും ഇങ്ങനെയുള്ള കാര്യം ഒരു മന്ത്രവാദിയോടോ ആഭിചാരകരോടൊ കൽദയരോടൊ ഒരിക്കലും ചോദിച്ചിട്ടില്ല. ദൈവം ആണ് മറവികൊടുത്തത്. നെബുഖദ്നേസർ മേൽപറഞ്ഞവരെ എല്ലാം സ്വപ്നത്തിന്റെ അർത്ഥം പറയുവാൻ വിളിച്ചുവരുത്തും എന്നും അത് അവരാൽ സാധ്യമാകയില്ലെന്നും ദൈവം അറിഞ്ഞിരുന്നു. അതോടൊപ്പം ബാബിലോൺ മതം ആശ്രയിക്കാൻ സാധിക്കാത്ത ഒന്നാണ് എന്ന് ദൈവം വെളിപ്പെടുത്തുന്നു. കൂടാതെ സാത്താന് നമ്മുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയില്ലെന്നും നാം അറിയുന്നു. മനസ്സിലാക്കിയിരുന്നുവെങ്കിൽ കൽദയരെകൊണ്ടു സാത്താൻ അത് പറയിപ്പിക്കുകയും രാജാവിന്റേയും ജനങ്ങളുടേയും വിശ്വാസീയത ഉറപ്പിക്കുകയും ചെയ്യുമായിരുന്നു. ഏതു പ്രശ്നത്തിനും രാജാവ് അവരിൽ ആശ്രയിക്കുമായിരുന്നു. ഈ സംഭവകഥയുടെ നിയന്ത്രണം ദൈവകരങ്ങളിൽ ആയിരുന്നു.

ദാനിയേൽ 2:11. "രാജാവ് ചോദിക്കുന്ന കാര്യം പ്രയാസം ഉള്ളതാകുന്നു. തിരുമുമ്പിൽ അത് അറിയിപ്പാൻ ജഡവാസമില്ലാത്ത ദേവന്മാർക്കാല്ലതെ മറ്റാർക്കും കഴികയില്ല". തങ്ങളുടെ മതം നശിച്ചു

പോയതാണെന്ന് അവർ ഇപ്പോൾ അംഗീകരിക്കുന്നു. രഹസ്യങ്ങളെ സൂക്ഷിക്കുന്ന ദൈവങ്ങൾ ജഡത്തിൽ വസിക്കുന്ന തങ്ങളെ കരുതാത്തവൻ ആണ് എന്നും ജഡത്തിൽ വസിക്കുവാൻ കഴിയാത്ത ദൈവങ്ങക്കു മാത്രമെ ഇത് അറിയിപ്പാൻ കഴികയുള്ളൂ എന്നും അവർ പറഞ്ഞു. ഇത് വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവത്തിൽ നിന്നും വളരെ വിഭിന്നമാണ്. യോഹന്നാൻ1:14 വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നും ഏകജാതനായവന്റെ തേജസ്സായി കണ്ടു. വേദപുസ്തകം പറയുന്നത് ദൈവം ആശയവിനിമയം നടത്തുന്ന ദൈവം ആണെന്ന്. ആശയവിനിമയം ചെയ്യാൻ ദൈവം മനുഷ്യരൂപം എടുക്കുകപോലും ചെയ്തു. ഈ ദൈവവും ബാബിലോണിലെ ദൈവങ്ങളുമായി എന്തൊരു വൈരുദ്ധ്യം!

ദാനിയേൽ 2-ാം അദ്ധ്യായത്തിലെ കളിയും മറുകളിയും ഞാനിവിടെ പറയാൻ ഉദ്ദേശിക്കുന്നു. ഇതു ഹേതുവായിട്ട് രാജാവ് കോപിച്ചു. അത്യന്തം ക്രൂദ്ധിച്ച് ബാബിലോണിലെ സകല വിദ്വാന്മാരെയും നശിപ്പിപ്പാൻ കല്പന കൊടുത്തു. ഈ വിദ്വാന്മാരെ എല്ലാം കൊല്ലണമെന്ന് രാജാവിന്റെ ഉള്ളിൽ ചിന്തിപ്പിച്ചത് സാത്താനാണ്. അങ്ങനെ വിദ്വാന്മാരെ കൊല്ലുവാൻ തീർപ്പ് പുറപ്പെട്ടു. അവർ ദാനിയേലിനേയും കൂട്ടുകാരെയും കൂടെ കൊല്ലുവാൻ അന്വേഷിച്ചു. യഥാർത്ഥത്തിൽ ദാനിയേലിനും കൂട്ടുകാർക്കും ഈ സംഭവത്തിൽ യാതൊരു പങ്കും ഉണ്ടായിരുന്നില്ല. അവർ കൽദയരുടെ മന്ത്രവാദമോ, ആഭിചാരമോ ചെയ്യുന്നവരും അല്ലായിരുന്നു. പക്ഷേ അവരെ കൊല്ലുവാൻ സാത്താൻ തീരുമാനിച്ചു. അവന്റെ ഈ പദ്ധതിക്കു കാരണം ഒന്നാം അദ്ധ്യായത്തിൽ ആഹാരത്തിന്റെ കാര്യത്തിൽ അവർ ദൈവത്തോട് വിശ്വസ്തർ ആയിരുന്നതുകൊണ്ടാണ്. ദൈവം തിന്നരുതെന്ന് വിലക്കിയിട്ടുള്ള രാജാവിന്റെ ഭോജനംകൊണ്ടും രാജാവ് കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കയില്ല എന്ന് അവർ നിശ്ചയിച്ചു. ഇതൊരു പ്രത്യേകതയുള്ള പ്രശ്നം ആണെന്ന് സാത്താൻ മനസ്സിലാക്കി. സാത്താൻ അവരെ നശിപ്പിച്ചേ പറ്റൂ. അതുകൊണ്ട് സാത്താൻ രാജാവിൽ



സ്വാധീനം ചെലുത്തി, വിദ്വാന്മാരെ കൊല്ലുവാൻ പ്രേരിപ്പിച്ചു. ആക്കൂടെ ദാനിയേലും കൂട്ടുകാരും കൊല്ലപ്പെടും എന്ന് അവൻ പ്രതീക്ഷിച്ചു. പക്ഷേ, എല്ലാറ്റിന്റേയും അവസാനം നേരത്തെ കാണുന്നവൻ ദൈവം ആണ്. വിദ്വാന്മാരെ കൊല്ലുവാനുള്ള നെബുഖദ്നേസറിന്റെ ആജ്ഞ ദാനിയേലിനെ ആ രാജ്യത്തിലെ പ്രധാനി ആക്കുവാൻ കാരണമായി. ഇവിടെ നടന്ന സംഭവങ്ങളിൽ പിശാചിന്റെ കളിയും ദൈവത്തിന്റെ മറുകളിയും നമുക്ക് കാണാൻ കഴിയും. പിന്നിൽ ഒരു വടംവലി നടക്കുന്നതുപോലെ തോന്നുന്നു. ദാനിയേൽ രണ്ടാം അദ്ധ്യായത്തിലെ സംഭവങ്ങളുടെ അളവ് നാം കാണുന്നത് അദൃശ്യലോകത്ത് യേശുവും സാത്താനും തമ്മിൽ നടക്കുന്ന പോരാട്ടത്തിന്റെ ചില പ്രതിഫലനങ്ങൾ മാത്രമായിട്ടാണ്. നെബുഖദ്നേസറിനേയും ബാബിലോണിനേയും രക്ഷിക്കുവാൻ ദൈവം ശ്രമിക്കുമ്പോൾ സാത്താൻ അത് നശിപ്പിക്കുവാൻ ശ്രമിക്കുന്നു.

ഏവർക്കും സുപരിചിതമായ ഒരു വാക്യമാണ് ആമോസ് 3:7. യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല. വേദപുസ്തകത്തിലെ ദൈവം ഭാവിയെ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ദൈവമാണ്. ദാനിയേൽ 2:17. പിന്നെ ദാനിയേൽ വീട്ടിൽ ചെന്നു. താനും കൂട്ടുകാരും ബാബേലിലെ ശേഷം വിദ്വാന്മാരോടു കൂടെ നശിച്ചുപോകാതിരിക്കേണ്ടതിന് ഈ രഹസ്യങ്ങളെക്കുറിച്ച് സ്വർഗസ്ഥനായ ദൈവത്തിന്റെ കരുണ അപേക്ഷിപ്പാൻ തക്കവണ്ണം കൂട്ടുകാരായ ഹനന്യാവോടും മീശായേലിനോടും അസര്യാവോടും കാര്യം അറിയിച്ചു. അങ്ങനെ ആ രഹസ്യം ദാനിയേലിനു രാത്രി ദർശനത്തിൽ വെളിപ്പെട്ടു. ദാനിയേൽ സ്വർഗ്ഗസ്ഥനായ ദൈവത്തെ സ്തുതിച്ചു.

ദൈവ ഉദ്ദേശം മനസ്സിലാക്കാൻ ദാനിയേൽ തിരെഞ്ഞെടുത്ത വഴി ഏതാണ്? അത് നക്ഷത്രഫലം നോക്കിയല്ല. ലക്ഷണം പറയുന്നവന്റെ അടുക്കൽ ചെന്നല്ല. ആഭിചാരകന്റെയൊ മുഹൂർത്തക്കാരന്റെയൊ പ്രശ്നക്കാരന്റെയൊ അടുക്കൽ പോയില്ല. വേദപുസ്തകം പറയുന്നത്

ദാനിയേൽ പ്രാർത്ഥനയിലൂടെ സ്വർഗ്ഗീയ ദൈവത്തിന്റെ അടുക്കലേക്ക്
ചെന്നു എന്നാണ്. അങ്ങനെ സ്വർഗ്ഗസ്ഥനായ ദൈവം തന്റെ രഹസ്യ
ങ്ങളെ ദാനിയേലിനു വെളിപ്പെടുത്തിക്കൊടുത്തു. ഇന്നത്തെ ഏതെ
ങ്കിലും ടെലിവിഷൻ പ്രസംഗകനായിരുന്നെങ്കിൽ ഈ അത്ഭുതം നട
ന്നതിന്റെ എല്ലാ മഹത്വവും സ്വയം ഏറ്റെടുക്കുമായിരുന്നു. രാജാ
വിന്റെ മുമ്പിൽനിന്ന് സംസാരിക്കുമ്പോൾ മുഴുവൻ മഹത്വവും ദൈവ
ത്തിനർപ്പിച്ചുകൊണ്ടാണ് ദാനിയേൽ സംസാരിച്ചത് എന്നത് ശ്രദ്ധേയം
ആണ്. ദാനിയേൽ 2:27,28. ദാനിയേൽ രാജസന്നിധിയിൽ ഉത്തരം
ബോധിപ്പിച്ചത്:- രാജാവ് ചോദിച്ച ഗുപ്തകാര്യം വിദ്വാന്മാർക്കും ആഭി
ചാരകൻമാർക്കും മന്ത്രവാദികൾക്കും ശകുനവാദികൾക്കും രാജാവിനെ
അറിയിപ്പാൻ കഴിയുന്നതല്ല. എങ്കിലും രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന
ഒരു ദൈവം സ്വർഗ്ഗത്തിലുണ്ട്. അവൻ ഭാവികാലത്ത് സംഭവിപ്പാനിരി
ക്കുന്നത് നെബുഖദ്നെസർ രാജാവിനെ അറിയിച്ചിരിക്കുന്നു.
സ്വപ്നവും പള്ളിമെത്തയിൽ വെച്ച് തിരുമനസ്സിൽ ഉണ്ടായ ദർശന
ങ്ങളും ആവിത്. തുടർന്ന് ദാനിയേൽ സ്വപ്നം വിവരിച്ചു. ദാനിയേൽ
2:31-35 രാജാവു കണ്ട ദർശനമോ വലിയൊരു ബിംബം. വലിപ്പമേറി
യതും വിശേഷശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു.
അതിന്റെ രൂപം ഭയങ്കരവുമായിരുന്നു. ബിംബത്തിന്റെ തല തങ്കം
കൊണ്ടും നെഞ്ചും, കൈയും വെള്ളികൊണ്ടും, വയറും അരയും താമ്രം
കൊണ്ടും, തുട ഇരുമ്പുകൊണ്ടും കാൽപാതി ഇരുമ്പുകൊണ്ടും പാതി
കളിമണ്ണുകൊണ്ടും ആയിരുന്നു. തിരുമനസ്സുകൊണ്ട് നോക്കിക്കൊണ്ടി
രിക്കുമ്പോൾ കൈതൊടാതൊരു കല്ല് പറിഞ്ഞു വന്ന് ബിംബത്തിന്റെ
ഇരുമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടുള്ള കാലിൽ അടിച്ച്
തകർത്ത് കളഞ്ഞു. ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും
ഒരുപോലെ തകർന്ന് വേനൽക്കാലത്തെ കളത്തിലെ പതിർപോലെ
ആയി. ഒരിടത്തും താങ്ങാതെവണ്ണം കാറ്റ് അവയെ പറപ്പിച്ചുകൊണ്ടു
പോയി. ബിംബത്തെ അടിച്ച കല്ല് ഒരു മഹാ പർവ്വതമായി തീർന്നു.
ഭൂമിയിൽ ഒക്കെയും നിറഞ്ഞു. സ്വപ്നത്തിന്റെ അർത്ഥവും ദാനിയേൽ
നൽകി. വേദപുസ്തകം പഠിപ്പിക്കുന്നത് ആദിയിൽ തന്നെ അവസാ



നവും എന്തെന്ന് ദൈവത്തിന് പറയുവാൻ കഴിയും എന്നാണ്. യെശയ്യ
46:9,10 ൽ പറയുന്നത് ആരംഭത്തിൽ തന്നെ അവസാനവും ദൈവ
ത്തിന് അറിയാം എന്ന്. അതിന്റെ ഒരു ഉദാഹരണം നാം ഇവിടെ
കാണുന്നു. ദാനിയേൽ 2:37 മുതൽ സ്വപ്നത്തിന്റെ അർത്ഥം കാണാം.
രാജാവേ തിരുമനസ്സുകൊണ്ട് രാജാധിരാജാവാകുന്നു. നല്ല
സൈനീകശേഷി ഉള്ളതുകൊണ്ടോ ബുദ്ധിമാനോ യോദ്ധാവോ ആയ
തുകൊണ്ടോ, നല്ല യുദ്ധോപകരണങ്ങൾ ഉണ്ടായതുകൊണ്ടോ അല്ല
നെബുഖദ്നേസർ രാജാധിരാജാവായത്, ദാനിയേൽ പറയുന്നു:
"ദൈവം തിരുമനസ്സിലേക്ക് രാജത്വവും ഐശ്വര്യവും ശക്തിയും മഹ
ത്വവും നൽകിയിരിക്കുന്നു. മനുഷ്യർ പാർക്കുന്നേടത്തൊക്കെയും അവ
രെയും കാട്ടിലെ മൃഗങ്ങളെയും ആകാശത്തിലെ പക്ഷികളേയും അവൻ
തൃക്കയ്യിൽ തന്നു. എല്ലാറ്റിനും തിരുമനസ്സിലെ അധിപതി ആക്കിയി
രിക്കുന്നു". ദൈവം രാജാവാക്കിയതുകൊണ്ടു മാത്രമാണ് നെബുഖ
ദ്നേസർ രാജാവായിരിക്കുന്നത്". കൂടാതെ 2:21 ൽ പറഞ്ഞിരിക്കുന്നത്
ദൈവം രാജാക്കന്മാരെ നീക്കുകയും വാഴിക്കയും ചെയ്യുന്നു എന്ന്.
അതുകൊണ്ട് മനുഷ്യ ചരിത്രത്തെ മുഴുവനും നിയന്ത്രിക്കുന്നതും
സിംഹാസനത്തിൽ ഇരുന്നുകൊണ്ട് നിത്യമായി ഭൂമിയിലെ സംഭവ
ങ്ങളെ നയിക്കുന്നതും ദൈവമാണ്. 38-ാം വാക്യത്തിൽ പൊന്നുകൊണ്ടു
തല തിരുമനസ്സുകൊണ്ടു തന്നെ എന്നു പറഞ്ഞാൽ നെബുഖദ്നേസ
റിന്റെ രാജ്യത്തെ ആണ് പൊന്നുകൊണ്ടുള്ള തല പ്രതിനിധീകരിക്കു
ന്നത്. ചരിത്രത്തിൽ സ്വർണ്ണ സാമ്രാജ്യമാണ്. അതിന്റെ കാലയളവ് B
C605 മുതൽ B C539 വരെ അയിരുന്നു. 2:39 തിരുമനസ്സിലെ ശേഷം
തിരുമേനിയേക്കാൾ താണതായ മറ്റൊരു രാജത്വവും ഉത്ഭവിക്കും.
താഴോട്ട് താഴോട്ട് മൂല്യം കുറഞ്ഞ ലോഹങ്ങൾ ആണ് സ്വപ്നത്തിലെ
ബിംബത്തിന് ഉണ്ടായിരുന്നത് ബാബിലോണിനു ശേഷം ഉത്ഭവിച്ച
രാജ്യം ഏതാണെന്ന് ചരിത്ര പുസ്തകങ്ങളിൽ കാണാം. ദാനിയേൽ
5-ാം അദ്ധ്യായത്തിലും അത് പറയുന്നുണ്ട്. അവിടെ മേദ്യർ-പാർസി
കൾ എന്ന് പറഞ്ഞിരിക്കുന്നു. വേദപുസ്തകം പറഞ്ഞിരിക്കുന്നതിനെ

ചരിത്രം പിൻതാങ്ങുകമാത്രമാണ് ചെയ്യുന്നത്. മേദ്യാ- പേർഷ്യൻ സാമ്രാജ്യം B C539 മുതൽ B C331 വരെ ആയിരുന്നു. അതിനുശേഷം സർവ്വഭൂമിയിലും വാഴുവാനിരിക്കുന്നതായി താമ്രംകൊണ്ടുള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും. ദാനിയേൽ 8-ാം അദ്ധ്യായത്തിൽ മേദ്യർ പേർഷ്യക്കുശേഷം യവനരാജ്യം (ഗ്രീസ്) വരുന്നതായി പറഞ്ഞിരിക്കുന്നു. ചരിത്രം അതു പിൻതാങ്ങുന്നു. അത് B C331 മുതൽ B C168 വരെ ആയിരുന്നു. ദാനിയേൽ 2:40 നാലാമത്തെ രാജത്വം ഇരുമ്പുപോലെ ബലം ഉള്ളതായിരിക്കും. ഇരുമ്പ് സകലത്തേയും തകർത്ത് കീഴടക്കുന്നുവല്ലോ. തകർക്കുന്ന ഇരുമ്പുപോലെ അത് അവയെ ഒക്കെയും ഇടിച്ചു തകർത്ത്കളയും. ദാനിയേൽ 2-ാം അദ്ധ്യായത്തിലും 8-ാം അദ്ധ്യായത്തിലും ആയി 3 രാജ്യങ്ങളുടെ പേര് പറഞ്ഞിരിക്കുന്നു. അവ ബാബിലോൺ, മോദ്യോ പേർഷ്യാ യവന സാമ്രാജ്യങ്ങൾ ആണ് എന്നതിന് തർക്കമൊന്നും ഇല്ല. എന്നാൽ യവനരാജ്യത്തെ കീഴടക്കിയ രാജ്യം റോമ ആണ്. ചരിത്രം അതു പറയുന്നു. റോമിന്റെ പേര് പ്രവചനത്തിൽ പറഞ്ഞിട്ടില്ല. എന്നാൽ ഈ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ശക്തികളെ ഒരു ചങ്ങലപോലെ ബന്ധിച്ച് കാണപ്പെട്ടിരിക്കുന്നു. കൂടാതെ റോമാസാമ്രാജ്യാത്തിലെ പ്രധാന എഴുത്തുകാരനായിരുന്ന എഡ്വേർഡ് ഗിബൺ റോമാസാമ്രാജ്യത്തിന്റെ നാശത്തേയും പതനത്തേയും കുറിച്ച് എഴുതിയിരിക്കുന്ന പുസ്തകങ്ങളിൽ അദ്ദേഹം റോമിനെ ഇരുമ്പ് സാമ്രാജ്യം എന്നു പറഞ്ഞിരിക്കുന്നു. ഇരുമ്പുകൊണ്ട് നിർമിച്ച യുദ്ധോപകരണങ്ങൾ ഉപയോഗിച്ച് ശത്രുക്കളെ കരുണയില്ലാതെ കൊന്നൊടുക്കിയിരിക്കുന്നു. അതുകൊണ്ട് ഈ നാലാമത്തേത് റോമാസാമ്രാജ്യം ആണ്. ദാനിയേൽ 2:41 "കാലും കാൽ വിരലുകളും പാതി കളിമണ്ണും പാതി ഇരുമ്പും കൊണ്ട് ഉള്ളതായി കാണപ്പെട്ടതിന്റെ താല്പര്യമോ അത് ഒരു ഭിന്ന രാജ്യം ആയിരിക്കും. എങ്കിലും ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരിമ്പിനുള്ള ബലം കുറെ ഉണ്ടായിരിക്കും." കാൽ ഇരുമ്പുകൊണ്ടുള്ളതാണ്. ഇരുമ്പ് എന്നത് റോം ആണ്. കാൽ വിരലുകളിലും ഇരുമ്പ് കാണപ്പെടുന്നു. റോം തുടരുന്നതായി കാണാം. എന്നാൽ റോം ഇവിടെ



ഭിന്നിപ്പിച്ച അവസ്ഥയിലാണ്. കാലിലെ പത്തു വിരലുകൾ, ഇവിടെ നിന്നും ഉണ്ടാകുന്ന പത്ത് രാജ്യങ്ങൾ ആണ്. മറ്റു രാജ്യങ്ങളിൽ നിന്ന് ഇവ വ്യത്യസ്ഥമായിരിക്കും. ഇത് കളിമണ്ണുമായി ഇടകലർന്നിരിക്കും. ഈ അവസ്ഥയിലും അതൊരു ഇടകലർന്ന റോമാസാമ്രാജ്യം ആയിരിക്കും. റോമിന്റെ ഇരുമ്പാകുന്ന രാഷ്ട്രീയ ശക്തി തുടരുന്നു.

ചരിത്രത്തിലേക്ക് നോക്കാം - A.D 476-ൽ റോമാസാമ്രാജ്യം തകർന്നപ്പോൾ അവസാന ചക്രവർത്തിയായ റോമുലസ് അഗസ്റ്റലസ് നിഷ്കാസനം ചെയ്യപ്പെട്ടു. പിന്നീട് റോമിന് ചക്രവർത്തിമാർ ഉണ്ടായിരുന്നില്ല. വടക്കുനിന്നും ബാർബേറിയന്മാർ കയറി റോമാസാമ്രാജ്യത്തിന്റെ ഭാഗങ്ങൾ കൈവശപ്പെടുത്തി. അവർ പത്ത് വിഭാഗക്കാർ ആയിരുന്നു. അവർ ഉണ്ടാക്കിയ രാജ്യങ്ങൾ അൽമാനി, ഓസ്ട്രഗോഢ്സ്, വിസിഗോഢ്സ്, ഫ്രാങ്ക്സ്, വാൻഡൽസ്, സ്യൂവി, ബെർഗുണ്ടിയൻസ്, ഹെറൂളി, ആംഗ്ലോ - സ്ക്സൺസ്, ലംബാഡ്സ് എന്നിവ ആയിരുന്നു. ഇവ ഇന്നത്തെ ഫ്രാൻസ്, ജർമ്മനി, സ്പെയിൻ, പോർട്ടുഗീസ്, ഇംഗ്ലണ്ട് ആദിയായ പേരിൽ അറിയപ്പെടുന്നു. റോമാ സാമ്രാജ്യത്തിൽ ഒരു ഭാഷയാണ് ഉണ്ടായിരുന്നത്. എന്നാൽ റോം വിഭജിക്കപ്പെട്ടപ്പോൾ ഫ്രെഞ്ച്, ജർമ്മൻ, സ്പെയിൻ, പോർച്ചുഗീസ് മുതലായ പല ഭാഷകൾ ഉണ്ടായി.

സ്വർണ്ണം, വെള്ളി, താമ്രം, ഇരുമ്പ് എന്നിവയെല്ലാം കൃത്യമായി സാമ്രാജ്യങ്ങളുടെ അടയാളമായിരുന്നു എങ്കിൽ കളിമണ്ണും ഒരു അടയാളമാണ്. അത് എന്താണ് എന്ന് വേദപുസ്തകം തന്നെ വിശദീകരിക്കട്ടെ. യിരെമ്യാവ് 18:1-6 "യഹോവയിങ്കൽ നിന്ന് യിരെമ്യാവിന് ഉണ്ടായ അരുളപ്പാട് എന്തെന്നാൽ, നീ എഴുന്നേറ്റ് കുശവന്റെ വീട്ടിലേക്ക് ചെല്ലുക. അവിടെ വെച്ച് ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും. അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിൻമേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായി പോയി." ഇത് പ്രതിനിധീകരിക്കുന്നത് നെബുഖദ്നേസർ വന്ന് യിസ്രയേലിനെ അടിമകളായി പിടിച്ചതിനെ ആണ് - യിസ്രയേൽ തകർന്നുപോയി - എന്നാൽ

കുശവൻ അതിനെ തനിക്ക് തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിതീർത്തു. അല്ലെങ്കിൽ ദൈവം യിസ്രായേലിനെ അവരുടെ സ്ഥലത്തേക്ക് മടക്കി വരുത്തി. "യിസ്രായേൽ ഗൃഹമേ, കളിമണ്ണ് കുശവന്റെ കൈയ്യിൽ ഇരുന്നതുപോലെ നിങ്ങൾ എന്റെ കൈയ്യിൽ ഇരിക്കുന്നു". പഴയ നിയമത്തിൽ കളിമൺ പാത്രം പ്രതിനിധീകരിക്കുന്നത് ദൈവജനത്തെ ആണ്. പഴയ നിയമസഭ ആയ യിസ്രായേലിനെ പ്രതിനിധീകരിക്കുന്നു - അത് വ്യക്തമാണ്.

യെശയ്യാ 64:8 ലെ കുശവന്റെ കളിമണ്ണ് എന്നത് സൃഷ്ടിപ്പിനെ സൂചിപ്പിക്കുന്നു. - എങ്കിലോ യഹോവേ, നീ ഞങ്ങളുടെ പിതാവ്: ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രെ." ഈ വാക്യപ്രകാരം കളിമണ്ണുകൊണ്ട് നമ്മുടെ ശരീരമാണ് ഉണ്ടാക്കിരിക്കുന്നത്. അവനാണ് നമ്മുടെ പിതാവ്, അവനാണ് കുശവൻ. നാം അവന്റെ കയ്യിലെ കളിമണ്ണും ആണ്. ഉല്പത്തി 2:7- ൽ "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹി ആയിത്തീർന്നു." പൊടി എന്നത് കളിമണ്ണ് ആണെന്ന് യശയ്യാവ് 64ന്റെ 8ൽ വ്യക്തമാണ്. കുശവൻ കളിമണ്ണുകൊണ്ട് ശരീരം ഉണ്ടാക്കിയിട്ട് ജീവശ്വാസം ശരീരത്തിലേക്ക് ഊതിയപ്പോൾ അവയവങ്ങൾക്ക് ജീവൻ ലഭിച്ചിട്ട് അവ ഒരുമിച്ച് പ്രവർത്തിക്കാൻ തുടങ്ങി - യിസ്രായേലിനെ കളിമണ്ണിനോട് സാദൃശീകരിച്ചിരിക്കുന്നു. പഴയനിയമകാലത്തുള്ള യിസ്രായേൽ ദൈവത്തിന്റെ ആത്മീക ശരീരം ആയിരുന്നു. കളിമണ്ണിൽ നിന്ന് സൃഷ്ടിച്ച് ദൈവം ജീവനെ കൊടുത്തു. അങ്ങനെ അവർക്ക് ദൈവജനമെന്ന നിലയിൽ, സഭയെന്ന നിലയിൽ പ്രവൃത്തിക്കുവാൻ കഴിഞ്ഞു.

ഇനിയും ഇതുമായി ബന്ധപ്പെട്ട് പുതിയനിയമത്തിൽ എന്താണ് കാണുന്നത്? കൊലൊസ്യർ 1ന്റെ 18-ൽ പുതിയ നിയമസഭയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പഴയ നിയമ സഭയായ യിസ്രായേലിനെക്കുറിച്ച് ഇനിയും പറയുന്നില്ല. "അവൻ സഭയെന്ന ശരീരത്തിന്റെ തലയും ആകുന്നു". ആരാണ് സഭയെ ഉണ്ടാക്കിയത്? യേശു പറഞ്ഞു, "ഈ പാറ



മേൽ ഞാൻ എന്റെ സഭയെ പണിയും". ആദ്യശിഷ്യന്മാരെ വിളിച്ചതും പുതിയനിയമ സഭയിലേക്ക് വന്നവരെ സുവിശേഷം പഠിപ്പിച്ചതും യേശുതന്നെ ആണ്. പെന്തകോസ്ത് ദിവസം അവരെല്ലാം ഒരുമനപ്പെട്ട് കൂടിവന്ന് പ്രാർത്ഥിച്ചു. ശരീരത്തിന്റെ അവയവങ്ങൾ എല്ലാം ഉണ്ടായിരുന്നിട്ടും പ്രവർത്തിക്കാനുള്ള ഊർജ്ജം ഉണ്ടായിരുന്നില്ല. അതിന് ജീവശ്വാസം വേണമായിരുന്നതുപോലെ പരിശുദ്ധാത്മാവിനാൽ സഭക്ക് ആത്മീക ജീവൻ ഉണ്ടായി, അത് പ്രവർത്തിക്കുവാൻ തുടങ്ങി. അത് കൊണ്ട് മനുഷ്യനെ നിർമ്മിച്ച കളിമണ്ണ് സൂചിപ്പിക്കുന്നത് യേശുക്രിസ്തു സ്ഥാപിച്ച ആത്മീക സഭയെ ആണ്. ദാനിയേൽ 2-ാം അദ്ധ്യായത്തിലെ കാൽവിരലുകൾ സഭയുമായി കൂടിക്കലർന്ന ഒരു രാഷ്ട്രീയ റോമിനെ ആണ് പ്രതിനിധീകരിക്കുന്നത്.

ഈ പ്രവചനം വേദപുസ്തക പ്രവചനങ്ങളുടെ ഒരു രൂപരേഖ ആണ്. എല്ലാം ഇതിൽ നിന്നുമാണ് പണിയപ്പെട്ടിരിക്കുന്നത്. പ്രവചനത്തിന്റെ പ്രധാന നട്ടെല്ല് ആണ് ഇത്. അതു കൊണ്ട് ഇത് വളരെ പ്രധാനപ്പെട്ടതാണ്. പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾ ഇന്ന് നടമാടുന്നുണ്ട്. എന്നാൽ വചനത്തിന്റെ പിൻബലമില്ലാത്ത വ്യാഖ്യാനങ്ങൾ മറ്റ് വാക്യങ്ങളുമായി ഒത്തു നോക്കുമ്പോൾ നിലനില്പ് ഇല്ലാത്തതായി മാറുന്നു.

കൈതൊടാതെ ഒരു കല്ല് പറിഞ്ഞു വന്നത് ആരെ കുറിക്കുന്നു? പർവ്വതത്തിൽ നിന്നാണ് പറിഞ്ഞത് എന്ന് 45-ാം വാക്യം പറയുന്നു. ആ കല്ലിനെ വിശ്വസിക്കാത്തവരെ ആ കല്ല് തകർത്തു കളയും. മത്തായി 21:42, 44 - യേശു അവരോട്: "വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇത് കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവും ആയിരിക്കുന്നു എന്ന് നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നു പോകും - അത് ആരുടെമേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും" എന്ന് പറഞ്ഞു. നിങ്ങൾക്ക് യേശുവിനെ സ്വീകരിക്കാം. നിങ്ങളുടെ ഹൃദയം തകരാം. മാനസാന്തരം ഉണ്ടാകാം.

എന്നാൽ അങ്ങനെ സംഭവിച്ചില്ലായെങ്കിൽ കല്ല് നിങ്ങളുടെ മേൽ വീണ് നിങ്ങളെ നശിപ്പിക്കും. ഇവിടെ ശക്തമായ ഒരു മുന്നറിയിപ്പാണ് ദൈവം വേദപുസ്തകത്തിൽ തന്നിരിക്കുന്നത്. ആ കല്ല് യേശു ആണ്. "കൈപ്പണി അല്ലാത്ത" എന്ന പ്രയോഗം എബ്രായർ 9:11 – ൽ ഉണ്ട്. അവിടെ കൂടാരത്തെക്കുറിച്ചാണ് പറയുന്നതെങ്കിലും അതേ ആശയം ഇവിടെയും കാണാം. കൈപ്പണി അല്ലാത്തത് എന്നതിന്റെ കാരണം ആ കല്ല് ഈ ലോകത്തിൽ അല്ല ഉണ്ടാക്കിയത്. അസാധാരണമായ ആ കല്ല് മറ്റൊരു ലോകത്തു നിന്നും ആണ് വന്നത്. ആ കല്ല് യേശുവാണ്.

കല്ല് പറിഞ്ഞു വന്നത് പർവ്വതത്തിൽ നിന്നും ആണ്. ഏതാണ് ആ പർവ്വതം? പത്രോസ് 2:6 –" ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു. അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല എന്ന് തിരുവെഴുത്തിൽ കാണുന്നുവല്ലോ." സീയോൻ ഒരു പർവ്വതമാണ്. ദൈവം ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ല് സീയോൻ പർവ്വതത്തിൽ ഇട്ടു. ആ കല്ല് യേശു ആണ്. സീയോനിൽ നിന്നു വന്ന ആ കല്ല് ബിംബത്തെ തകർത്തു. അതായത് ഒരിക്കൽ യേശു സീയോൻ മല വിട്ട് ഈ ഭൂമിയിൽ വന്ന് ഈ ഭൂമിയിലെ രാജ്യങ്ങളെ നശിപ്പിച്ച് ആരാലും നശിപ്പിക്കപ്പെടാത്ത ഒരു രാജ്യം സ്ഥാപിക്കും. ദാനിയേൽ 2:44. ഈ രാജാക്കന്മാരുടെ കാലത്ത് (റോം വിഭജിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ കാലത്ത്) ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്ക് ഏല്പിക്കപ്പെടുകയില്ല. അത് ഈ രാജ്യങ്ങളെ ഒക്കെയും തകർത്ത് നശിപ്പിക്കയും എന്നേക്കും നിലനിൽക്കുകയും ചെയ്യും.

"ബിംബത്തെ അടിച്ച കല്ല് ഒരു മഹാ പർവ്വതമായി തീർന്നു, ഭൂമിയിൽ ഒക്കെയും നിറഞ്ഞു." (ദാനിയേൽ 2:35) വേദപുസ്തകത്തിൽ "പർവ്വതം" ഒരു രാജ്യത്തെ സൂചിപ്പിക്കുന്നു. യിരെമ്യാവ് 57:25 ൽ ബാബിലോണിനെ പർവ്വതമായി പറഞ്ഞിരിക്കുന്നു. വെളിപ്പാട് 17–ൽ പറഞ്ഞിരിക്കുന്ന ഏഴു മലകൾ ഏഴ് രാജാക്കന്മാരെ അഥവാ, ഏഴ് രാജ്യങ്ങളെ



കുറിക്കുന്നു. ചുരുക്കത്തിൽ പർവ്വതങ്ങൾ രാജ്യങ്ങളെ സൂചിപ്പിക്കുന്നു. ഈ കല്ല് ഭൂമിയിൽ ഒക്കെയും നിറയുന്ന ഒരു പർവ്വതമായി വളർന്നു എന്നത്, അത് ഒരു ലോകരാജ്യമായി തീരും എന്നതാണ്. അത് ഒരിക്കലും നശിച്ചുപോകയും ഇല്ല. ഇതേ സത്യം തന്നെയാണ് ദാനിയേൽ 7:26,27 ലും പറയുന്നത്. "എന്നാൽ ന്യായവിസ്താര സഭ ഇരുന്നുകൊണ്ട് അവന്റെ ആധിപത്യം എടുത്തുകളഞ്ഞ് അന്തം വരെ നശിപ്പിച്ചു മുടിക്കും. പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻ കീഴെല്ലാടവും ഉള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും. അവന്റെ രാജത്വം നിത്യരാജത്വം ആകുന്നു. സകല ആധിപത്യങ്ങളും അവനെ സേവിച്ചനുസരിക്കും". അതിനുവേണ്ടിയാണ് നാം നോക്കി പാർത്തുകൊണ്ടിരിക്കുന്നത്. തുടർന്ന് പ്രവചനം പറയുന്നതുപോലെ സൗമ്യത ഉള്ളവർ ഭൂമിയെ അവകാശമാക്കും. മനുഷ്യന് നഷ്ടമായ ഭൂമിയെ യേശു വീണ്ടെടുത്ത് തിരികെ നൽകും. നീതിയുള്ള ആ പുതിയ ഭൂമിയിൽ വിശുദ്ധജനം വാഴും. ഈ അദ്ധ്യായത്തിലെ ചില പാഠങ്ങൾ ഓർക്കുക. ദൈവം അവസാനത്തെക്കുറിച്ച് ആദിയിൽ തന്നെ പറഞ്ഞിരിക്കുന്നു. ലോകത്തിലെ എല്ലാം ദൈവം അറിയുന്നു. മനുഷ്യചരിത്രത്തെ അവൻ നിയന്ത്രിക്കുന്നു. നാല് ലോകമഹാസാമ്രാജ്യങ്ങളെ കുറിച്ചു ദൈവം പറഞ്ഞത് സംഭവിച്ചിരിക്കുന്നു. എങ്കിൽ അവസാന സംഭവങ്ങളും ദൈവം പറഞ്ഞതുപോലെ തന്നെ നടക്കും. ഇത് വളരെ വേഗം നടക്കും. കാരണം, കാലിലെ വിരലുകളുടെ ഭരണകാലത്താണ് നാം ജീവിക്കുന്നത്.

# 3.

## രാജകുമാരനും മഹാസർപ്പവും

ഇവരെ കാണുന്നത് വെളിപ്പാട് 12-ാം അദ്ധ്യായത്തിലാണ്. ഉല്പത്തി 3:15-ാം വാക്യത്തിൽ ദൈവം സാത്താനോട് പറയുന്നു:- ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ (സ്ത്രീയുടെ സന്തതി) നിന്റെ (പാമ്പിന്റെ) തല തകർക്കും. നീ (പാമ്പ്) അവന്റെ കുതികാൽ തകർക്കും. ഇതിൽ നാലു പ്രധാന കാര്യങ്ങളാണ് ഉള്ളത്. ഒന്നാമതായി, ശത്രുത. രണ്ട് - പാമ്പ്. മൂന്നാമതായി ഒരു സ്ത്രീ. നാലാമതായി സ്ത്രീയുടെ സന്തതി. സ്ത്രീയും പാമ്പും തമ്മിൽ യുദ്ധം ഉണ്ടെങ്കിലും യഥാർത്ഥ യുദ്ധം സ്ത്രീയുടെ സന്തതിയും പാമ്പും തമ്മിൽ ആണ്. യേശുവിന്റെ ഈ ഭൂമിയിലേക്കുള്ള വരവ് സാത്താൻ തടയാൻ ശ്രമിച്ചിരുന്നു. പഴയ നിയമ കഥകളിൽ അത് പ്രകടമാണ്. എന്നാൽ ദൈവീക പദ്ധതിയെ തടസ്സപ്പെടുത്താൻ സാത്താന് കഴിഞ്ഞില്ല. ദൈവം പ്രവചിച്ചതുപോലെ തന്നെ അതിന്റെ സമയം വന്നപ്പോൾ യേശു ഭൂജാതനായി. പ്രവചനങ്ങൾ നിവൃത്തിയായി.

വെളിപ്പാട് 12-ാം അദ്ധ്യായത്തിന് വ്യത്യസ്ഥമായ മൂന്ന് ഭാഗങ്ങൾ ഉണ്ട്. ഒന്നു മുതൽ അഞ്ചുവരെ ഉള്ള ഭാഗത്ത് പാമ്പ് സ്ത്രീയുടെ സന്തതിയെ കൊല്ലുവാൻ ശ്രമിക്കുന്നു. രണ്ടാമത്തേത് വെളിപ്പാട് 12:6, 13-15 വരെയുള്ള ഭാഗമാണ്. ഇവിടെ പാമ്പിന്റെ പിടിയിൽ നിന്നും കുട്ടി രക്ഷപ്പെട്ടു. അതുകൊണ്ട് പാമ്പ് സ്ത്രീയുടെ പിന്നാലെ പോകുന്നു. എന്നാൽ സ്ത്രീ മരുഭൂമിയിൽ അവൾക്കുവേണ്ടി ഒരുക്കിയിരുന്ന



സ്ഥലത്ത് 1260 ദിവസം അഥവാ വർഷം കഴിച്ചു. ഈ അദ്ധ്യായത്തിലെ അന്ത്യയുദ്ധം സ്ത്രീയുടെ സന്തതിയുടെ സന്തതിയും പാമ്പും തമ്മിൽ ആണ്. അല്ലെങ്കിൽ സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പുള്ളവരുമായിട്ടാണ് യുദ്ധം. അത് വെളിപ്പാട് 12 ന്റെ 17-ൽ പറഞ്ഞിരിക്കുന്നു. ഈ മൂന്ന് ഭാഗത്തും സാത്താനാണ് പ്രതിയോഗി. അവൻ മനുഷ്യനെ ഇതിനായി ഉപയോഗിക്കുകയും പിന്നിൽ പ്രേരകശക്തിയായി നിൽക്കുകയും ചെയ്യുന്നു.

വെളിപ്പാട് 12ലെ പ്രവചനം മനസ്സിലാക്കുന്നതിന് സഹായിക്കുന്ന മറ്റൊരു പഴയ നിയമ കഥ കൂടെ പരിശോധിക്കാം. യിസ്രായേലിന്റെ മിസ്രയീമിൽ നിന്നുള്ള യാത്രയും വെളിപ്പാട് 12-ാം അദ്ധ്യായവും ഒത്തുനോക്കിയാൽ രസകരമായ സമാനതകൾ കാണാൻ കഴിയും. പുറപ്പാട് 1:13,14 ൽ നാം കാണുന്നത് യിസ്രായേൽ കഠിനമായ അടിമവേല ചെയ്തുകൊണ്ട് മിസ്രയീമിൽ കഴിഞ്ഞിരുന്നു എന്നാണ്. അവർക്ക് തന്നെത്താൻ അതിൽ നിന്നും രക്ഷപ്പെടുവാൻ കഴിഞ്ഞിരുന്നില്ല. പുറപ്പാട് 2:23-25 വരെ അടിമത്വത്തിൽ നിന്നും വിടുവിക്കാനായി അവർ നെടുവീർപ്പിട്ട് നിലവിളിച്ചു. അങ്ങനെ ഒരു വീണ്ടെടുപ്പുകാരൻ സ്ത്രീയിൽ നിന്നും ജനിച്ചു. ആ സ്ത്രീയുടെ പേര് യൊഖേബേദ് എന്നായിരുന്നു. (സംഖ്യ 26:59) നാം ഇവിടെ കാണുന്നത് ഒരു ആൺകുട്ടി ഒരു സ്ത്രീയിൽ നിന്നു ജനിക്കുകയും യിസ്രായേൽ ജനത ദൈവത്തോട് നിലവിളിച്ചപ്പോൾ അവൻ യിസ്രായേലിനെ അവരുടെ അടിമത്വത്തിൽ നിന്ന് വിടുവിക്കുന്നതായും കാണുന്നു. എന്നാൽ കുട്ടിയുടെ നിലനിൽപ്പ് ഫറവോൻ ഭീഷണി ഉണ്ടാക്കി. യഹസ്ക്കേൽ 29ന്റെ 3ൽ ഫറവോനെ വലിയ പാമ്പ് എന്ന് പറഞ്ഞിരിക്കുന്നു. (മഹാനക്രമേ) പഴയ നിയമത്തിന്റെ ഗ്രീക്ക് തർജ്ജിമയിൽ ഈ വാക്കിന് ട്രാക്കൂൺ എന്നാണ് പറഞ്ഞിരിക്കുന്നു. ഈ സ്ത്രീ പ്രസവിച്ച ഉടനെ രക്ഷകനായ കുട്ടിയെ നശിപ്പിക്കുവാൻ ഫറവോൻ സ്ത്രീയുടെ അടുത്ത് നിൽക്കുന്നു. വെളിപ്പാട് 12നെ കുറിക്കുന്ന ഒരു ചിത്രമാണിത്. ജനിക്കുന്ന എല്ലാ ആൺകുട്ടികളേയും നദിയിൽ ഇട്ടുകളയണമെന്ന് ഫറവോൻ കല്പിച്ചു. അതുവഴി വീണ്ടെടുപ്പുകാരനും കൊല്ലപ്പെടണം എന്ന്

ഉദ്ദേശിച്ചിരുന്നു. മോശയെ കൊല്ലുക എന്നതിലുപരി സാത്താന് വേറെ പദ്ധതി ഉണ്ടായിരുന്നു. ഈ സംഭവത്തിന് ഏകദേശം നാനൂറ്റമ്പത് വർഷങ്ങൾക്കു മുൻപ് ദൈവം അബ്രഹാമിന് ഒരു പ്രവചനം കൊടുത്തിരുന്നതായി ഉല്പത്തി 15:13-15 വരെ എഴുതിയിരിക്കുന്നു. അതിൽ ദൈവം പറയുന്നത് - നിന്റെ സന്തതികൾ നാനൂറ് വർഷം മിസ്രേമിൽ പ്രവാസത്തിൽ ഇരുന്ന് അവരെ സേവിക്കുമെന്നും അതിനു ശേഷം ദൈവം അവരെ വിടുവിച്ച് കാനാനിൽ കൊണ്ടു വരും എന്നും ആണ്. ഈ നാനൂറ് വർഷം എപ്പോൾ തീരുമെന്ന് സാത്താൻ വളരെ ശ്രദ്ധയോടെ കണക്ക് കൂട്ടിയിരുന്നു. യിസ്രായേൽ അടിമത്വത്തിൽ നിന്നും മോചിതരാകുവാൻ അവൻ ആഗ്രഹിച്ചില്ല. കാരണം, യിസ്രായേൽ കാനാനിൽ താമസമാക്കിയാൽ മിശിഹാ അവിടെ ജനിക്കും എന്ന് അവന് നല്ലവണ്ണം അറിയാം. പരിപാടി മുളയിലേ നുള്ളിക്കളയുവാൻ അവൻ തീരുമാനിച്ചു. മോചകനെ കൊല്ലുവാൻ നോക്കി. ഇതൊന്നും ആകസ്മികമായി സംഭവിച്ചതല്ല. കാനാന്യർ പല്ലും നഖവും ഉപയോഗിച്ച് യിസ്രായേലിന് എതിരായി പോരാടി. അത് അവരുടെ സ്വഭാവം അല്ല. സാത്താൻ അവരിലൂടെ പ്രവർത്തിച്ചതാണ്. മശിഹായുടെ വരവിനെ എങ്ങനെയും തടയണം. മോശയുടെ ജീവൻ മിസ്രേമിൽ സുരക്ഷിതമായി സംരക്ഷിക്കപ്പെട്ടു. യിസ്രായേലിന്റെ വലിയ വീണ്ടെടുപ്പുകാരനായി നാം മോശയെ പുറപ്പാട് പുസ്തകത്തിൽ കാണുന്നു. യിസ്രായേൽ വിടുവിക്കപ്പെട്ട രാത്രിയിൽ അവരുടെ വിടുതലിന്റെ അടയാളമായി ഊനമില്ലാത്ത ആടിനെ യാഗം കഴിക്കണമെന്ന് ദൈവം അവരോട് കല്പിച്ചിരുന്നു. അവരുടെ വിടുതലിന്റെ അടയാളം ഊനമില്ലാത്ത ഒരു ആടിന്റെ മരണം ആയിരുന്നു.

യിസ്രായേൽ വാഗ്ദത്ത നാട്ടിലേക്ക് പ്രവേശിക്കുന്നതിന് മുൻപായി കനാന്റെ അതിർത്തിയിൽ വെച്ച് മോശ മരിച്ചു. ആ കഥ ആവർത്തനം 34:5,6 ൽ പറഞ്ഞിരിക്കുന്നു. രണ്ട് അസാധാരണ സംഭവങ്ങൾ മോശയുടെ മരണത്തിങ്കൽ കാണുന്നു. അതിൽ ആദ്യത്തേത് മോശയുടെ ശവസംസ്കാരം ദൈവം നടത്തി എന്നതാണ്. വേദപുസ്തകത്തിൽ വേറെ ആരെയും ദൈവം അടക്കിയതായി കാണുന്നി



ല്ല. രണ്ടാമത്തേത് അവനെ അടക്കിയ സ്ഥലം അന്നുവരെ ആരും അറിയുന്നില്ല എന്നതാണ്. അത് അസാധാരണമാണ്. യഹൂദന്മാർ അവരുടെ വീരന്മാരുടെ ശവക്കല്ലകൾ അടയാളപ്പെടുത്തി നിലനിർത്തുന്നവരാണ്. അബ്രഹാം, യാക്കോബ്, ദാവീദ് മുതൽ പേരുടെ കല്ലറകൾ അവർ സംരക്ഷിച്ചിരുന്നു. എന്നാൽ മോശയുടെ ശരീരത്തിന് എന്താണ് സംഭവിച്ചത്? യൂദാ 9തിൽ മോശയുടെ ശരീരത്തിനു വേണ്ടി പ്രധാന ദൂതനായ മീഖായേൽ സാത്താനോട് തർക്കിക്കുന്നതായി കാണുന്നു. പ്രധാന ദൂതനായ മീഖായേൽ യേശുക്രിസ്തുവല്ലാതെ മറ്റാരും അല്ല. ചില സഭകൾ പഠിപ്പിക്കുന്നത് പ്രധാന ദൂതനായ മീഖായേൽ യേശു അല്ല എന്നാണ്. നമ്മൾ വിശ്വസിക്കുന്നത് പ്രധാന ദൂതനായ മീഖായേൽ യേശുക്രിസ്തു തന്നെയാണ് എന്നാണ്. എന്നാൽ ക്രിസ്തു നിത്യദൈവമാണ്. അവന് ഒരു ഉത്ഭവം ഇല്ല. പുനരുത്ഥാനത്തിന്റെ വലിയ ദൂതനാണ് ക്രിസ്തു. പുനരുത്ഥാനത്തിന്റെ വലിയ സന്ദേശം നൽകുന്നത് ക്രിസ്തുവാണ്. അതുകൊണ്ടാണ് 1 തെസ്സലോനിക്യർ 4 ൽ, കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരും എന്ന് എഴുതിയിരിക്കുന്നത്. ദൈവംതന്നെ പ്രധാന ദൂതന്റെ ശബ്ദത്തോടെ സംസാരിക്കുന്നു. ഇവിടെ മോശയുടെ ശരീരത്തിനു വേണ്ടി ഒരു തർക്കം നടക്കുന്നു. മീഖായേൽ വന്ന് മോശയുടെ ശരീരത്തെ ഉയിർത്തെഴുന്നേല്പിക്കുന്നു. അത് ശരിയാണോ? ഉത്തരം വളരെ ലളിതമാണ്. മത്തായി 17:3- മറുരൂപമലയിൽ വെച്ച് യേശു രൂപാന്തരപ്പെട്ടു. അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായി തീർന്നു. രണ്ടുപേർ യേശുവുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. അതിൽ ഒരുവൻ ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാവാണ്. രണ്ടാമൻ മോശയാണ്. മോശയുടെ മരണത്തിനു ആയിരത്തിനാനൂറ് വർഷങ്ങൾക്കു ശേഷം മോശ മറുരൂപമലയിൽ യേശുവുമായി സംഭാഷിച്ചു. മോശ ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നെങ്കിൽ അത് സംഭവിക്കയില്ല. പുനരുത്ഥാനത്തിന്റെ വലിയ ദൂതനായ മീഖായേൽ മോശയെ ഉയിർപ്പിച്ച്, സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. മരിച്ചവരെ

ഉയിർപ്പിക്കാൻ ദൈവത്തിന് മാത്രമേ സാധിക്കൂ.

മോശ അക്ഷരീക യിസ്രായേലിനെ അക്ഷരീക മിസ്രയേമിൽ നിന്നും, വിടുവിച്ച്, അക്ഷരീക അടിമത്വത്തിൽ നിന്നും വിടുവിച്ച്, അക്ഷരീക മരുഭൂമിയിലൂടെ നടത്തി, അക്ഷരീക കനാനിൽ പ്രവേശിപ്പിച്ചു. അവൻ അക്ഷരീക ആടിനെ യാഗമർപ്പിച്ചു. അക്ഷരീക പാറയിൽ നിന്നും അക്ഷരീക വെള്ളത്തെ പുറപ്പെടുവിച്ചു. അക്ഷരീക മന്ന സ്വർഗ്ഗത്തിൽ നിന്നും അവർക്ക് ലഭിച്ചു. അക്ഷരീക സർപ്പത്തെ അക്ഷരീക വിഷത്തിൽ നിന്നും അക്ഷരീക മരണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി അക്ഷരീക മരുഭൂമിയിൽ ഉയർത്തി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പഴയ നിയമത്തിൽ സംഭവിച്ചത് അക്ഷരീകമായതും പ്രാദേശികമായതും ആയിരുന്നു. എന്നാൽ അത് ഭൂമിയിൽ അത്മീകമായും ലോകവ്യാപകമായും സംഭവിക്കാൻ പോകുന്നതിന്റെ ഒരു പ്രവചനം മാത്രമായിരുന്നു മോശയുടെ ഈ സംഭവം. ആത്മീക യിസ്രായേൽ ആത്മീക മിസ്രയീമിനെ വിടുന്നതിന്റെ നിഴലായി ഈ സംഭവത്തെ കാണാം.

ഇപ്പോഴത്തെ വിഷയം ദാനിയേൽ രണ്ടാം അദ്ധ്യായത്തിലെ നാലാം സാമ്രാജ്യമായ റോം ആണ്. അത് ഇരുമ്പിനാൽ സദൃശീകരിച്ചിരിക്കുന്നു. കൂടാതെ ഉല്പത്തി 3:15 ഉം പ്രധാന വിഷയം ആണ്. ശത്രുത, സ്ത്രീ-യാക്കോബേദ്-സന്തതി മോശ, സന്തതിയെ നശിപ്പിക്കാനുള്ള സർപ്പത്തിന്റെ ശ്രമം. ഇവ ഉല്പത്തി 13-15ൽ പറഞ്ഞിരിക്കുന്ന പ്രവചനത്തെ ഓർപ്പിക്കുന്നു.

വെളിപ്പാട് 12:1-5 - സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. അവളുടെ കാൽകീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ട് നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. (ഇവിടെ സ്ത്രീയെ കാണാം.) വാക്യം 2- അവൾ ഗർഭിണിയായി നോവു കിട്ടി, വേദനപ്പെട്ടു നിലവിളിച്ചു. (ഗർഭത്തിൽ ഒരു സന്തതി ഉണ്ട്) സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി. ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴ് രാജമുടിയും ആയി തീനിറ



മുള്ളോരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിൽ ഒന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുൻപിൽ നിന്നു. അവൾ സകലജാതികളെയും ഇരുമ്പുകോൽ കൊണ്ട് മേയിപ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു. കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു. ഇവിടെ ഒരു സ്ത്രീയെക്കുറിച്ച് പറയുന്നുണ്ട്. സർപ്പത്തെക്കുറിച്ചും ശത്രുതയെക്കുറിച്ചും പറയുന്നുണ്ട്. സ്ത്രീ ഭൂമിയിലേക്ക് കൊണ്ടുവരുവാൻ പോകുന്ന സന്തതിയെക്കുറിച്ചും പറയുന്നു. ഇത് ഉല്പത്തി 3-15 ൽ പറഞ്ഞിരിക്കുന്ന പ്രവചനം തുറന്നുകാട്ടുന്ന സംഭവം ആണ്. കൂടാതെ മോശ യിസ്രായേലിനെ മിസ്രയേമിൽ നിന്നു വിടുവിച്ച ചരിത്രം ലോകവ്യാപകമായി സംഭവിക്കുന്നതിന്റെ ദൃശ്യം കൂടെയാണ്. എബ്രായർ 3:1,2-ൽ മോശയെയും യേശുവിനെയും താരതമ്യപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് വിശുദ്ധ സഹോദരന്മാരെ, സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരെ, നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനും ആയ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ. മോശ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തൻ ആയിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവന് വിശ്വസ്തൻ ആകുന്നു. മോശ വലിയവനാണ്, എന്നാൽ യേശു മോശയെക്കാൾ വലിയവനാണ്. ആവർത്തനം 18ന്റെ18ൽ തന്നെക്കാൾ വലിയൊരു പ്രവാചകൻ വരുമെന്ന് മോശ പറഞ്ഞു. അ.പ്രവൃത്തികൾ 3:22-26ൽ, യേശു ആണ് മോശയേക്കാൾ വലിയവൻ എന്ന് പത്രോസ് തിരിച്ചറിഞ്ഞു. മോശ ചെയ്തതു തന്നെ യേശുവും ചെയ്തു. മോശ അക്ഷരീക യിസ്രായേലിനെ അക്ഷരീക അടിമത്വത്തിൽ നിന്ന് വിടുവിച്ചപ്പോൾ യേശു മാനവജാതിയെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് വിടുവിക്കുന്നു. താരതമ്യം നോക്കാം. പഴയ നിയമത്തിൽ അക്ഷരീകമായി ഒരു സ്ത്രീ മോശയെ ഈ ലോകത്തിലേക്ക് കൊണ്ടു വന്നു. വെളിപ്പാട് 12ലെ സ്ത്രീ ഒന്നിനെ പ്രതിനിധാനം ചെയ്യുന്നു. അത് പഴയനിയമ സഭ ആണ്. യോഹന്നാൻ തന്റെ ദർശനത്തിൽ സ്ത്രീയെ

കാണുമ്പോൾ അവൾ വേദനയാൽ കരയുന്നു. ദൈവജനത്തിനുവേണ്ടി ഈ കുട്ടിയെ പ്രസവിക്കുവാൻ അവൾ ആഗ്രഹിക്കുന്നു. മിസ്രയീമിൽ വെച്ച് വിടുതലിനുവേണ്ടി, ഒരു രക്ഷകനു വേണ്ടി യിസ്രായേൽ മക്കൾ കരഞ്ഞതുപോലെ. യിരെമ്യാവ് 31-32ൽ ഞാൻ അവർക്ക് ഭർത്താവായി ഇരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്ന് യഹോവ യുടെ അരുളപ്പാട്. യിസ്രായേലിനെ ഒരു സ്ത്രീയായി ദൈവം പറയു ന്നു. യിരെമ്യ. 6ന്റെ 2ൽ യിസ്രായേലിനെ സുന്ദരിയും സുഖഭോഗി നിയും എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് പ്രവചനത്തിൽ സ്ത്രീ എന്ന് പറഞ്ഞിരിക്കുന്നത് സഭയെക്കുറിച്ചാണ്. വെളിപ്പാട് 12ൽ പറ ഞ്ഞിരിക്കുന്ന സ്ത്രീ, പഴയനിയമ സഭയെക്കുറിക്കുന്നു. പഴയ നിയമ സഭ മനുഷ്യജാതിയെ പാപത്തിൽ നിന്നും രക്ഷിക്കാനുള്ള മശിഹാ യുടെ ജനനത്തിന് വഴിയൊരുക്കി. അന്നത്തെ ദൈവജനം പാപത്തിന് അടിമകളായിരുന്നു. ഒരു വീണ്ടെടുപ്പുകാരനു വേണ്ടി അവർ നിലവി ളിക്കുന്നുണ്ടായിരുന്നു. യേശു എന്തിനു വേണ്ടിയാണ് ജനിച്ചത്? മത്തായി 1:21ൽ അവൾ ഒരു മകനെ പ്രസവിക്കും. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടണം എന്ന് പറഞ്ഞു. ആത്മീകമായി, പാപത്തിന് അടിമകളായിരുന്ന തന്റെ ജനത്തെ വിടുവിക്കാനായിട്ടാണ് യേശു ഈ ഭൂമിയിൽ ജാതനായത്. കൂടാതെ യേശു ജനിച്ചത് ഇരുമ്പുകൊണ്ട് നിർമ്മിച്ച കാലിന്റെ ഭരണകാലത്തായിരുന്നു. ദാനിയേൽ 2ലെ നാലാം സാമ്രാജ്യത്തിന്റെ കാലത്ത്. കൂടാതെ മഹാസർപ്പവും യേശുവിന്റെ ജന നത്തിനായി കാത്തിരുന്നു. ഇവിടെ മോശയുടെ കഥ ആവർത്തിക്ക പ്പെടുന്നു. വെളിപ്പാട് 12:3,4-സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണാ യി. ഏഴു തലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളോരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷ ത്രങ്ങളിൽ മൂന്നിൽ ഒന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു കള ഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നു കള വാൻ മഹാസർപ്പം അവളുടെ മുൻപിൽ നിന്നു. കുട്ടിയെ തിന്നു കള വാൻ നിന്ന വ്യക്തിയുടെ പേര് മഹാസർപ്പം എന്നാണ്. പഴയ നിയമ



ത്തിൽ ഫറവോനെ മഹാസർപ്പം എന്ന് പറഞ്ഞിരിക്കുന്നു. കുട്ടി പിറന്ന ഉടനെ കുട്ടിയെ തിന്നു കളവാനായി സ്ത്രീയുടെ അടുത്ത് നിന്നത് മഹാസർപ്പം എന്ന പഴയ പാമ്പായ സാത്താൻ ആയിരുന്നു. അവനെ കുറിച്ച് ഉല്പത്തി 3-15ൽ പറഞ്ഞിരിക്കുന്നു. മോശയെ നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചു. അതിനായി സാത്താൻ ഫറവോനെ ഉപയോഗി ച്ചു. ഫറവോൻ എന്ന മഹാസർപ്പം അതിലും വലിയൊരു മഹാസർപ്പ ത്തിന്റെ ആയുധമായി പ്രവർത്തിച്ചു. യേശുവിനെ നശിപ്പിക്കാനായി മഹാസർപ്പം തന്റെ സന്തതിയായ ഹേരോദാവിനെ ഉപയോഗിച്ചു. ഉല്പത്തി 3:15ലെ പ്രവചനപ്രകാരം സാത്താൻ തന്റെ സന്തതിയിലൂടെ സ്ത്രീയുടെ സന്തതിയെ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. അവർ പോയശേഷം കർത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായി. നീ എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടി ക്കൊണ്ട് മിസ്രയീമിലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്ക. ഹേരോദാവ് ശിശുവിനെ നശിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാൻ ഭാവിക്കുന്നു എന്നു പറഞ്ഞു. യേശുവിന്റെ ജീവനെ സൂക്ഷിച്ചിരുന്നത് മിസ്രയീമിൽ ആയിരുന്നു. മോശയുടെ ജീവനെ സംര ക്ഷിച്ചിരുന്നതും മിസ്രയീമിൽ തന്നെ. വാക്യം 16- വിദ്വാന്മാർ തന്നെ കളിയാക്കി എന്ന് ഹേരോദാവ് കണ്ടു, വളരെ കോപിച്ചു. വിദ്വാന്മാ രോട് ചോദിച്ചറിഞ്ഞകാലത്തിന് ഒത്തവണ്ണം രണ്ടു വയസ്സും താഴെയും ഉള്ള ആൺകുട്ടികളെ ഒക്കെയും ബേത്ലഹേമിലും അതിന്റെ എല്ലാ അതിരുകളിലും ആളയച്ച് കൊല്ലിച്ചു. പഴയനിയമത്തിൽ ഫറവോൻ ചെയ്തതുപോലെ തന്നെ ഹേരോദാവും ചെയ്തു. യേശുവിന്റെ പര സ്യശുശ്രൂഷയുടെ കാലത്തും സാത്താൻ യേശുവിനെ കൊല്ലാൻ ശ്രമി ച്ചിരുന്നു. യേശു നസ്രയേത്തിൽ ഉപദേശിച്ചു കൊണ്ട് നിന്നപ്പോൾ ആളുകൾ അവനെ തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ചു. യേശു അങ്ങനെ സാത്താനാൽ മരിക്കുകയായിരുന്നെങ്കിൽ അതും പാപപരിഹാരയാഗം ആകുമായിരുന്നില്ലേ എന്ന് സംശയം ഉണ്ടായേക്കാം. ഇല്ല, യേശു സ്വമ നസാലെ, തന്നെക്കുറിച്ചുള്ള പ്രവചനങ്ങൾ നിവർത്തിച്ചുകൊണ്ട് അർപ്പി ക്കുന്ന ജീവനെ മാത്രമെ എണ്ണുകയുള്ളൂ. അത് സാത്താന് അറിയാമാ

യിരുന്നു. അതുകൊണ്ട് യേശു സ്വമനസാലെ ജീവൻ വെടിയുന്നതിനു മുൻപ് തനിക്ക് ആ ജീവൻ എടുക്കണം എന്ന് സാത്താൻ പറഞ്ഞു. ഒരിക്കൽ ഗലീലക്കടലിൽവെച്ച് പടകിൽ ഉറങ്ങിക്കിടന്ന യേശുവിനെ കൊടുംകാറ്റ് അടിപ്പിച്ച് കൊല്ലുവാൻ ശ്രമിച്ചു. ആ കൊടുംകാറ്റ് സാത്താന്റെ വക ആയിരുന്നു. യേശു അതിനെ ശാന്തമാക്കി. പല അവസരങ്ങളിൽ യേശുവിനെ എറിഞ്ഞു കൊല്ലുവാൻ ജനങ്ങൾ കല്ലെടുത്തു. യേശുവിന്റെ ജീവിതകാലത്തെല്ലാം പിതാവായ ദൈവം യേശുവിന്റെ ജീവനെ കാത്തു. പഴയനിയമകാലത്ത് സാത്താൻ രണ്ട് രീതികൾ ഉപയോഗിച്ചിരുന്നു. ഒന്ന് സന്തതിയെ കൊല്ലാൻ ശ്രമിച്ചു. മറ്റേത് മലിനപ്പെടുത്താൻ ശ്രമിച്ചു. അതുതന്നെ അവൻ യേശുവിനോടും ചെയ്തു. പാപം എന്ന രോഗാണു യേശുവിന്മേൽ സാത്താൻ പടർത്തുവാൻ ശ്രമിച്ചപ്പോഴെല്ലാം. വചനമാം വാൾ ഉപയോഗിച്ച് യേശു സാത്താനെ തോൽപ്പിച്ചു. തിരിഞ്ഞ് പ്രതികരിക്കുവാൻ സാത്താൻ യേശുവിനെ പ്രേരിപ്പിച്ചു. ഗദ്സമനാ തോട്ടത്തിൽ രക്തം വിയർപ്പെന്നപോലെ ഒഴുക്കി യേശു കഷ്ടം അനുഭവിക്കുമ്പോഴും പീലാത്തോസിന്റെ അടുക്കൽ വെച്ച് അടി ഏൽക്കുമ്പോഴും പീഡനം ഏൽക്കുമ്പോഴും യേശു പ്രതികരിക്കണമെന്ന് സാത്താൻ ആഗ്രഹിച്ചിരുന്നു. അങ്ങനെ സ്വയമായി രക്ഷനേടുവാൻ ശ്രമിക്കുന്നത് ഒരു പാപം ആയിരുന്നു. കൂടാതെ, എല്ലാം ഉപേക്ഷിച്ചു മനുഷ്യരെ രക്ഷിക്കുന്ന രക്ഷാപദ്ധതി വേണ്ടെന്നു വെച്ച് യേശു സ്വർഗ്ഗത്തിലേക്ക് പോകുവാൻ അവൻ ആഗ്രഹിച്ചിരുന്നു. യേശുവിന്റെ ക്രൂശുമരണം സാത്താൻ ഒട്ടും ആഗ്രഹിച്ചിരുന്നില്ല. യേശുവിന്റെ മേൽ കഷ്ടങ്ങൾ വരുത്തുക വഴി യേശുവിന് വളരെ വിഷമങ്ങൾ ഉണ്ടാക്കിയാൽ യേശു പ്രതികരിക്കുകയോ തന്റെ പദ്ധതി ഉപേക്ഷിക്കുകയൊ ചെയ്യും എന്ന് സാത്താൻ പ്രതീക്ഷിച്ചു. ശിഷ്യന്മാർ തള്ളിപ്പറയുന്നു. ആരും യേശുവിന്റെ കൂടെയില്ല. എങ്കിലും ഒരു പെസഹാ കുഞ്ഞാടിനെപ്പോലെ യേശു മരിച്ചു. പഴയനിയമകാലത്ത് മിസ്രയീമിൽ നിന്നുള്ള യിസ്രയേലിന്റെ വിടുതലിന് അപ്രകാരം സംഭവിച്ചല്ലൊ. യിസ്രായേലിന്റെ ചരിത്രം യേശു ആവർത്തിക്കുന്നു. 1 കൊരിന്ത്യർ 5:7. നിങ്ങൾ പുളിപ്പില്ലാത്തവരായി



രിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളവിൻ. നമ്മുടെ പെസഹാകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. അത് ക്രിസ്തു തന്നെ. ദൈവം പറഞ്ഞു- സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർക്കും. ക്രൂശുമരണത്താലാണ് അത് സംഭവിച്ചത്. യേശുവിനെ രക്ഷിതാവായി അംഗീകരിക്കയും പാപം ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുകയും ചെയ്യുന്നവന് പാപക്ഷമ സൗജന്യമായി കിട്ടും. അവൻ വിശുദ്ധനായി ജീവിക്കുവാനുള്ള ആഹ്വാനവും ക്രൂശുമരണത്തിൽ നിന്ന് ലഭിക്കുന്നു. എന്നാൽ യേശു ക്രൂശിൽ മരിച്ചില്ലായിരുന്നു എങ്കിൽ ഒറ്റ വ്യക്തി പോലും പാപത്തിൽ നിന്ന് വിടുവിക്കപ്പെടുകയില്ലായിരുന്നു. അങ്ങനെ ആരും പാപവിമുക്തരാകരുതെന്നായിരുന്നു സാത്താന്റെ പദ്ധതി. സർവ്വമാന മനുഷ്യരും അവനോടൊപ്പം ആയിരിക്കണമെന്നുള്ള അവന്റെ പദ്ധതി തകർക്കപ്പെട്ടത് ക്രൂശുമരണത്താൽ ആണ്. അവന്റെ തല തകർന്നത് അങ്ങനെ ആണ്. ഏദനിൽ മനുഷ്യന് നഷ്ടമായ ഈ ലോകത്തേയും യേശു നേടിയെടുത്തു.

യേശു മരിച്ചു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് പോയി. മോശയും മരിച്ച് ഉയിർത്ത് സ്വർഗ്ഗത്തിലേക്ക് പോയി. യേശു ഉയിർത്ത് സ്വർഗ്ഗത്തിൽ ചെന്നപ്പോൾ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടു. അത് ഇപ്രകാരം ആയിരുന്നു. ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടു കളഞ്ഞുവല്ലോ. തള്ളിക്കളഞ്ഞു എന്ന് ഭൂതകാലത്തിലാണ് പറയുന്നത്. എന്നാൽ യേശു തന്റെ മരണത്തിനു മുൻപ് പറഞ്ഞത് (യോഹന്നാൻ 12-10) ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്ത് തള്ളിക്കളയും. ഇവിടെ ഭാവികാലം ആണ് ഉപയോഗിച്ചിരിക്കുന്നത്. അതായത് ക്രൂശുമരണത്തോടെ പിശാചിനെ സ്വർഗ്ഗത്തിൽ നിന്നും തള്ളി. പെസഹാകുഞ്ഞാട് അറുക്കപ്പെട്ടു കഴിഞ്ഞു. മഹാസർപ്പത്തിന്റെ അടിമത്വത്തിൽ നിന്ന് അവൻ തന്റെ ജനത്തെ രക്ഷിച്ചു കഴിഞ്ഞു. അവന്റെ ജനം ഇപ്പോൾ കനാനിലേക്കുള്ള യാത്രയിലാണ്. ക്രമേണ അവർ

അവിടെ എത്തിക്കൊള്ളും.

കുട്ടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ശേഷം മഹാസർപ്പത്തിന് ക്രോധം ഉണ്ടാകുന്നു. അത് കുട്ടിയുടെ മേൽ കാണിക്കുവാൻ കഴിയുകയില്ല. കാരണം കുട്ടി അവനെ തോൽപ്പിച്ച് സ്വർഗ്ഗത്തിലേക്ക് പോയിക്കഴിഞ്ഞു. പിന്നെ ശേഷിക്കുന്ന നല്ലതിനെ നോട്ടമിടുന്നു. അത് സ്ത്രീ ആണ്. (12:6) സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ അവളെ 1260 ദിവസം പോറ്റേണ്ടതിന് ദൈവം ഒരുക്കിയ ഒരു സ്ഥലം അവൾക്ക് ഉണ്ട്. ആയിരത്തി ഇരുനൂറ്റി അറുപത് ദിവസം എന്നത് അത്രയും വർഷങ്ങളാണ്. സ്ത്രീ എന്തിനാണ് ഓടിപ്പോയത്? ഉത്തരം വെളിപ്പാട് 12ന്റെ 13ൽ ആണ്. "തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന് മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി". നോക്കുക, ഇപ്പോൾ ശത്രുത പാമ്പും സ്ത്രീയും തമ്മിലാണ്. അവൻ സ്ത്രീയുടെ സന്തതിയുമായി യുദ്ധം ചെയ്ത് തോൽവി അടഞ്ഞു. "അപ്പോൾ സ്ത്രീക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നു പോകേണ്ടതിന് വലിയ കഴുകന്റെ രണ്ട് ചിറക് ലഭിച്ചു. അവിടെ അവളെ സർപ്പത്തോട് അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു". 12ന്റെ 6ൽ പറയുന്നത് സ്ത്രീയെ 1260 വർഷം അവളെ പോറ്റി എന്നാണ്. 12ന്റെ 13ൽ അതേ സംഗതി തന്നെയാണ് പറയുന്നത്. സർപ്പത്തോട് അകലെ പോറ്റി രക്ഷിച്ചത് ഒരുകാലവും ഇരുകാലവും അരക്കാലവും ആണ്. അതായത് ഒരുകാലം, ഇരുകാലം, അരക്കലം എന്നു പറയുന്നത് 1260 വർഷം ആണ്. ഈ ആയിരത്തി ഇരുനൂറ്റി അറുപത് വർഷം ചരിത്രത്തിന്റെ ഏതുകാലഘട്ടം ആയിരുന്നു എന്ന് അറിയാൻ ചരിത്രം നോക്കണം. ഇരുമ്പും കളിമണ്ണും ചേർന്ന് അതായത് സഭയും രാഷ്ട്രവും ചേർന്ന് ഭരിച്ചിരുന്ന കാലഘട്ടം ആയിരുന്നു. മദ്ധ്യകാലഘട്ടത്തിലെ നാമമാത്രമായിരുന്ന സഭ, ഒരു വിധത്തിൽ പറഞ്ഞാൽ മരുഭൂമിയിൽ ആയിരുന്നു. വാൽഡൻസ്യർ, അൽബജൻസീസ് എന്നിവർ സ്ഥാപക സഭയിൽ നിന്ന് ഓടിപ്പോകേണ്ടി വന്നു. കാരണം, സ്ഥാപക സഭ അവരെ തങ്ങളുടെ ഉപദേശത്തിന് എതിരെ നിൽക്കുന്നു എന്നു കണക്കാക്കി. ഇവിടെ സഭയും രാഷ്ട്രവും (ഇരുമ്പും കളിമ



ണ്ണും) കൂടി ചേരുന്ന അവസ്ഥ കാണാം. ദാനിയേൽ 2-ാം അദ്ധ്യായത്തിൽ ഈ ഭരണകാലം എത്ര എന്ന് പറഞ്ഞിട്ടില്ല. എന്നാൽ അത് ദാനിയേൽ 7-ാം അദ്ധ്യായത്തിൽ നിന്നും മനസ്സിലാക്കാം.

വെളിപ്പാട് 12-17 "മഹാസർപ്പം സ്ത്രീയോട് കോപിച്ചു. ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോട് യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു". ഉല്പത്തി 3:15ൽ ഉള്ള നാലു കാര്യങ്ങൾ വെളി.12ന്റെ 17ലും ഉണ്ട്. അത് ശത്രുത, ഒരു സ്ത്രീ, സർപ്പം, സന്തതി ഇവയാണ്. 12ന്റെ 17ൽ സ്ത്രീയുടെ സന്തതിയെക്കുറിച്ചല്ല പറയുന്നത്. സന്തതിയുടെ സന്തതിയെക്കുറിച്ചാണ് പറയുന്നത്. യുദ്ധം ഇപ്പോൾ സ്ത്രീക്ക് എതിരെയും അല്ല; അത് സ്ത്രീയുടെ സന്തതി ആയി ശേഷിപ്പുള്ളവരോടാണ്. സ്ത്രീയുടെ സന്തതി യേശു ആണ്. സന്തതിയുടെ ശേഷിപ്പ് യേശുവിന്റെ അനുയായികൾ ആണ്. സാത്താന്റെ അന്ത്യയുദ്ധം ഈ ലോകത്തിലുള്ള യഥാർത്ഥ ക്രിസ്ത്യാനികളോടായിരിക്കും. യോഹന്നാൻ 12:24 ൽ യേശു പറഞ്ഞു:- ഗോതമ്പു മണി നിലത്തു വീണ് ചാകുന്നില്ല എങ്കിൽ അതിന് ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. അത് ചത്തു എങ്കിലോ അത് വളർന്ന് വളരെ വിളവ് ഉണ്ടാകും. ഈ ഗോതമ്പു മണി സൂചിപ്പിക്കുന്നത് യേശുവിനെ ആണ്. യേശു തന്നെത്തന്നെ കൊടുത്ത് സഭയെ സ്ഥാപിച്ചു. അതിൽ വളരെ അധികം മക്കളാണ് ഉണ്ടാകുവാൻ പോകുന്നത്. അതാണ് സന്തതിയുടെ സന്തതികൾ. നാം ക്രിസ്തുവിനോട് ചേരുമ്പോൾ ക്രിസ്തുവാകുന്ന സന്തതിയുടെ സന്തതികൾ ആയി മാറുന്നു. യേശുവിനെ വെറുത്തതുപോലെ തന്നെ സാത്താൻ നമ്മെയും വെറുക്കുന്നു. അതുകൊണ്ട് സഭക്ക് എതിരെയുള്ള സാത്താന്റെ അന്തിമയുദ്ധത്തെക്കുറിച്ച് വെളിപ്പാട് 12ന്റെ 17ൽ പറഞ്ഞിരിക്കുന്നു.

# 4.

## എതിർ ക്രിസ്തുവും 666 എന്ന സംഖ്യയും

വെളിപ്പാട്12-ാം അദ്ധ്യായവും ഉല്പത്തി 3:15 ഉം ആയി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ദാനിയേൽ ഏഴിലേയും വെളിപ്പാട് 13ലേയും പ്രവചനങ്ങൾ തമ്മിൽ ബന്ധപ്പെടുത്താൻ കഴിയും എങ്കിലും ഉല്പത്തി 3:15 ഉം ആയി ബന്ധം ഇല്ല. വെളിപ്പാട് 12ന്റെ പശ്ചാത്തലത്തിൽ വേണം ദാനിയേൽ ഏഴും വെളിപ്പാട് 13ഉം മനസ്സിലാക്കാൻ. ഇവ ഒരേ സംഭവങ്ങളുടെ തുടർച്ചയാണ്.

ദാനിയേൽ രണ്ടാം അദ്ധ്യായത്തിൽ ചിലത് വ്യക്തമായി പറഞ്ഞിട്ടില്ല. റോമിന്റെ വിഭജനത്തിനു ശേഷമുള്ള ഇരുമ്പും കളിമണ്ണും കൂടി കലർന്ന അവസ്ഥ യേശു നിത്യരാജ്യം സ്ഥാപിക്കുന്നതു വരെ നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വെളിപ്പാട് പന്ത്രണ്ടിൽ പറയുന്ന കാര്യങ്ങൾ ദാനിയേലിൽ പറയുന്നിൽ ദൈവജനത്തെ ഉപദ്രവിക്കുന്ന ഈ ശക്തിക്ക് രണ്ട് ഘട്ടങ്ങൾ ഉണ്ട്. ഒന്നാമത്തെ ഘട്ടം ആയിരത്തി ഇരുന്നൂറ്റി അറുപത് വർഷം ആണ്. ഈ ശക്തി അവിടെ അവസാനിക്കുന്നില്ല. അത് യേശുവിന്റെ രണ്ടാം വരവുവരെ നിൽക്കുമെന്ന് വേദപുസ്തകം പറയുന്നു. എന്നാൽ 1260 വർഷത്തിനു ശേഷം അതിന്റെ ശക്തി ഇല്ലാതായി. ക്രിസ്തുവിന്റെ വരവു വരെ അതിന് ഭരിക്കണമെങ്കിൽ അതിന്റെ ശക്തി പുന:സ്ഥാപിക്കപ്പെടണം. അതായത് അതിന് ഭരിക്കുവാൻ ഒരു രണ്ടാം ഊഴം ഉണ്ടാകണം. രണ്ടാം ഊഴം രണ്ടാം ഘട്ടമായി കരുതാം.

ദാനിയേൽ 7-ാം അദ്ധ്യായത്തിൽ ദാനിയേൽ കാണുന്ന സ്വപ്നത്തിൽ, തമ്മിൽ ഭേദിച്ചിരിക്കുന്ന നാല് മൃഗങ്ങൾ സമുദ്രത്തിൽ നിന്നും കയറുന്നത് കണ്ടു. ദാനിയേൽ 7:17 പ്രകാരം നാലു മൃഗങ്ങൾ നാല് രാജാക്കന്മാർ ആകുന്നു. രാജ്യങ്ങളും രാജാക്കന്മാരും മാറി മാറി ഉപയോഗിക്കാറുണ്ട്. കാരണം ഒരു രാജ്യം ഇല്ലാതെ ഒരു രാജാവ് ഇല്ല.



ഈ നാല് മൃഗങ്ങൾ പ്രതിനിധീകരിക്കുന്നത് നാല് രാജ്യങ്ങളെ ആണ്. ദാനിയേൽ 2-ൽ പറയുന്ന നാല് സാമ്രാജ്യങ്ങൾ തന്നെയാണ് ഇവ. ഇവിടെ ചില അടയാളങ്ങളെ വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഈ മൃഗങ്ങൾ സമുദ്രത്തിൽ നിന്ന് (വെള്ളം) കയറുന്നതായിട്ടാണ് കാണുന്നത്. വേദപുസ്തകത്തിൽ വെള്ളം എന്തിനെ സൂചിപ്പിക്കുന്നു.? യെശയ്യാവ് 17:11,12 "അയ്യോ അനേകം ജാതികളുടെ മുഴക്കം, അവർ കടലിന്റെ മുഴക്കം പോലെ മുഴങ്ങുന്നു. അയ്യോ വംശങ്ങളുടെ ഇരച്ചിൽ! അവർ പെരുവെള്ളങ്ങളുടെ ഇരെച്ചൽ പോലെ ഇരിക്കുന്നു". വെള്ളം എന്നത് ജാതികളെയും വംശങ്ങളെയും കുറിക്കുന്നു. കൂടാതെ ദാനിയേൽ 7:33ൽ ആകാശത്തിലെ നാല് കാറ്റ് അടിച്ചു എന്നാണ്. കാറ്റ് എന്തിനെ കുറിക്കുന്നു? യിരെമ്യ 4:13 ഇതാ അവൻ മേഘങ്ങളെപ്പോലെ കയറി വരുന്നു. അവന്റെ കുതിരകൾ കഴുക്കളെക്കാളും വേഗത ഉള്ളവ. അയ്യോ കഷ്ടം നാം നശിച്ചല്ലോ. കാറ്റ് സൂചിപ്പിക്കുന്നത് പടക്കൂട്ടത്തെയും യുദ്ധത്തെയും ആണ്. വെള്ളം രാജ്യങ്ങളുടെ കലഹത്തെയും സൂചിപ്പിക്കുന്നു. ഈ നാലു രാജ്യങ്ങൾ വരുന്നത് യുദ്ധങ്ങളുടെ നടുവിൽ നിന്നാണ്. വെളിപ്പാട് 13ാം അദ്ധ്യായത്തിൽ കാണുന്ന മൃഗം വെള്ളത്തിൽ നിന്നല്ല വരുന്നത്. അവിടെ കാറ്റ് അടിക്കുന്നും ഇല്ല. ദാനിയേൽ 7ൽ നാം കാണുന്നത് ഒരു രാജ്യം നേരത്തെ ഉണ്ടായിരുന്ന രാജ്യത്തെ വിഴുങ്ങുന്നതായിട്ടാണ്. രാജ്യങ്ങളുടെ ഭരണം തുടർച്ചയായിട്ടുണ്ട്. ഇവിടെ ആദ്യമായി കാണുന്ന സിഹം ദാനിയേൽ 2ലെ സ്വർണ്ണം കൊണ്ടുള്ള തലക്ക് സമം ആയിരുന്നു. കരടി, മേദ്യ - പേർഷ്യയേയും പുള്ളിപ്പുലി ഗ്രീസിനെയും കുറിക്കുന്നു. നാലാമതായി ഇരുമ്പുപല്ലുകൾ ഉള്ള ഘോരവും ഭയങ്കരവുമായ മൃഗം ദാനിയേൽ 2 ലെ ഇരുമ്പുകൊണ്ടുള്ള കാൽ ആണ് പ്രതിനിധീകരിക്കുന്നത്. അത് റോം ആണ്. ദാനിയേൽ 7 ലെ ഘോരവും ഭയങ്കരവുമായ മൃഗത്തിന് 10 കൊമ്പുകൾ ഉണ്ടായിരുന്നു. അത് ദാനിയേൽ 2ലെ കാൽ വിരലുകളോട് സമം ആണ്. ആ കൊമ്പുകളുടെ ഇടയിൽ നിന്ന് ഒരു ചെറിയ കൊമ്പ് മുളച്ചു വരുന്നു. ഈ മൃഗത്തിന് 3 ഘട്ടങ്ങളായി നിലനിൽപുണ്ട്. "പത്തു കൊമ്പുകളോ ഈ രാജ്യത്തുനിന്ന് എഴുന്നേല്പാനിരിക്കുന്ന പത്തു രാജാക്കന്മാർ ആകുന്നു". ഈ പത്ത് രാജാക്കന്മാർ വരുന്നതിന് മുമ്പായി ഈ

രാജ്യം നിലനിന്നിരുന്നു. അതു കൊണ്ട് വെളിപ്പാട് 12-ൽ പറഞ്ഞിരിക്കുന്നു. പത്തു കൊമ്പുകൾ ഉള്ള മഹാ സർപ്പത്തിന്റെ ആ പത്തു കൊമ്പുകൾ വന്നത് ഈ മഹാ സർപ്പം (ഘോരമൃഗം) കുറെ നാൾ ഭരിച്ചതിനി ശേഷമാണ്. "അവരുടെ ശേഷം മറ്റൊരുത്തൻ എഴുന്നേൽക്കും. അവൻ മുമ്പിലത്തവരോട് വ്യത്യാസമുള്ളവനായി മൂന്നു രാജാക്കന്മാരെ വീഴിച്ചു കളയും". മൃഗത്തിന്റെ നിലനില്പിന്റെ ആദ്യത്തെ ഘട്ടം ഘോരമൃഗം എന്ന നിലയിൽ ആണ്. രണ്ടാമത്തേത് പത്തുകൊമ്പുകളുടെ കാലഘട്ടം - മൂന്നാമത്തേത് പത്തുകൊമ്പുകളുടെ ഇടയിൽ നിന്ന് വന്ന ചെറിയ കൊമ്പിന്റെ കാലം. നാലാമത്തെ മൃഗം പ്രതിനിധീകരിക്കുന്നത് റോം ആണെങ്കിൽ പത്തുകൊമ്പുകൾ ഘോരമൃഗത്തിൽ നിന്ന് വന്ന് ഭരിച്ച കാലവും മൃഗത്തിൽ നിന്ന് വന്ന ചെറിയ കൊമ്പിന്റെ കാലവും അങ്ങനെ മൂന്നു കാലഘട്ടങ്ങളും റോമൻ കാലഘട്ടങ്ങൾ തന്നെയാണ്.

ഇനിയും ഈ ചെറിയ കൊമ്പ് ആരെ പ്രതിനിധീകരിക്കുന്നു എന്ന് നോക്കാം. നാലാമത്തെ ഘോരമൃഗം, റോം ആണെല്ലോ. അതിൽ നിന്ന് വന്ന പത്തു കൊമ്പുകൾ - റോം പത്തായി വിഭജിക്കപ്പെട്ടതാണ്. (ഇന്നത്തെ പടിഞ്ഞാറൻ യൂറോപ്പ്) ചെറിയ കൊമ്പ് ദാനിയേൽ 2ൽ പറഞ്ഞിരിക്കുന്ന കളിമണ്ണിന് തുല്യമാണ്. മുമ്പില്ലാതിരുന്നതും കൂട്ടിച്ചേർത്തതുമായ വസ്തുവാണിത്. കാരണം കാൽപാദത്തിൽ റോം തുടരുന്നു. അവിടെ കാൽ പാദത്തിൽ ഇരുമ്പുണ്ട്. ചെറിയ കൊമ്പ് നാലാമത്തെ മൃഗത്തിൽ നിന്നും പത്തുകൊമ്പുകളിൽനിന്നും വളരെ വ്യത്യസ്തമായ ഒന്നാണ്. കളിമണ്ണെന്നത് ചെറിയ കൊമ്പു പോലെ തന്നെയാണ്. വെളിപ്പാട് 12-ൽ 1260 വർഷം സഭയെ ഉപദ്രവിച്ചതായി പറയുന്നു. ഇത് കളിമണ്ണിനോടും ചെറിയ കൊമ്പ് ഭരിച്ചിരുന്ന കാലത്തിനും സമമാണ്. എന്നാൽ ആരാണീ ചെറിയ കൊമ്പ്? ആരാണ് എതിർ ക്രിസ്തു? കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകൾ കൊണ്ട് ഇതിന് പലതരത്തിലുള്ള ഉത്തരങ്ങൾ വന്നിട്ടുണ്ട്. മുസോളിനി ആയിരുന്നെന്നും അഡോൾഫ് ഹിറ്റ്ലർ ആയിരുന്നെന്നും അയത്തുള്ളഖുമൈനി ആണെന്നുമുള്ള അഭിപ്രായങ്ങൾ കേട്ടിട്ടുണ്ട്. അടുത്ത കാലത്ത് ചിലർ പറയുന്നു - അത് സദ്ദാം ഹുസൈൻ ആണെന്ന്. ചരിത്രത്തിൽ എപ്പോഴെങ്കിലും ഒരു ക്രൂര ഭരണാധികാരി വന്നാൽ ആ വ്യക്തി എതിർ ക്രിസ്തു



ആയിരിക്കാമെന്ന് ക്രിസ്ത്യാനികൾ വിചാരിക്കുന്നു. എതിർ ക്രിസ്തു ആരാണെന്ന് പ്രവചനങ്ങൾ വളരെ വ്യക്തമായി കാണിച്ചു തരുന്നു.

എതിർ ക്രിസ്തുവിനെപ്പറ്റിയുള്ള പത്ത് പ്രവചനങ്ങൾ ദാനിയേൽ ഏഴിലും വെളിപ്പാട് 13ലും ആയി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ **ആദ്യത്തേത്** ഈ രാജ്യത്തു നിന്ന് എന്നുള്ളതാണ്. അതായത് നാലാമത്തെ രാജ്യമായ റോമിൽ നിന്ന്. ചെറിയ കൊമ്പും റോമൻ ആയിരിക്കണം. അത് പത്തു രാജ്യങ്ങൾ വന്നതിനു ശേഷമുള്ള റോം ആണ് ആദ്യത്തെ പ്രവചനം. അതൊരു റോമൻ ഭരണകൂടം ആയിരിക്കണം. **രണ്ടാമതായി** പത്തുകൊമ്പുകൾ വന്നതിനു ശേഷമായിരിക്കണം അത് വരേണ്ടത്. 24-ാം വാക്യം പറയുന്നത് അവരുടെ ശേഷം മറ്റൊരുവൻ എഴുന്നേൽക്കും എന്നാണ്. അതായത് പത്തുകൊമ്പുകൾ നിലനിൽക്കുമ്പോൾ ചെറിയ കൊമ്പ് മുളക്കും. പത്തുകൊമ്പുകൾ നിലവിൽ വന്നത് എങ്ങനെ എന്ന് www.secretansealed.org എന്ന വെബ്സൈറ്റിൽ നിന്നും പകർത്തി എടുക്കാവുന്നതാണ്. എതിർ ക്രിസ്തുവിനെ നാം പ്രതീക്ഷിക്കേണ്ടത് റോമിൽ നിന്നായിരിക്കണം. രണ്ടാമതായി അത് AD 476 ന്ശേഷമായിരിക്കണം വരുന്നത്. AD 476 ൽ അവസാന റോമാചക്രവർത്തിയായ റോമുലസ് അഗസ്റ്റലസ്, ചക്രവർത്തി പദത്തിൽ നിന്നും നിഷ്കാസനം ചെയ്യപ്പെട്ടു. അതിനു ശേഷം ചക്രവർത്തി ഉണ്ടായിട്ടില്ല. അതിനുശേഷം വടക്കു നിന്നു വന്ന ബാർബേറിയന്മാരാൽ റോമാസാമ്രാജ്യം പത്തായി വിഭജിക്കപ്പെട്ടുപോയി. **മൂന്നാമതായി** ഈ പത്തു രാജ്യങ്ങൾ നിലനിൽക്കുമ്പോഴാണ് ചെറിയ കൊമ്പ് പ്രത്യക്ഷപ്പെടേണ്ടത്. **നാലാമത്തെ പ്രവചനം** ഞാൻ നോക്കിക്കൊണ്ടിരിക്കുമ്പോൾ അവയുടെ ഇടയിൽ നിന്ന് മറ്റൊരു ചെറിയ കൊമ്പ് മുളച്ചു വന്നു. അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്ന് വേരോടെ പിഴുതുപോയി. പടിഞ്ഞാറൻ യൂറോപ്പിന്റെ ചരിത്രത്തിൽ നിന്ന് മൂന്നു ബാർബേറിയൻ ഭരണകൂടങ്ങളെ നശിപ്പിച്ച ശക്തി ഏതെന്ന് ആണ് നാം നോക്കേണ്ടത്. **അഞ്ചാമത്തെ പ്രവചനം** - ദാനിയേൽ7:25 അവൻ അത്യുന്നതന്ന് വിരോധമായി വമ്പു പറയും. വെളിപ്പാട് 13ൽ വമ്പും ഭൂഷണവും സംസാരിക്കുന്ന വായ് അതിന്നു ലഭിച്ചു എന്നാണ് കാണുന്നത്. വമ്പും ഭൂഷണ നാമങ്ങളും ദൈവത്തിന് എതിരായി ഈ ചെറിയ കൊമ്പ് പറയുന്നു. ഭൂഷണം പറയുക എന്നാലെ

ന്താണ്? പുതിയ നിയമത്തിലുള്ള രണ്ട് പ്രധാന സംഭവങ്ങൾ അത് വിശദീകരിക്കുന്നു. അതിൽ ആദ്യത്തേതും മർക്കോസ് 2:9 തിൽ പക്ഷ വാതക്കാരനോട് അവന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞ ഭാഗമാണ്. പാപം മോചിക്കുവാനുള്ള അധികാരം യേശുവി നുണ്ട്. കാരണം യേശു ദൈവമാണ്. എന്നാൽ അവിടെ കൂടി നിന്ന വർ പറയുന്നു:- മർക്കോസ് 2: 6,7. ഇവൻ ഇങ്ങനെ ദൈവദൂഷണം പറ യുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴി യുന്നവൻ ആർ എന്ന് ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു. ഒരുവൻ തനിക്ക് പാപങ്ങളെ മോചിക്കുവാൻ അധികാരമുണ്ട് എന്ന് അവകാശ പ്പെടുകയും ദൈവമല്ലാതെ ഇരിക്കുകയും ചെയ്യുമ്പോൾ അത് ദൈവ ദൂഷണമാണ്. രണ്ടാമത്തേത് യോഹന്നാൻ 10:30-33വരെ ഉള്ള ഭാഗ ങ്ങൾ ആണ്. അവിടെ യേശു പറയുന്നു: ഞാനും പിതാവും ഒന്നാകു ന്നു. അപ്പോൾ യാഹൂദന്മാർ അവനെ എറിയുവാൻ കല്ലെടുത്തു. ഏതു തിന്മ പ്രവർത്തി മൂലമാണ് കല്ല് എറിയുന്നത് എന്ന് യേശു ചോദിച്ചു. യഹൂദന്മാർ അവനോട്: നല്ല പ്രവർത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും നീ മനുഷ്യൻ ആയിരിക്കെ നിന്നെത്തന്നെ ദൈവം ആക്കു ന്നതു കൊണ്ടും അത്രെ ഞങ്ങൾ നിന്നെ കല്ലെറിയുന്നത് - ഉത്തരം പറഞ്ഞു. അതുകൊണ്ട് ദൈവദൂഷണം എന്നു പറയുന്നത് ഒരുവൻ തനിക്ക് പാപമോചിക്കുവാൻ കഴിവുണ്ടെന്ന് അവകാശപ്പെടുകയും ഭൂമി യിൽ താൻ ദൈവമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്ന പ്രവർത്തി കൾ ആണ്. ഇവ രണ്ടും ചെറിയ കൊമ്പിൽ കാണാം. ഈ ശക്തി ഏതെന്ന് തിരിച്ചറിയാൻ നാം വേദപുസ്തകത്തെ അനുവദിക്കുന്നു. ഏതോ ഒരു ദുഷ്ടനായവൻ മദ്ധ്യപൂർവ്വ ദേശത്ത് വരുമെന്നല്ല അങ്ങനെ വരുമെന്ന് ജനങ്ങൾ വിശ്വസിക്കണമെന്ന് സാത്താൻ ആഗ്രഹിക്കുന്നു. ഇതിനിടയിൽ എതിർക്രിസ്തു റോമിൽ നിന്ന് വരുന്നത് ആരും അറി യുന്നില്ല. ക്രിസ്ത്യാനികൾ എതിർ ക്രിസ്തുവിനെ പ്രതീക്ഷിക്കുന്നത് തെറ്റായ സ്ഥലത്തും തെറ്റായ സമയത്തും തെറ്റായ വ്യക്തിയേയും ആയിരിക്കണമെന്ന് സാത്താൻ ആഗ്രഹിക്കുന്നു.

**ആറാമത്തെ പ്രവചനം:-** ദാനിയേൽ 7: 24 ചെറിയകൊമ്പ് മറ്റ് പത്ത് കൊമ്പുകളെക്കാൾ വ്യത്യസ്ഥമായിരിക്കും. കാൽപാദത്തിലെ കളിമണ്ണ് മറ്റ് ലോഹങ്ങളെക്കാൾ വ്യത്യസ്ഥമായിരുന്നു. ഈ രാജ്യം വ്യത്യസ്ഥ



മായിരിക്കും. അത് ഒരു കലർന്ന രാജ്യമായിരിക്കും. അത് ഇരുമ്പും കളിമണ്ണുംപോലെ സഭയും രാഷ്ട്രവും കൂടെ യോജിച്ച ഒരു രാജ്യമാ യിരിക്കും. അതുകൊണ്ട് നോക്കേണ്ട ശക്തി മറ്റ് രാജ്യങ്ങളെപ്പോലെ രാഷ്ട്രീയ അധികാരത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. **ഏഴാമത്തെ പ്രവചനം:-** ദൈവജനത്തെ ഉപദ്രവിക്കും. **എട്ടാമത്തെ പ്രവചനം:** ദാനി യേൽ 7:22 ആ കൊമ്പ് സമയങ്ങളെ മാറ്റുവാൻ ശ്രമിക്കും അപ്പൊസ്ത ലപ്രവൃത്തികൾ 1:7 ൽ യേശു പറയുന്നു. "പിതാവ് തന്റെ സ്വന്ത അധി കാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയൊ സമയങ്ങളെയൊ അറിയു ന്നത് നിങ്ങൾക്കുള്ളതല്ല". അവൻ പ്രവചന സംഭവങ്ങളെക്കുറിച്ചാണ് ഇവിടെ പറയുന്നത് പ്രവചനസംഭവങ്ങളുടെ തുടർച്ചയെ നിങ്ങൾ അറി യേണ്ട. ദൈവം അത് സ്വന്ത അധികാരത്തിൽ വെച്ചിരിക്കുന്നു. തെസ്സ ലോനിക്യർ 5:1 ൽ പൗലൊസ് പറയുന്നു. കാലങ്ങളെയും സമയങ്ങ ളേയും കുറിച്ച് ഞാൻ നിങ്ങളോട് പറയേണ്ട ആവശ്യമില്ല എന്ന്. തുടർന്ന് യേശുവിന്റെ രണ്ടാം വരവിനെകുറിച്ചുള്ള പ്രവചനത്തെകുറിച്ച് സംസാ രിക്കുന്നു.അതുകൊണ്ട് പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ഈ കാല ങ്ങളും സമയങ്ങളും എന്നത് ദൈവത്തിന്റെ പ്രവചനകലണ്ടറിൽ ഉള്ള സംഭവങ്ങളെ ആണ് സൂചിപ്പിക്കുന്നത്. എന്നാൽ ചെറിയകൊമ്പ് ദൈവ ത്തിന്റെ പ്രവചന കലണ്ടറിൽ ഉള്ള സംഭവങ്ങളെ മാറ്റുവാനാണ് ശ്രമി ക്കുന്നത്. അവൻ വേദപുസ്തക പ്രവചനങ്ങളുടെ നിവർത്തിയെ തെറ്റായ സ്ഥലത്തേക്ക്, തെറ്റായ സമയത്തിലേക്ക്, തെറ്റായ ശക്തിക ളിലേക്ക് നോക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ പ്രവ ചന കലണ്ടറിൽ നിറവേറ്റപ്പെടുന്ന പ്രവചനങ്ങളെ മാറ്റുവാൻ കഴിയു മെന്ന് ഈ ചെറിയ കൊമ്പ് വിശ്വസിക്കുന്നു. **ഒമ്പതാമത്:-** അത് ദൈവത്തിന്റെ വിശുദ്ധ കല്പനകളെ (നിയമങ്ങളെ) മാറ്റുവാൻ ശ്രമി ക്കും. ദൈവത്തിന്റെ കല്പനകളിലും അവൻ കൈവെയ്ക്കുന്നു. കല്പ നകളെ നശിപ്പിക്കും എന്നല്ല പറഞ്ഞിരുന്നത്.കല്പനകളിൽ മറ്റം വരുത്തും എന്നാണ് പറഞ്ഞിരിക്കുന്നത്.

**പത്താമത്തേത്:-** ഈ ചെറിയ കൊമ്പ് തേർവാഴ്ച നടത്തും എന്ന് പറഞ്ഞിരിക്കുന്നു. ദാനി 7:25 "കാലവും കാലങ്ങളും കാലാം ശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും". വെളിപ്പാട് 12 ൽ സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയ അതേ സമയം തന്നേ ഇവിടെ പറഞ്ഞിരിക്കുന്നു. ഇങ്ങനെ ക്രമമായല്ലേ നാം വേദപുസ്തക പ്രവച

നങ്ങൾ പഠിക്കേണ്ടത്. ഇത് വെറും ഊഹാപോഹങ്ങൾ അല്ല. നാം പ്രവചനങ്ങളുടെ ചരിത്രത്തിലുള്ള നിറവേറൽ എന്ന രീതി പിൻതുടരുകയാണെങ്കിൽ ചരിത്രത്തിന്റെ ഒഴുക്കിൽ നാം എവിടെയാണ് നിൽക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. അത് വളരെ ലളിതമാണ്. **എതിർക്രിസ്തുവിനെക്കുറിച്ചുള്ള പത്ത് പ്രവചനങ്ങൾ** ഒന്ന് സംക്ഷേപിക്കാം. **ഒന്നാമതായി** ഇത് റോം അണ്. **രണ്ടാമത്** റോം പത്തായി വിഭജിക്കപ്പെട്ടശേഷമാണ് ഇത് വരുന്നത് **മൂന്നാമത്** ഇത് ആ പത്ത് കൊമ്പുകളുടെ (രാജ്യങ്ങളുടെ) ഇടയിൽ നിന്നും ആണ് ഉത്ഭവിക്കേണ്ടത്. അത് പടിഞ്ഞാറൻ യൂറോപ്പ്യൻ രാജ്യങ്ങളിൽ നിന്നായിരിക്കണം. **നാലാമത്** അതു പത്തു രാജ്യങ്ങളിൽ മൂന്നെണ്ണം വേരോടെ പിഴുതു കളയണം **അഞ്ചാമത്** അത് ദൈവത്തിന് എതിരെ ദൂഷണം പറയുന്നതായിരിക്കും അത് ഭൂമിയിൽ ദൈവം ആണെന്ന് അവകാശപ്പെടും. കൂടാതെ പാപങ്ങൾ മോചിക്കുവാൻ അധികാരം ഉണ്ടെന്ന് അവകാശപ്പെടണം. **ആറാമതായി** കൊച്ചുകൊമ്പിന്റെ ഭരണം മറ്റ് രാജ്യങ്ങളിൽനിന്ന് വിഭിന്നമായിരിക്കണം. **ഏഴാമത്** അത് ദൈവജനത്തെ ഉപദ്രവിക്കും. **എട്ടാമത്** ദൈവത്തിന്റെ പ്രവചനങ്ങളെ മാറ്റുവാൻ ശ്രമിക്കും. **ഒൻപതാമത്** ദൈവകല്പനകളെ മാറ്റുവാൻ ശ്രമിക്കും. **പത്താമത്** അത് ഭരിക്കുന്ന സമയം കാലവും കാലങ്ങളും കാലാശവും ആയിരിക്കും.

ഇനിയും വെളിപ്പാട് പതിമൂന്നിലേക്ക് വരാം. ഇത് ചരിത്രത്തെ പൂർണ്ണമാക്കുന്നു. ദാനിയേൽ 7-ാം അദ്ധ്യായത്തിലെ ചെറിയകൊമ്പിന്റെ പിറകിൽ ഉള്ള ശക്തി ആരാണ്? വെളിപ്പാട് 12-ൽ മഹാസർപ്പം സ്ത്രീയുടെ പിന്നാലെ പോകുന്നു. ദാനിയേൽ 7-ൽ ചെറിയകൊമ്പു വിശുദ്ധന്മാരുടെ പിന്നാലെ പോകുന്നു. ഇത് രണ്ടും ഒന്നാണെന്ന് മനസ്സിലാക്കിത്തരുവാൻ ആധുനിക ശാസ്ത്രജ്ഞന്റെ ആവശ്യം നമുക്കില്ല. ചെറിയ കൊമ്പ് സാത്താന്റെ പ്രതിനിധി ആണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേ ഉള്ളൂ. സംഭവങ്ങളുടെ പിന്നിൽ ആരാണെന്ന് വെളിപ്പാട് 12 പറയുന്നു. ദാനിയേൽ 7-ാം അദ്ധ്യായം മൂന്നിലുള്ള ആൾ ആരെന്ന് പറയുന്നു. അത് ദൈവജനത്തെ ഉപദ്രവിച്ച ശക്തിയാണ്.

വെളിപ്പാട് 13:1 അപ്പോൾ പത്തുകൊമ്പും ഏഴ് തലയും കൊമ്പുകളിൽ പത്ത് രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നും കയറുന്നത് ഞാൻ കണ്ടു. രണ്ടാം വാക്യം



പ്രധാനമാണ്. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്ക് സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. ഇത് നമ്മെ ദാനിയേൽ ഏഴിലേക്ക് നയിക്കുന്നു. ദാനിയേൽ 7- ലെ ക്രമം സിംഹം കരടി, പുള്ളിപുലി, ഘോരമൃഗം എന്നാണെങ്കിൽ വെളിപ്പാട് 13-ൽ ഘോരമൃഗം, പുള്ളിപുലി, കരടി, സിംഹം എന്നിങ്ങനെ ആണ്. കാരണം ദാനിയേൽ സിംഹത്തിന്റെ ഭരണകാലത്തു നിന്നുകൊണ്ട് മുമ്പിലേക്ക് നോക്കുന്നു. യോഹന്നാൻ ഘോരമൃഗത്തിന്റെ ഭരണകാലത്തു നിന്നുകൊണ്ടു പിറകിലേക്ക് നോക്കുന്നു. "അതിനു മഹാ സർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു". ദാനിയേൽ 7-ാം അദ്ധ്യായത്തിലെ പ്രവചനത്തിൽ സിംഹം കരടി, പുള്ളിപ്പുലി, ഘോരമൃഗം, പത്തുകൊമ്പുകൾ, പിന്നെ ചെറിയ കൊമ്പ് ഈ അധികാരങ്ങൾ തമ്മിൽ സമമാണ്. അതുകൊണ്ട് ചെറിയ കൊമ്പ് എന്നത് വെളിപ്പാട് 13 ലെ മൃഗത്തിനു തുല്യമാണ്. അത് വിശ്വസനീയം അല്ലെങ്കിൽ, ഈ മൃഗത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ശ്രദ്ധിക്കൂ. വെളിപ്പാട് 13:7- ൽ ഈ മൃഗത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. വിശുദ്ധന്മാരോട് യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു. 13- 6 -ൽ അത് ദൈവത്തിന്റെ നാമത്തേയും അവന്റെ കൂടാരത്തെയും സ്വർഗ്ഗത്തിൽ വസിക്കുന്നവരേയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. ചെറിയകൊമ്പും ദൈവദൂഷണം പറഞ്ഞു. ഈ ശക്തി എത്രനാളാണ് ഭരിച്ചത്? വെളി 13:5 "വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു. 42 മാസം പ്രവർത്തിപ്പാനുള്ള അധികാരവും ലഭിച്ചു". ഇത് വളരെ രസകരമായിരിക്കുന്നു. നാല്പത്തിരണ്ടു മാസം എത്ര ദിവസമാണ്? വേദപുസ്തകമാസങ്ങൾക്ക് മുപ്പതു ദിവസങ്ങളാണ്. ഉള്ളത്. അതായത് 42x30=1260 ദിവസം. ഇത് ചെറിയ കൊമ്പിന്റെ കാലവും കാലങ്ങളും കാലാശംവും തന്നെയല്ലേ? ഇത് സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയ ആ 1260 വർഷങ്ങൾ തന്നെ ആണ്. പ്രവചനത്തിൽ ഒരു ദിവസം ഒരു വർഷമായിട്ടാണ് കണക്കാക്കുന്നത്. ഈ പ്രവചനങ്ങൾ എല്ലാം ഒന്നു തന്നെയാണ്. സാത്താനാണ് ഈ സംഭവങ്ങളുടെ പിന്നിലുള്ള ശക്തി എന്ന് വെളിപ്പാട് 12 പറയുന്നു. അവസാനത്തെ പ്രവചനങ്ങൾ എന്തെല്ലാം ആണെന്ന് നോക്കാം. കളിമണ്ണ് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ തുടരുന്നതായിരിക്കും. ചെറിയകൊമ്പിന്റെ ആധിപത്യം

കാലവും കാലങ്ങളും കാലാംശവുമാണ്. തുടർന്ന് യേശു വീണ്ടും വരുമ്പോൾ അവന്റെ ആധിപത്യം എടുത്തുകളയുന്നതായി പിന്നീട് ദാനിയേൽ 7 -ൽ വിശദീകരിച്ചിരിക്കുന്നു. അങ്ങനെ നടക്കണമെങ്കിൽ അതിന്റെ ശക്തി വീണ്ടും വരേണ്ടതായിട്ടുണ്ട്. ഈ മൃഗത്തേക്കുറിച്ചുള്ള മറ്റൊരു പ്രവചനം വെളിപ്പാട് 13:3 ൽ കാണാം. അതിന്റെ തലകളിൽ ഒന്ന് മരണകരമാം മുറിവേറ്റതുപോലെ ഞാൻ കണ്ടു. അത് 1260 വർഷം കഴിഞ്ഞപ്പോൾ ആയിരുന്നു. അതിന്റെ മരണകരമായ മുറിവ് പൊറുത്തുപോയി ഭരിക്കുന്നതിനുള്ള ശക്തി വീണ്ടും കിട്ടും. യേശു വരുന്നതുവരെ അത് ഭരിക്കയും ചെയ്യും.

എങ്ങനെ ആണ് മരണകരമായ മുറിവ് ഏറ്റത്? വാളാൽ ആണ് മുറിവ് ഉണ്ടായത്. അപ്പോ. പൗലോസിന്റെ അഭിപ്രായപ്രകാരം (റോമർ13:14) ഗവൺമെന്റിന് (അധികാരത്തിന്) ആണ് വാൾ ഉള്ളത് ആത്മാവിന്റെ വാൾ ആകുന്നു വേദപുസ്തകം. ഈ സാഹചര്യത്തിൽ വാൾ പ്രതിനിധീകരിക്കുന്നത് വേദപുസ്തകത്തെ അല്ല. ഒരുവൻ തെറ്റായി പ്രവർത്തിച്ചിട്ട് അധികാരത്തെ ധിക്കരിച്ചാൽ ഗവൺമെന്റ് വാൾ ഉപയോഗിക്കും. അതുകൊണ്ട് വാൾ പ്രതിനിധീകരിക്കുന്നത് ഗവൺമെന്റിന്റെ അധികാരത്തെയാണ്. അതിന്റെ അർത്ഥം 1260 വർഷങ്ങൾക്കുശേഷം ഗവൺമെന്റ് വന്ന് ഈ മതശക്തിക്ക് ഒരു മുറിവ് കൊടുക്കും എന്നാണ്.

അവസാനത്തെ പ്രവചനം വെളി13:18ൽ "ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ അത് ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ 666". ഈ മനുഷ്യനെ എങ്ങനെ തിരിച്ചറിയും?. 17-ാം വാക്യത്തിലേക്ക് നോക്കാം മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലതെ വാങ്ങുകയോ വിൽക്കുകയൊ ചെയ്യുവാൻ വഹിയാതെയും ആകുന്നു. മൃഗത്തിന്റെ പേരിലൂടെ ആണ് സംഖ്യ കണ്ടുപിടിക്കേണ്ടത്. (പേരിന്റെ സംഖ്യ) അതായത് പേരിലുള്ള അക്ഷരങ്ങളുടെ സംഖ്യ കൂട്ടുമ്പോൾ 666 എന്ന സംഖ്യ കിട്ടണം. പേരും പേരിന്റെ സംഖ്യയും ലഭിക്കുന്നതിന് ഏതു ഭാഷ നാം ഉപയേഗിക്കും. ലത്തീൻ ഭാഷ ഉപയോഗിക്കണം. കാരണം ഇതൊരു റോമൻ ശക്തിയാണ് ഇത് ലത്തീൻ പേരും പേരിന്റെ സംഖ്യ 666 ഉം ആയിരിക്കണം. കൂടാതെ വെളിപ്പാട് 13 ന്റെ 1 ൽ പറയുന്നത് ഇതൊരു ദൂഷണ നാമം ഉള്ള പേരാണ് എന്ന്. ഈ ശക്തി റോമൻ



കത്തോലിക്കാ പാപ്പാത്വമാണ്. റോമൻ കത്തോലിക്കാ പാപ്പാത്വം റോമൻ ആണ്. അതിനെ റോമൻ കത്തോലിക്കാ സഭ എന്നു പറയുന്നു. അതിന്റെ ഭാഷ ലത്തീൻ ആണ്. അതിന്റെ ശക്തിയുടെ ആ സ്ഥാനം റോമിൽ ആണ്. അവരുടെ നേതാവിന്റെ പേര് പൊന്തിഫക്സ് മാക്സിമസ് എന്നാണ്. അത് ലത്തീൻ ഭാഷയിലുള്ളതാണ്. ഏറ്റവും ഉയർന്ന പൊന്തിഫിന്റെ മതം പഴയ റോമിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. അതിന്റെ സംഘടനയുടെ രീതി റോമിൽ നിന്നും ഉൾകൊണ്ടിട്ടുള്ളതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അത് റോം ആണ്. പത്തുകൊമ്പുകൾ ഉള്ളപ്പോൾ ആയിരുന്നു റോമൻ കാത്തോലിക്കാ പാപ്പാത്വം വന്നത്. രേഖകൾ പരിശോധിച്ചാൽ A.D 538-ൽ ആ ശക്തി നിലവിൽ വന്നു എന്ന് കാണുവാൻ കഴിയും. ആ അവസരത്തിൽ റോമിന്റെ ജസ്റ്റീനിയൻ ചക്രവർത്തി പറഞ്ഞു: രാജ്യത്തിലെ കിഴക്കിന്റേയും പടിഞ്ഞാറിന്റേയും ആയ സഭകളുടെ പ്രഭു ഇനിമുതൽ പോപ്പായിരിക്കുമെന്ന്. അങ്ങനെ പാപ്പാത്വം പടിഞ്ഞാറൻ യൂറോപ്പിൽ നിന്നുമാണ് വന്നത്. റോമൻ കാത്തോലിക്കാ പാപ്പാത്വം 3 രാജ്യങ്ങളെ വേരോടെ പിഴുതുകളഞ്ഞത് ഒരു നീണ്ട കഥയാണ്. ആരിയൂസ് വർഗ്ഗത്തിൽപ്പെട്ട മൂന്ന് രാജ്യങ്ങൾ ഉണ്ടായിരുന്നു. യേശുവിനെ സൃഷ്ടിക്കപ്പെട്ടവനായി ഇവർ പഠിപ്പിച്ചിരുന്നു. അവരെ നശിപ്പിക്കാൻ പോപ്പ് തീരുമാനിച്ചു. സാമ്രാജ്യത്തിന്റെ സഹായത്തോടെ A.D 493-ൽ ഹെറൂളിയേയും 534 ൽ വാൻഡൽസിനേയും A.D 538- ൽ ഓസ്ട്രഗോദ്സിനേയും നശിപ്പിച്ചു. ഈ മൂന്നു രാജ്യങ്ങളിൽ നിന്നുള്ള പിൻതുടർച്ചക്കാരെ യൂറോപ്പിൽ എങ്ങും കാണുവാൻ സാധിക്കുകയില്ല. അവർ വേരോടെ പറിഞ്ഞുപോയി. ഇത് സാധിക്കുവാനായി സഭ സാമ്രാജ്യത്തെ ഉപയോഗിച്ചു. ചരിത്രപരമായി അത് തെളിയിക്കുവാൻ സാധിക്കും. പോപ്പ്, ദൈവത്തെ ഈ ഭൂമിയിൽ പ്രതിനിധീകരിക്കുന്നു എന്ന് റോമൻ കത്തോലിക്കാ പാപ്പത്വം അവകാശപ്പെടുന്നു. റോമൻ കത്തോലിക്കരുടെതന്നെ ഉറവിടങ്ങളിൽ നിന്നുള്ള ലേഖനങ്ങളിൽ നിന്നും ഇത് ധാരാളമായി വായിക്കുവാൻ കഴിയും. റോമൻ കത്തോലിക്കാ പാപ്പത്വത്തിന് പാപങ്ങളെ മോചിക്കുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നുണ്ട്. അവരുടെ പള്ളികളിൽ പാപം മോചിച്ചുകിട്ടുവാനുള്ള പ്രത്യേകസ്ഥലം തന്നെയുണ്ട്. ഇവയെല്ലാം ദൈവദൂഷണസ്വഭാവങ്ങൾ ആണ്. പാപ്പത്വം മറ്റ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായുള്ളതാണ്. അതൊരു രാജ്യമാണ്. എന്നാൽ അതൊരു സഭയാണ്. രാജ്യവും സഭയും

ഒന്നിച്ചിരിക്കുന്നത് ഇരുമ്പും കളിമണ്ണും യോജിച്ചിരിക്കുന്നതിനെ പ്രതി നിധീകരിക്കുന്നു. അതുകൊണ്ട് പാപ്പാത്വം തികച്ചും വ്യത്യസ്തമാണ്. റോമൻ കത്തോലിക്കാ പാപ്പാത്വം ദൈവജനത്തെ ഉപദ്രവിച്ചിട്ടുണ്ട്. അതിന്റെ 1260 വർഷത്തെ വാഴ്ചയ്ക്കിടയിൽ 50 മില്യൻ ജനങ്ങളെ കൊന്നൊടുക്കിയതായി കണക്കാക്കപ്പെടുന്നു.

ദൈവത്തിന്റെ പ്രവചനസംഭവങ്ങളെ പാപ്പത്വം മാറ്റുവാൻ ശ്രമിച്ചിട്ടുണ്ട്. പ്രവചനങ്ങളുടെ വിശദീകരണങ്ങൾക്ക് എതിരായി അവർ രണ്ട് വിധത്തിലുള്ള വ്യാഖ്യാനങ്ങൾ കൊണ്ടുവന്നു. അതിൽ ആദ്യത്തേത് എതിർക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാംതന്നെ റോമാസാമ്രാജ്യത്തിന്റെ വാഴ്ചക്കാലത്ത് ഉണ്ടായിരുന്ന ദുഷ്ടമനുഷ്യനായ അന്റിയോക്ക് എപ്പിഫനേസ് എന്ന വ്യക്തിയുടെ കാലത്ത് നിവർത്തിയായി എന്നതാണ്. രണ്ടാമത്തെ കാഴ്ചപ്പാട് ജെസ്യൂട്ട് പുരോഹിതനായ റിബറോ സ്ഥാപിച്ചതാണ്. അദ്ദേഹം പറഞ്ഞത്:- ഏറ്റവും അന്ത്യകാലത്ത് ഒരു ദുഷ്ടമനുഷ്യൻ എഴുന്നേൽക്കും. സഭ ഉത്പ്രാണനം ചെയ്തതിനു ശേഷം അവൻ യഹൂദന്മാരെ ഉപദ്രവിക്കും. ഇതാണ് ഇന്നത്തെ പ്രൊട്ടസ്റ്റന്റുകാർ വിശ്വസിക്കുന്നത്. എന്നാൽ ഇത് സൃഷ്ടിച്ചത് റോമൻ കത്തോലിക്കാ സഭയാണ്. ഇവ വേദപുസ്തക പ്രവചനങ്ങൾക്ക് എതിരായ രണ്ട് വ്യത്യസ്ത വ്യാഖ്യാനങ്ങൾ ആണ്.

റോമൻ കത്തോലിക്കാ പാപ്പാത്വത്തിന് ദൈവകല്പനകൾ മാറ്റുവാൻ അധികാരം ഉണ്ടെന്ന് അവകാശപ്പെടുന്നു. റോമൻ കത്തോലിക്കാ എഴുത്തുകാർ എഴുതിയിരിക്കുന്ന ഏകദേശം 16 പേജുകൾ വരുന്ന പ്രസ്താവനകൾ പറയുന്നത് ദൈവം സഭയ്ക്ക് കൊടുത്ത അധികാരത്താൽ ഞങ്ങൾ ആരാധനാ ദിവസം ശനിയാഴ്ചയിൽ നിന്നും ഞായറാഴ്ചയിലേക്ക് മാറ്റി എന്നാണ്. യാതൊരു മടിയും ഇല്ലാതെ അവർ അത് പറയുന്നു. അവരുടെ പ്രസിദ്ധീകരണങ്ങളിൽ തങ്ങൾ ആണ് അത് മാറ്റിയത് എന്ന് പലതവണ പറഞ്ഞിരിക്കുന്നു.

റോമൻ കത്തോലിക്കാ കാറ്റക്കിസം പരിശോധിച്ചാൽ വിഗ്രഹങ്ങളെ നമസ്ക്കരിക്കരുത് എന്ന കല്പന മാറ്റിയിരിക്കുന്നതായി കാണാം. ഒരു കല്പന മാറ്റിയതുകൊണ്ട് കല്പനകളുടെ എണ്ണം ഒൻപതായി. പത്ത് തികയ്ക്കാൻ പത്താമത്തെ കല്പന രണ്ടാക്കി.

ഏദനിൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷം ഉണ്ടായിരുന്നു. അതിന്റെ ഫലം നീ തിന്നരുത്. തിന്നുള്ള നാളിൽ നീ മരിക്കും



എന്ന് ദൈവം മനുഷ്യനോട് പറഞ്ഞു. എന്താണ് ഈ വൃക്ഷത്തിന്റെ പ്രത്യേകത? മറ്റു വൃക്ഷങ്ങളെക്കാൾ ഉയരമോ, പരപ്പോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കാഴ്ചയിൽ ഇതും മറ്റ് വൃക്ഷങ്ങളെപ്പോലെതന്നെ ആയിരുന്നു. ഒരു വൃക്ഷത്തിന്റെ ഫലം മാത്രം തിന്നരുത്. അത് ഏതു വൃക്ഷം ആകണമെന്ന് നിങ്ങൾ തിരഞ്ഞെടുത്തുകൊൾക. എന്ന് ദൈവം ആദമിനോട് പറഞ്ഞില്ല. വൃക്ഷം തെരഞ്ഞെടുത്തത് ദൈവം ആയിരുന്നു. ദൈവം പറഞ്ഞു:- ഈ വൃക്ഷത്തിൽ നിന്നും നിങ്ങൾ തിന്നരുത്. അത് എന്റേതാണ്. നിങ്ങൾ അത് ഇഷ്ടംപോലെ ഉപയോഗിക്കരുത്. ആ വൃക്ഷത്തെ സംബന്ധിച്ചിടത്തോളം ദൈവം ഗൗരവമുള്ളവനായിരുന്നു. എന്നാൽ മറ്റുള്ളവയിൽനിന്ന് ഈ വൃക്ഷത്തെ വേർതിരിച്ചത് അതിന്റെ ഫലം തിന്നരുതെന്ന് ദൈവം പറഞ്ഞ ആ വാക്കായിരുന്നു.

ആഴ്ചയുടെ എല്ലാ ദിവസങ്ങളിലും സൂര്യൻ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. ഒരു ദിവസവും മറ്റുള്ളവയെക്കാൾ പ്രത്യേകത ഉള്ളതായി കാണുന്നില്ല. പക്ഷെ, ഏഴാംദിനത്തെക്കുറിച്ച് ദൈവം പറയുന്നു: അത് തന്റേതാണ് എന്ന്. യെശ. 56:4, യെഹ. 20:1213,15, യെശ. 58:13. ദൈവം തന്റേത് എന്ന് അവകാശപ്പെട്ടതുകൊണ്ടാണ് ആ ദിവസം മറ്റുള്ള ദിവസങ്ങളെക്കാൾ പ്രത്യേകമായത്. കൂടാതെ ഏഴാം ദിനത്തെ മാത്രമേദൈവം അനുഗ്രഹിച്ച് ശുദ്ധീകരിച്ചിട്ടുള്ളൂ. ഉല്പത്തി 2:3, പുറപ്പാട് 20:11. അന്നേദിവസം വിശുദ്ധ സഭായോഗം ഉണ്ടായിരിക്കേണം. ലേവ്യർ 23:3. ദൈവം പറഞ്ഞതിനെ ധിക്കരിച്ച് മനുഷ്യൻ വേറൊരു ദിവസം തെരഞ്ഞെടുത്താൽ അത് ദൈവം സ്വീകരിക്കുമെന്ന് തോന്നുന്നുണ്ടോ?

മരുഭൂമിയിൽ മന്ന വർഷിച്ചപ്പോൾ ഏഴാംദിനം ഏതെന്ന് ദൈവം കാണിച്ചു. അന്നുമുതൽ ഇന്നയോളം യഹൂദന്മാർ ഏഴാംദിനമായി ശനിയാഴ്ചയാണ് ആചരിക്കുന്നത്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ യേശു ഉയിർത്തെഴുന്നേറ്റു. അത് ഈസ്റ്റർ സൺഡേ ആയി മുഴുലോകവും ആഘോഷിക്കുന്നു. ഞായർ ഒന്നാം ദിനമാണെങ്കിൽ ഏഴാം ദിനം ശനിയാണ്.

എ.ഡി. 538-ൽ ജസ്റ്റീനിയൻ കല്പന പുറപ്പെടുവിച്ചതാണ് പാപ്പാത്വഭരണത്തിന്റെ തുടക്കം. 1260 വർഷത്തെ ഭരണകാലത്ത് കത്തോലിക്കാ സഭ തങ്ങളുടെ ആവശ്യങ്ങൾ കാണുന്നതിനുവേണ്ടി രാജ്യശക്തികളെ ഉപയോഗിച്ചിരുന്നു. ഇത് അറിയുവാൻ നാം ചരിത്രപുസ്തകങ്ങൾ വായിച്ചാൽ മതിയാകും. എന്നാൽ പെട്ടെന്ന് വാൾ ഈ ശക്തിക്ക് എതിരെ

വന്നു. 1798 ഫെബ്രുവരി 10-ാം തീയതി ജനറൽ ബർത്തിയർ (നെപ്പോളിയന്റെ സൈന്യാധിപതി) വത്തിക്കാനിൽ പ്രവേശിച്ചു. പോപ്പ് പിയൂസ് ആറാമൻ, താൻ സിംഹാസനത്തിൽ ആരോഹണം ചെയ്തതിന്റെ വാർഷികം ആഘോഷിക്കുകയായിരുന്നു. ബർത്തിയർ പോപ്പിനെ അടിമയാക്കി. അവസാനം ഫ്രാൻസിൽ വച്ച് അദ്ദേഹം മരിച്ചു. പാപ്പാത്വം ഇല്ലാതാക്കുന്നതിന് നെപ്പോളിയൻ ദൃഢനിശ്ചയം ചെയ്തിരുന്നു. പാപ്പാത്വത്തിന് തങ്ങളുടെ ആവശ്യങ്ങൾക്കായി രാജ്യങ്ങളെ ഉപയോഗിക്കുവാനുണ്ടായിരുന്ന കഴിവിനെ ഫ്രാൻസ് എടുത്തു മാറ്റി. 1798ന് ശേഷം ഉടനെ വന്ന വർഷങ്ങളിൽ യൂറോപ്പിലെ രാജ്യങ്ങൾ ഒന്നുംതന്നെ പാപ്പാത്വവുമായി ഒരുതരത്തിലും ഉള്ള ബന്ധങ്ങൾക്ക് തയ്യാറായില്ല. 1260 വർഷത്തെ ഈ ശക്തിയുടെ ഭരണത്തിൽ എന്താണ് സംഭവിച്ചതെന്ന് അവർ കണ്ടു കഴിഞ്ഞിരുന്നു. അങ്ങനെ ഫ്രാൻസ് എഴുന്നേറ്റ് ഈ ശക്തിയുടെ രാജ്യാധികാരത്തെ എടുത്തുമാറ്റിക്കളഞ്ഞു. എന്നാൽ സഭ എന്ന നിലയിൽ റോമൻ കത്തോലിക്കാ സഭ അപ്രത്യക്ഷമായില്ല. മലക്കായി മാർട്ടിൻ തന്റെ "Keys of the blood" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ലോകരാജ്യങ്ങൾ ഇരുനൂറ് വർഷക്കാലം റോമൻ കത്തോലിക്കാ പാപ്പത്വത്തെ ഒരു പ്രവൃത്തിയും ചെയ്യുവാൻ അനുവദിക്കാതെ ഇരുത്തി എന്നാണ്.

എന്നാൽ ഇന്ന് അത് അതിന്റെ ശക്തി ക്രമേണ തിരിച്ചുപിടിക്കുന്നതായി കാണാം. അതിന് പണ്ട് ഉണ്ടായിരുന്നതുപോലെ ഇപ്പോൾ കൂടുതൽ പ്രശസ്തി കിട്ടുന്നുണ്ടോ? പോപ്പിന് അത് ആവശ്യമുണ്ട്. പോപ്പ് ചെയ്യുന്ന കാര്യങ്ങൾ എല്ലാം ഇപ്പോൾ വീഡിയോ വാർത്തയിലൂടെ ലോകരെ അറിയിക്കുന്നു. കാരണം ഈ ശക്തിക്ക് അത്ഭുതകരമായ കീർത്തിയാണ്. ഉള്ളത്. എന്നാൽ വേദപുസ്തകം ഇതിനെ എതിർക്രിസ്തു എന്ന് വിളിക്കുന്നു. എന്നാൽ മനസ്സിലാക്കുക:- കത്തോലിക്കാ സഭയിൽ ഉള്ളവരെല്ലാം ദുഷ്ടന്മാർ അല്ല, വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ സത്യജനങ്ങൾ കൂടുതലും അതിൽ ഉണ്ട്. അവർ സത്യം അറിയുകയും അനുസരിക്കുകയും വേണം. ദൈവം പറയുന്നു:- എന്റെ ജനമായുള്ളോരേ, അവളെ വിട്ടു പോരുവീൻ. വെളി. 18:4....

പാപ്പാത്വം മുറിവേൽക്കപ്പെടുക മാത്രമല്ല ചെയ്തത്. അതിപ്പോൾ അതിന്റെ മുറിവ് പൊറുപ്പിക്കുന്ന കാലഘട്ടത്തിലാണ്. തുടർന്ന് അത് ലോകത്തെ മുഴുവൻ ഭരിക്കും. ലോകം മുഴുവനും ഈ ശക്തിയെ പിൻതുടരും. പ്രൊട്ടസ്റ്റന്റുകാരും പെന്തക്കോസ്തുകാരും ബ്രദറൺകാരും



അതിൽപ്പെടും.

കൂടാതെ പോപ്പിന് ഒരു പേരുണ്ട്. അത് വികാറിയസ് ഫിലാഡി എന്നാണ്. അതിന്റെ അർത്ഥം ക്രിസ്തുവിന്റെ പകരക്കാരൻ എന്നാണ്. 17-ാം നൂറ്റാണ്ടുവരെ ഉണ്ടായിരുന്ന പോപ്പുമാരുടെ കിരീടങ്ങളിൽ ഈ പേര് ഉണ്ടായിരുന്നു. എന്നാൽ ചില പ്രത്യേക കാരണത്താൽ അത് നീക്കം ചെയ്യപ്പെട്ടു. ലത്തീൻ ഭാഷയിൽ ഉള്ള ഈ പേരിന്റെ അക്ഷരങ്ങളുടെ സംഖ്യ കൂട്ടിയാൽ 666 എന്ന സംഖ്യ കിട്ടും. എല്ലാ പ്രവചനങ്ങളും ഈ ശക്തിയിൽ നിവൃത്തിയായിരിക്കുന്നതിനാൽ ഈ ശക്തി ഏത് എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ടാ. അത് റോമൻ കത്തോലിക്കാ പാപ്പത്വമാണ്. ദൈവജനം ഈ ശക്തിയെ വിട്ട് ഓടി പോരേണ്ടതാണ്. ഇതിന്റെ ശക്തിയിൽ ഒരിക്കലും വീണു പോകാൻ ഇടവരരുത്.

## വികാറിയസ് ഫിലാഡി

**VICARIUS FILII DEI**

| VICARIUS | | FILII | | DEI | |
|---|---|---|---|---|---|
| V | - 5 | I | - 1 | | |
| C | - 100 | F | - 0 | D | - 500 |
| A | - 0 | I | - 1 | E | - 0 |
| R | - 0 | L | - 50 | I | - 1 |
| I | - 1 | I | - 1 | | - 501 |
| U | - 5 | I | - 1 | | |
| S | - 0 | | - 53 | | |
| | - 112 | | | | |

112
53
501
666

U വിനും V ക്കും ഒരേ വിലയാണ് വിശ്വവിജ്ഞാന കോശത്തിൽ. അക്ഷരമാല (Alphabet) എന്ന ഭാഗം വായിക്കുക.

# 5.

## പ്രവചനത്തിൽഅമേരിക്ക

വെളിപ്പാട് 13-ൽ  മറ്റൊരു മൃഗം ഭൂമിയിൽ നിന്ന് കയറുന്നതു ഞാൻ കണ്ടു എന്ന് എഴുതപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ മൃഗത്തെ തിരിച്ചറിയേണ്ടതിന് അതിന്റെ പന്ത്രണ്ട് സ്വഭാവവിശേഷങ്ങളെ പഠിക്കണം. മറ്റൊരു മൃഗം ആദ്യത്തെ മൃഗത്തിന് മരണകരമായ മുറിവ് ഉണ്ടായതിനു ശേഷമാണ് ഈ മൃഗം വന്നത്. കാരണം പത്താം വാക്യം മരണകരമായ മുറിവിനെക്കുറിച്ച് സംസാരിക്കുന്നു. ആ മുറിവ് സംഭവിച്ചത് 1798 ൽ ആണ്. ഇത് ചരിത്രസംഭവം ആണ്. ചരിത്ര പുസ്തകങ്ങളിൽ വായിക്കാവുന്നതാണ്.

1. ഈ മൃഗം വരേണ്ടത് 1798 നോട് അടുപ്പിച്ചുള്ള വർഷങ്ങളിൽ ആയിരിക്കണം. പ്രവചനത്തിൽ മൃഗം പ്രതിനിധീകരിക്കുന്നത് സാമ്രാജ്യത്തെയോ രാജ്യത്തെയോ ആണ്.

2. ഈ മൃഗവും ഒരു രാജ്യത്തെ പ്രതിനിധീകരിക്കുന്നു. വളരെ കുറച്ച് ജനങ്ങൾ മാത്രം ഉണ്ടായിരുന്നിടത്തുനിന്ന്.

3. മൂന്നാമതായി - ഭൂമിയിൽ നിന്ന് കയറുന്നത് കണ്ടു. ഇവിടെ ഒരു ചെടി മുളെക്കുന്നതിന് ഉപയോഗിക്കുന്ന അതേ പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത്. വളർന്ന ഒരു വൃക്ഷത്തെക്കുറിച്ചല്ല ഇവിടെ പറയുന്നത് മുളച്ചു വരുന്ന ഒരു ചെടിയെക്കുറിച്ചാണ്. ഇത് കാണിക്കുന്നത് 1798-ൽ ഈ രാജ്യം അതിന്റെ മുഴുവൻ ശക്തിയും പ്രാപിച്ചിരുന്നില്ല. ഭൂമിയിൽ നിന്നും മുളച്ചു വരുന്ന അവസ്ഥയിലായിരുന്നു.

4. നാലാമത്തെ സ്വഭാവം - അത് ഭൂമിയിൽ നിന്നാണ് വന്നത്. മുൻപറഞ്ഞ മൃഗങ്ങൾ എല്ലാം വെള്ളത്തിൽ നിന്നാണ് വന്നത്. അതായത് വംശങ്ങൾ, രാജ്യങ്ങൾ, ഭാഷകൾ, ജനസമൂഹങ്ങൾ എന്നിവ ഉള്ളേടത്ത് നിന്ന്. കൂടാതെ കാറ്റും ഇല്ല. ഈ ശക്തി വരുന്നത് യുദ്ധം ചെയ്തുകൊണ്ടല്ല. ഈ ശക്തിക്ക് അധികാരം കിട്ടുവാൻ വേണ്ടി അതിന് മുമ്പുണ്ടായിരുന്ന ഏതെങ്കിലും ഒരു ശക്തിയുമായിട്ട് യുദ്ധം ചെയ്യുന്നില്ല. ഭൂമിയിൽ നിന്നു വരുന്നു എന്നത് തീരെ ജനവാസം കുറഞ്ഞ സ്ഥലം ആയിരിക്കണം.



5. അഞ്ചാമത്തെ വിശേഷണം വെളിപ്പാട് 13-ൽ നേരിട്ട് കാണാൻ സാധിക്കുകയില്ല. ദാനിയേൽ 7 ലെ മൃഗങ്ങളെ നോക്കാം. അവിടെ ആദ്യത്തെ രണ്ടു രാജ്യങ്ങൾ ഏഷ്യയിൽ നിന്നും ആണ് ഉയർന്നു വന്നത്. അത്   ബാബിലോണും മേദ്യോ-പേർഷ്യയും ആണ്. അടുത്ത രണ്ടെണ്ണം യൂറോപ്പിൽ നിന്നാണ്. ഇവിടെ പ്രവചനം കിഴക്കുനിന്നും പടിഞ്ഞാറേക്ക് നീങ്ങുന്നു. നാം കണ്ട എല്ലാ മൃഗങ്ങൾക്കും ശേഷമാണ് ഈ മൃഗം വരുന്നത്. അതുകൊണ്ട് ഈ ശക്തി ഏഷ്യയിൽ നിന്നും യൂറോപ്പിൽ നിന്നും മാറി വീണ്ടും പടിഞ്ഞാറു നിന്നാണ് വരേണ്ടത്. കാരണം ദൈവജനം കിഴക്കുനിന്നും പടിഞ്ഞാറേക്ക് നീങ്ങുന്നു. ക്രിസ്ത്യാനിത്വം പടിഞ്ഞാറേക്ക് നീങ്ങുമ്പോൾ പ്രവചനവും നീങ്ങുന്നു. പ്രവചനം ജനങ്ങളോടോത്ത് നിവർത്തിയാകുന്നു. ഈ ശക്തി യൂറോപ്പിനും പടിഞ്ഞാറാണ് ഉള്ളത്.

6. ആറാമത്തെ സ്വഭാവവിശേഷം ഇതൊരു ലോക ശക്തിയാണ് എന്നതാണ്. 1260 വർഷം ഭരിച്ച ലോകശക്തിയെപ്പറ്റി വെളിപ്പാട് 13ന്റെ 7ൽ പറയുന്നത് :- സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും അധികാരം അതിന് ലഭിച്ചു എന്നാണ്. അത് ഒരു ലോകശക്തിയായിരുന്നു. ഭൂമിയിൽ നിന്നും വന്ന രണ്ടാമത്തെ മൃഗം യുദ്ധം ചെയ്യുന്നതിനു പകരം അതിന് മുൻപ് ഉണ്ടായിരുന്ന ശക്തിക്ക് അതിന്റെ അധികാരം തിരിച്ചു പിടിക്കുന്നതിന് സഹായിക്കുകയാണ് ചെയ്യുന്നത്. രണ്ടാമത്തെ മൃഗത്തിന്റെ ലക്ഷ്യം അതുമാത്രമാണ്. ഇതു മറ്റു മൃഗങ്ങളെക്കാൾ എല്ലാം വ്യത്യസ്ഥമായിരിക്കുന്നു.

7. ഏഴാമത്തെ പ്രത്യേകത:- ഈ ശക്തി ഒരു ലോക രാഷ്ട്രീയ ശക്തി കൂടിയാണ്. 13:16 ൽ അത് ചെറിയവരും വലിയവരും സമ്പന്ന

ന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റിമേലോ മുദ്ര കിട്ടുമാറാക്കും. എല്ലാവർക്കും മൃഗത്തിന്റെ മുദ്ര കിട്ടത്തക്കവിധം പ്രവർത്തിക്കുവാൻ അതിന് ലോക വ്യാപകമായ രാഷ്ട്രീയ സ്വാധീനം ഉണ്ടായിരിക്കും.

8. കൂടാതെ അതിന് ലോകവ്യാപകമായ സാമ്പത്തിക ശക്തിയും ഉണ്ട്. കാരണം വെളി : 13:17 –മൃഗത്തിന്റെ പേരോ, പേരിന്റെ സംഖ്യയോ ആയ മുദ്ര ഉള്ളവനല്ലാതെ ആർക്കും വാങ്ങുകയോ വിൽക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. വാങ്ങുന്നതി നെയും വിൽക്കുന്നതിനെയും നിയന്ത്രിക്കത്തക്ക ലോകവ്യാപകമായ ഒരു സാമ്പത്തികശക്തി ആയിരിക്കണം.

9. കൂടാതെ ഇതൊരു സൈനീക ശക്തിയും ആയിരിക്കേണം. അതിന്റെ നിയമങ്ങളെ ചുമത്തുവാൻ അതിനു കഴിവുണ്ടായിരിക്കേ ണം. 13:15 മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുപ്പാൻ അതിന്ന് ബലം ലഭിച്ചു. ഒന്നാമത്തെ മൃഗത്തിനു വേണ്ടി ലോകവ്യാപകമായി നിയമ ങ്ങളെ ചുമത്തുവാൻ സൈനിക ശേഷി അതിന് ഉണ്ടായിരിക്കും.

10. ഇത് ഒന്നാമത്തെ മൃഗത്തോടൊപ്പം ഭരിക്കും. ഒന്നാമത്തെ മൃഗത്തെ തോല്പിക്കുന്നില്ല. ഇവ രണ്ടും ഒരേ സമയത്ത് നില നിൽക്കു ന്നു.

1798 നോട് അടുത്ത് ഉത്ഭവിച്ചതും ലോകശക്തിയായി വളർന്ന് നേരത്തെ ലോകശക്തിയോടൊപ്പം ഭരിക്കുന്നതുമായ ഈ രാജ്യം ഏതെന്ന് ചരിത്രത്തിൽ നോക്കാം.

പതിനൊന്നാമത്തെ സ്വഭാവം. രണ്ടാമത്തെ മൃഗം ഒന്നാമത്തെ മൃഗത്തിന് പ്രതിമ ഉണ്ടാക്കും എന്ന് പറഞ്ഞിരിക്കുന്നു. പ്രതിമ എന്നത് ഒരു പ്രതിരൂപം ആണ്. ഈ മൃഗം ഒന്നാമത്തെ മൃഗത്തിനൊരു പ്രതിമ ഉണ്ടാക്കുമ്പോൾ ഈ പ്രതിമ ഒന്നാമത്തെ മൃഗം പ്രവർത്തിച്ചതു പോലെ തന്നെ പ്രവർത്തിക്കുന്നതായിരിക്കും. ഒന്നാമത്തെ മൃഗത്തിന്റെ



സ്വഭാവത്തെ പഠിക്കുക. ഒന്നാമത്തെ മൃഗം ദൈവത്തിന്റെ കല്പന കളെ മാറ്റുവാൻ ശ്രമം നടത്തിയിരുന്നു. രണ്ടാം മൃഗം പ്രതിമ ഉണ്ടാ ക്കുമ്പോൾ ഇത് ദൈവത്തിന്റെ കല്പന മാറ്റുന്ന വിധത്തിലുള്ള ഏതെ ങ്കിലും കാര്യം ആയിരിക്കും ചെയ്യുന്നത്. ഒന്നാമത്തെ മൃഗം ദൈവ ത്തിന്റെ പ്രവചന കലണ്ടർ മാറ്റി. അത് ചെയ്തത് പ്രവചനം എല്ലാം വളരെ നാളുകൾക്ക് മുമ്പുതന്നെ നിവർത്തിയായി എന്നും എതിർ ക്രിസ്തു വിദൂരഭാവിയിൽ വരും എന്നും ഉള്ള പഠിപ്പിക്കലുകളാൽ ആണ്. അക്കാരണത്താൽ എതിർക്രിസ്തു അവരുടെ മുമ്പിൽ നിൽക്കു ന്നത് ജനങ്ങൾക്ക് കാണുവാൻ കഴിയുന്നില്ല. രണ്ടാമത്തെ മൃഗത്തിനും ഇതുപോലെ ഉള്ള പ്രവചന വ്യാഖ്യാനങ്ങൾ കാണണം. ആദ്യത്തെ മൃഗം 1260 വർഷം സഭയും രാഷ്ട്രവുമായി ഒന്നിച്ചു ഭരിച്ചിരുന്നതു പോലെതന്നെ രണ്ടാം മൃഗവും സഭയും രാഷ്ട്രവുമായി ഒന്നിച്ച് കാണ പ്പെട്ടു. സഭയും രാഷ്ട്രവും ഒന്നിച്ച് നിന്നിരുന്നതിനെയും അത് വരു ത്തിയ മാറ്റത്തെയും എതിർത്തവരെ ആദ്യമൃഗം ഉപദ്രവിച്ചതുപോലെ രണ്ടാം മൃഗവും അതിന്റെ തെറ്റുകളെ എതിർക്കുന്നവരെ തീർച്ചയായും ഉപദ്രവിക്കും. അതിനൊരു സംശയവും വേണ്ട.

പന്ത്രണ്ടാമത്തെ വിശേഷണം – “അതിന്ന് കുഞ്ഞാടിന് ഉള്ള രണ്ട് കൊമ്പ് ഉണ്ടായിരുന്നു. അത് മഹാസർപ്പം പോലെ സംസാരി ച്ചു”. ആദ്യമായി വേദപുസ്തക പ്രവചനത്തിൽ കൊമ്പ് എന്തിനെ പ്രതി നിധീകരിക്കുന്നു എന്ന് നോക്കാം. അത് സാമ്രാജ്യത്തെയോ വിഭജിച്ച സാമ്രാജ്യത്തെയോ പ്രതിനിധീകരിക്കുന്നു. ദാനിയേൽ 8–ൽ രണ്ട് കൊമ്പുള്ള ആട്ടുകൊറ്റനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് പ്രതിനി ധീകരിക്കുന്നത് മേദ്യയേയും പേർഷ്യയേയും ആണ്. വീണ്ടും ദാനി യേൽ 8ൽ നാലു കൊമ്പുള്ള കോലാട്ടുകൊറ്റനേയും കാണാം. മഹാ നായ അലക്സാണ്ടർക്കു ശേഷം ഗ്രീസ് നാലായി വിഭജിച്ചതിനെ സൂചി പ്പിക്കുന്നു. ഇവിടെ 2 കൊമ്പ് രണ്ടു രാജ്യങ്ങളെ ആണ് പ്രതിനിധീക രിക്കേണ്ടത്. എന്നാൽ ഒരു മൃഗമേ ഉള്ളൂ. രണ്ടു രാജ്യമായി തോന്നാൻ സാധ്യത ഉള്ള ഒരു രാജ്യമാണിത്.

ഈ രാജ്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന സ്വഭാവവിശേഷങ്ങൾ

ഒന്നു കൂടെ നോക്കാം. ഏത് രാജ്യമാണ് 1798– നോട് അടുത്ത് ഉയർന്നു വന്നത്? വളരെ കുറച്ച് ജനങ്ങൾ ഉള്ളതും പ്രവചനത്തിലുള്ളതു പോലെ മുൻപു നിലനിന്നിരുന്ന ഒരു രാജ്യവുമായി യുദ്ധത്തിൽ ഏർപ്പെടാതിരുന്നതും അത് യൂറോപ്പിൽ നിന്നും കുറെക്കൂടി പടിഞ്ഞാറുമാറി ഉത്ഭവിച്ചതും അതിന്റെ ലോകശക്തി ആദ്യത്തെ മൃഗത്തിന്റെ ശക്തിയോട് സമകാലീകമായതും ലോകവ്യാപകമായ രാഷ്ട്രീയ ശക്തിയുള്ളതും ലോകവ്യാപകമായ സാമ്പത്തിക ശക്തിയുള്ളതും ലോക സൈനികശക്തിയുള്ളതും ആദ്യ മൃഗത്തിന് അതിന്റെ ശക്തിയെ തിരിച്ച് പിടിക്കുവാൻ സഹായിക്കുന്നതും ഒന്നാമത്തെ ശക്തിയുടെ മിക്ക പഠിപ്പീരുകളും പ്രവർത്തികളും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന രാജ്യം. ഈ മൃഗം പ്രതിനിധീകരിക്കുന്നത് എന്തിനെ എന്ന് മനസ്സിലാക്കുവാൻ യാതൊരു പ്രയാസവും ഇല്ല. അത് അമേരിക്ക (USA) ആണ്. അത് എങ്ങനെ?

1798 നോട് അടുത്താണ് അമേരിക്ക എന്ന ശക്തി ഉയർന്നു വന്നത് - Declaration of Independence ഒപ്പിട്ടത് 1776– ൽ ആണ്. ഭരണഘടന ഉണ്ടായത് 1777 - ൽ. 1791 ൽ Bill of rights 1798 ൽ ഒന്നാമത്തെ മൃഗത്തിന് മരണകരമായ മുറിവ് ഉണ്ടായി. അതേ വർഷമാണ് ആദ്യമായി അമേരിക്ക ഒരു രാജ്യവുമായി നയതന്ത്ര ബന്ധം സ്ഥാപിച്ചത്. അത് ഫ്രാൻസുമായി ആയിരുന്നു. അമേരിക്കയെ ഒരു പരമാധികാരിയായ രാജ്യമെന്ന നിലയിൽ അഗീകരിച്ച ആദ്യത്തെ രാജ്യമാണ് ഫ്രാൻസ്. ആ ഫ്രാൻസ് തന്നെയാണ് ഒന്നാമത്തെ മൃഗത്തിനെ മരണകരമായ മുറിവ് ഏല്പിച്ചതും. അമേരിക്കയ്ക്ക് ആദ്യമായി ശക്തി ലഭിച്ചപ്പോൾ അത് മുഴുവനായി വളർന്നിരുന്നില്ല. 1798ൽ അത് മുളച്ച് വരുന്നതേ ഉണ്ടായിരുന്നുള്ളൂ. ഈ രാജ്യം ഉയർന്നു വന്നത് ജനസാന്ദ്രത ഉള്ള പ്രദേശത്തു നിന്നല്ല. വേദപുസ്തക പ്രവചന പ്രകാരം യൂറോപ്പിൽ ഉള്ള ഏതെങ്കിലും രാജ്യത്തെ അമേരിക്കയ്ക്ക് തോല്പിക്കേണ്ടി വന്നില്ല. ഏഷ്യയിൽ നിന്നും യൂറോപ്പിൽ നിന്നും പടിഞ്ഞാറു ഭാഗത്താണോ അമേരിക്ക സ്ഥിതിചെയ്യുന്നത്? അമേരിക്ക ആദ്യത്തെ മൃഗത്തോടൊന്നിച്ച് ലോകവ്യാപകമായി ഭരിക്കുന്നുണ്ട്. അമേരിക്ക



യുടെയും റോമൻ കത്തോലിക്കയുടെയും ശക്തി ലോകവ്യാപകമായിട്ടുള്ളതാണ്. അമേരിക്ക ഒരു ലോക രാഷ്ട്രീയ ശക്തിയാണ്. അത് ലോക സാമ്പത്തിക ശക്തിയും ആണ്. ഒന്നാമത്തെ മൃഗത്തിന് ശക്തിയും അധികാരവും ലഭിക്കുന്നതിന് അമേരിക്ക സഹായിക്കുന്നു. അമേരിക്കയിൽ പ്രൊട്ടസ്റ്റന്റുകാർ സഭയും രാഷ്ട്രവും ഒന്നു ചേരണമെന്ന് പറയുന്നു. ആരാധനക്കായി നാം മാറ്റിവെക്കേണ്ടത് ആഴ്ചയുടെ ഒന്നാം ദിവസം ആണെന്ന് അവർ പറയുന്നു. പ്രവചനങ്ങൾ പാപ്പത്വത്തിലും പിന്തിരിഞ്ഞുപോയ പ്രൊട്ടസ്റ്റന്റിലും നിറവേറുന്നു എന്നവർ പഠിപ്പിക്കുന്നു. ഒരു കാര്യം മാത്രം ഇവിടെ ഇപ്പോൾ കാണാത്തത് ഒന്നാമത്തെ മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കുന്നതും ഉപദ്രവം ഏല്പിക്കാഞ്ഞതും ആണ്. അതിന്റെ സമയം ഇതുവരെ ആയിട്ടില്ല.

ഇനിയും കുഞ്ഞാടിന് ഉള്ളതുപോലെ രണ്ട് കൊമ്പ് ഉണ്ടായിരുന്നത് എന്ത് എന്നു നോക്കാം. കുഞ്ഞാട് എന്ന വാക്ക് വെളിപ്പാട് പുസ്തകത്തിൽ 29 പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഒരു പ്രാവശ്യം ഒഴികെ 28 പ്രാവശ്യവും അത് യേശുക്രിസ്തുവിനെ ആണ് സൂചിപ്പിക്കുന്നത്. കുഞ്ഞാട് യേശുവിനെ ആണ് സൂചിപ്പിക്കുന്നതെങ്കിൽ ഈ കൊമ്പുകൾക്ക് യേശുവുമായി എന്തെങ്കിലും ബന്ധം ഉണ്ടായിരിക്കണം. കൊമ്പുകൾ പ്രതിനിധീകരിക്കുന്നത് രാജ്യത്തിന്റെ ഭാഗങ്ങളെ ആണ്. റോം പത്തായി വിഭജിക്കപ്പെട്ടു. പത്തു വിഭാഗത്തെയാണ് പത്തുകൊമ്പായി ദാനിയേൽ 7-ൽ പറയുന്നത്. ഒരർത്ഥത്തിൽ രണ്ടു രാജ്യങ്ങളാണ് അമേരിക്കയിൽ ഉള്ളത്. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്ക എന്ന് യേശു പറഞ്ഞപ്പോൾ രണ്ടു രാജ്യങ്ങൾ ഉണ്ടെന്ന് യേശു അംഗീകരിച്ചതായി കാണാം. അത് രണ്ടും രണ്ടായിരിക്കണം എന്ന് യേശു പഠിപ്പിച്ചിരുന്നു. ഒരു മൃഗത്തിന്റെ തലയിൽ തന്നെ ആണെങ്കിലും രണ്ടും വേറിട്ടു നിൽക്കുന്നു. എന്റെ രാജ്യം ഐഹികമല്ല എന്ന് യേശു പറഞ്ഞപ്പോൾ തനിക്ക് വേറൊരു ലോകം ഉണ്ടെന്ന് യേശു കാട്ടിത്തരുന്നു. അമേരിക്ക ഒരു രാജ്യമായി വരുവാൻ തുടങ്ങിയപ്പോൾ അത് രണ്ടു രാജ്യം ആണെന്നും രണ്ടു ശക്തി ആണെന്നും തിരിച്ചറിഞ്ഞിരുന്നു. ഒന്ന് സഭ . അത് യേശുവിന്റെ

ഭൂമിയിലുള്ള ആത്മീക രാജ്യവും മറ്റേത് രാഷ്ട്രവും ആണ്. അമേരിക്കൻ ഭരണഘടനയുടെ ആദ്യത്തെ പ്രസ്താവന ഇങ്ങനെ ആയിരുന്നു. - 1791: The first Amendment Congress shall make no law respecting an establishment of religion or prohibitting the free exercise thereof or a bridging the freedom of speech or of the press or the right of the people peaceably to assemble and to petition the government for a redress of grievences.

ജനപ്രതിനിധി സഭക്ക് മതം സ്ഥാപിക്കുവാൻ നിയമം ഉണ്ടാക്കുവാനോ മതം പഠിപ്പിക്കുന്നതിനെ തടയുവാനോ പാടില്ല. അതുകൊണ്ട് അമേരിക്കയുടെ ഭരണഘടനയുടെ ആദ്യത്തെ പ്രസ്താവനയിൽ ഈ രണ്ട് തത്വങ്ങൾ കാണുന്നു. ഒന്ന് മതപരമായ സ്വാതന്ത്ര്യം. മനുഷ്യ ഗവൺമെന്റിന്റെ സ്വാധീനമില്ലാത്ത ദൈവത്തിന്റെ ഗവൺമെന്റ് ഭരിക്കുന്നു. രണ്ട്, സഭയുടെ സ്വാധീനമില്ലാതെ മനുഷ്യഗവൺമെന്റും ഭരിക്കുന്നു. ചുരുക്കി പറഞ്ഞാൽ ക്രിസ്തു സ്ഥാപിച്ച തത്വം പിൻതുടർന്ന് ഈ രണ്ട് രാജ്യങ്ങളും വേർപിരിഞ്ഞിരിക്കുന്നു. അങ്ങനെ ഈ രണ്ട് തത്ത്വങ്ങളെ republicanism എന്നും protestinism എന്നും വിളിക്കുന്നു. റിപ്പബ്ലിക്കനിസം (republicanism) എന്നു പറഞ്ഞാൽ രാജാവിനെ കൂടാതെ ഉള്ള രാജ്യം. പ്രൊട്ടസ്റ്റനിസം (protestinism) എന്നു പറഞ്ഞാൽ പോപ്പിനെ കൂടാതെ ഉള്ള സഭ. മദ്ധ്യകാലഘട്ടത്തിൽ രാജാവിനായിരുന്നു എല്ലാ അധികാരവും. രാജാവ് പറയുന്നത് ജനങ്ങൾ അനുസരിച്ചുകൊള്ളണം. സഭയിലും അതുതന്നെ ആയിരുന്നു അവസ്ഥ. പോപ്പ് പറയുന്നത് എല്ലാവരും തലകുലുക്കി സമ്മതിച്ചിരുന്നു. രാഷ്ട്രീയമായോ മതപരമായോ ഉള്ള സ്വാതന്ത്ര്യം അന്നില്ലായിരുന്നു. അതുകൊണ്ട് അമേരിക്കയുടെ സ്ഥാപകപിതാക്കൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുത്ത് ജനങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ഗവൺമെന്റ് മതി എന്ന തീരുമാനം എടുത്തു. അതിൽ ഗവൺമെന്റിനാൽ മതം സംരക്ഷിക്കപ്പെട്ടിരിക്കും. എന്നു പറഞ്ഞാൽ ജനങ്ങൾക്ക് അവരുടെ മതം ആചരിക്കുവാൻ സാധിക്കും. ഗവൺമെന്റ് അതിൽ ഇടപെടുകയില്ല. ഇതാണ് republicanism എന്നതും protestinism എന്നതും.



സ്ഥാപക പിതാക്കന്മാർ ഇങ്ങനെ ഉണ്ടാക്കിയതു കൊണ്ടു മദ്ധ്യകാലഘട്ടത്തിൽ സഭയും രാജ്യവും ഒന്നായിരുന്നപ്പോൾ എന്താണ് സംഭവിച്ചതെന്ന് അറിയാനുള്ള അവസരം ഉണ്ടായി. അവർ ആ കാലഘട്ടത്തിന് അടുത്താണ് ജീവിച്ചിരുന്നത്. ആ കാലഘട്ടത്തിൽ സഭയുടെ പഠിപ്പിക്കലുകളെ അംഗീകരിക്കാതിരുന്ന ജോൺ ഹസ്സിനെ പോലുള്ളവരെ അഗ്നിക്ക് ഇരയാക്കി. കൂടാതെ അമേരിക്കയുടെ രാജകീയഭരണവും സ്ഥാപകപിതാക്കന്മാർക്ക് അറിയാമായിരുന്നു. തീർത്ഥാടക പിതാക്കന്മാർ സ്വാതന്ത്ര്യം അന്വേഷിച്ച് യൂറോപ്പിൽ നിന്ന് പാലായനം ചെയ്ത് അമേരിക്കയിൽ വന്നു. അവർ കോളനികളാക്കി ഭരിച്ചു. അവർ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ എടുത്ത് മാറ്റിക്കളഞ്ഞു. ഗവൺമെന്റ് പാസ്റ്റർമാർക്ക് ശമ്പളം കൊടുത്തിരുന്നു. ജനങ്ങൾ തങ്ങളുടെ ദശാംശം കരം അടക്കുന്നതുപോലെ കൊടുത്തിരുന്നു. കൊടുക്കാതെ ഇരുന്നാൽ അവർ ജയിലിൽ അടയ്ക്കപ്പെടുമായിരുന്നു. ജനങ്ങൾ ഞായറാഴ്ച പള്ളിയിൽ പോകാതിരുന്നാൽ (ആ ദിവസത്തെ ആരാധനാ ദിനമായി കണക്കാക്കിയിരുന്നു) അവർ ജയിലിൽ അടയ്ക്കപ്പെടുമായിരുന്നു. ക്രിസ്ത്യാനികൾക്കു മാത്രമേ ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലിലഭിച്ചിരുന്നുള്ളൂ. ഇത് അമേരിക്കയുടെ ആദ്യകാല ചരിത്രത്തിൽ സംഭവിച്ചിരുന്നതാണ്. അന്ന് സഭയും രാഷ്ട്രവും വേർപെട്ടിരിക്കണം എന്നു പറഞ്ഞവർക്കെല്ലാം ഉപദ്രവം ഉണ്ടായി.

ഇന്ന് അമേരിക്കക്കാർ ഈ ചരിത്രം ഒന്നും ഓർക്കുന്നില്ല. അതുകൊണ്ട് ഈ ശക്തിക്ക് അധികാരം തിരികെ ലഭിക്കുവാൻ അവർ അനുവദിക്കുന്നു. ഇന്നത്തെ സംഭവങ്ങൾ അത്ഭുതം ഉളവാക്കുന്നവയാണ്. 1963-ൽ നടന്ന വത്തിക്കാൻ സുന്നഹദോസിന് ശേഷം നടന്ന സംഭവങ്ങൾ ഓരോന്നായി പറഞ്ഞാൽ കൊള്ളാമെന്ന് ആഗ്രഹം ഉണ്ട്. അജേർനമെന്റോ എന്നറിയപ്പെടുന്ന പുതുതാക്കലിൽ കത്തോലിക്കാ സഭക്ക് ഒരു പുതിയ മുഖം നൽകി. കുർബ്ബാന ലത്തീൻ ഭാഷയിൽ ആയിരിക്കണമെന്നില്ല. ആരാധനയ്ക്കിടയിൽ ധാരാളം പാട്ടുകൾ ഉൾപ്പെടുത്തി. ഒരു സ്ത്രീയെ എന്നപോലെ ആരാധനയെ ചമയിച്ച് പ്രൊട്ടസ്റ്റന്റുകാരെ ആകർഷിക്കത്തക്കതാക്കി. തുടർന്ന് ജോൺ എഫ് കെന്ന

ഡിയുടെ ഇലക്ഷൻ വന്നു. കത്തോലിക്കനായ അദ്ദേഹം പ്രസിഡന്റ് ആകുന്നതിൽ ഭയന്നിരുന്ന ജനങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ ജോൺ എഫ്. കെന്നഡി വരികയും തന്റെ ജോലികൾ ഭംഗിയായി ചെയ്യുന്നു എന്ന് തോന്നുകയും ചെയ്തപ്പോൾ ജനങ്ങൾ പറഞ്ഞു – ഒരു റോമൻ കത്തോലിക്കൻ അമേരിക്കയുടെ പ്രസിഡന്റ് ആകുന്നതിൽ വലിയ തെറ്റൊന്നും ഇല്ലെന്ന്. പിന്നീട് നാം കാണുന്നത് ഒരു വിശുദ്ധ സഖ്യം ആണ്. പോപ്പും റെയ്ഗനും ഒരുമിച്ച് നിൽക്കുന്ന ചിത്രം ടൈം മാസികയിൽ വന്നിരുന്നു. ആ സഖ്യത്തിൽ സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്ന കമ്മ്യൂണിസത്തെ മറിച്ചിടുവാൻ ഒരു രഹസ്യ സഖ്യം അമേരിക്കയും പോപ്പും തമ്മിൽ ഉണ്ടാക്കിയിരുന്നു. റോമൻ കത്തോലിക്കാ ജെ സ്യൂട്ട് പുരോഹിതനായ മലക്കായി മാർട്ടിൻ എഴുതിയ കീസ് ഓഫ് ദിസ് ബ്ലഡ് എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നത് ലോക ആധിപത്യത്തിനു വേണ്ടി പോരാടുന്നത് മൂന്നു ശക്തികൾ ആണ്. ഒന്ന് കമ്മ്യൂണിസം, രണ്ട് പടിഞ്ഞാറൻ മുതലാളിത്ത വ്യവസ്ഥ, മൂന്ന് റോമൻ കത്തോലിക്കാ പാപ്പാത്വം. അതിൽ അദ്ദേഹം ഉറപ്പ് പറഞ്ഞിരിക്കുന്നത് കമ്മ്യൂണിസം തകർന്നുപോകും. (അത് സംഭവിക്കുന്നതിന് മുൻപാണ് അദ്ദേഹം പറഞ്ഞത്) പടിഞ്ഞാറൻ മുതലാളിത്ത വ്യവസ്ഥിതിയും തകർന്നുപോകും. ക്രമേണ റോമൻ കത്തോലിക്കാ പാപ്പാത്വം ലോകത്തിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നാണ്. നമ്മൾ ഒരു പോപ്പിന്റെ മരണം കണ്ടു. ടെലിവിഷനിൽ വന്ന എല്ലാ വാർത്തകളും പോപ്പിനെക്കുറിച്ചായിരുന്നു. മറ്റൊരു വാർത്തയും ലഭ്യമല്ലായിരുന്നു. പ്രൊട്ടസ്റ്റന്റ് പുരോഹിതർ, യഹൂദാ റബ്ബിമാർ, ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവർ തുടങ്ങിയവരുമായുള്ള സംഭാഷണം ടെലിവിഷനിൽ കാണിച്ചിരുന്നു. അവർ പറഞ്ഞു ഈ സംഘടന എത്ര മനോഹരമായിരിക്കുന്നു. ഈ മനുഷ്യൻ എത്ര അത്ഭുതമായിരിക്കുന്നു. വെളിപ്പാട് 13 പ്രകാരം സർവ്വ ഭൂമിയും മൃഗത്തെ കണ്ട് വിസ്മയിച്ചു. ഈ പ്രവചനം നിവർത്തി ആകണമെങ്കിൽ, അമേരിക്ക ഈ ഒന്നാമത്തെ മൃഗത്തിന് ശക്തി ലഭിക്കുവാൻ സഹായിക്കണമെങ്കിൽ മൂന്ന് മതിലുകൾ തകരേണ്ടതായിട്ടുണ്ട്. ഒന്നാമത്തേത് കമ്മ്യൂ



ണിസം എന്ന മതിലാണ്. അത് പ്രതിനിധീകരിച്ചത് ജർമ്മൻ മതിലായിരുന്നു. അത് വീണു. രണ്ടാമത്തേത് പ്രൊട്ടസ്റ്റന്റസും കത്തോലിക്കരും തമ്മിലുള്ള മതിലാണ്. അതിപ്പോൾ വീണു കൊണ്ടിരിക്കുന്നു. ഇവാഞ്ചലിക്കരും കത്തോലിക്കരും ചേർന്ന് ഉണ്ടാക്കിയ രേഖകൾ ഇതിനെ ശരിവയ്ക്കുന്നു. അവർ ഒരുമിച്ച് ഒപ്പിട്ട രേഖകൾ പറയുന്നത് തങ്ങളുടെ ഉപദേശപരമായ പഠിപ്പിക്കലുകളെ മാറ്റിവച്ചിട്ട് ഒരുമിച്ച് നിന്നുകൊണ്ട് ലോകത്തെ സുവിശേഷീകരിക്കാം എന്നാണ്. കത്തോലിക്കരും ലൂഥർ സഭയും ചേർന്ന് വിശ്വാസത്താലുള്ള രക്ഷ എന്ന പ്രസ്താവന നടത്തി. അടിസ്ഥാനപരമായി അവർ പറയുന്നത് പണ്ട് പ്രൊട്ടസ്റ്റന്റുകാർ നടത്തിയ തിരുത്തലുകൾ തെറ്റായിപ്പോയി എന്നാണ്. കത്തോലിക്കർക്കും പ്രൊട്ടസ്റ്റന്റുകാർക്കും കൃപയാലുള്ള നീതീകരണം എന്ന വിഷയത്തിൽ ഒരേ അഭിപ്രായമാണ് ഉള്ളതെന്ന് അവർ പറയുന്നു. കഴിഞ്ഞ കുറെ വർഷങ്ങളിലാണ് ഇതെല്ലാം സംഭവിച്ചത്. ഈ അടുത്തകാലത്ത് ടൈം മാസികയിൽ വന്ന വാർത്ത :- പ്രൊട്ടസ്റ്റന്റുകാർ റോമൻ കത്തോലിക്കരുടെ വിശ്വാസത്തിലുള്ള മേരിയെ അംഗീകരിക്കുന്നു എന്ന്. ഇതെല്ലാം കാണിക്കുന്നത് നാം അന്ത്യസമയത്തോട് അടുത്തിരിക്കുന്നു എന്നാണ്. ടൈം മാസികയിൽ വന്ന മറ്റൊരു വാർത്തയാണ് പ്രൊട്ടസ്റ്റന്റുകാരും കത്തോലിക്കരും ചേർന്ന് ഒരു വലിയ രാഷ്ട്രീയ ശക്തിയായി മാറി എന്ന്. ഇത് വളരെ അടുത്ത കാലത്ത് സംഭവിച്ചതാണ്. തീർച്ചയായും ഇവരുടെ ഇടയിൽ ഉള്ള മതിൽ ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

മൂന്നാമത്തെ മതിൽ ഏതെന്ന് പറയാതെതന്നെ അറിയാമല്ലോ. സഭയും രാഷ്ട്രവും തമ്മിലുള്ള ആ മതിൽ. അതും വളരെ വേഗം ഇടിഞ്ഞുകൊണ്ടിരിക്കുന്നു. തീരാൻ ഇനി അധികം കല്ലുകൾ ഇല്ല. സ്വാതന്ത്ര്യമായി ഒരു നീതിന്യായ വ്യവസ്ഥിതി ഇപ്പോൾ ഉള്ളതിനാൽ ദൈവത്തെ സ്തുതിക്കാം. എന്നാൽ ഭാവിയിൽ എന്താണ് സംഭവിക്കുന്നത് എന്ന് ചോദിച്ചാൽ, നിയമനിർമ്മാണ സഭകളെ സ്വാധീനിക്കുവാൻ ജനങ്ങൾ തുടങ്ങുമ്പോൾ നീതിന്യായ വകുപ്പ് ജനങ്ങൾക്കും ഗവൺമെന്റിനും അനുകൂലമായി നീങ്ങുമ്പോൾ ദൈവജനങ്ങൾക്ക്

തങ്ങളുടെ കേസുമായി ആരെയും സമീപിക്കാൻ സാധ്യമല്ലാത്ത തായിത്തീരും.

ദാനിയേൽ 3-ാം അദ്ധ്യായത്തിൽ നെബുഖദ്നേസർ രാജാവ് ഒരു പ്രതിമ ഉണ്ടാക്കിയിട്ട് എല്ലാവരും അതിനെ നമസ്കരിക്കുവാൻ ആവശ്യപ്പെട്ടു. അന്ത്യകാലത്ത് സംഭവിക്കാൻ പോകുന്നതിന്റെ ഒരു അടയാളമായിരുന്നു അത്. ആ പ്രതിമയെ നമസ്കരിക്കാത്തവർ എല്ലാം കൊല്ലപ്പെടും. ഇത് വെളിപ്പാട് 13-ലും പറയുന്നു. എന്നാൽ ഇവിടെ വ്യത്യാസം ഉണ്ട്. പണ്ടു നടന്നത് പ്രാദേശികമായി ബാബിലോണിൽ മാത്രമായിരുന്നു. അന്ത്യകാലത്ത് നടക്കുവാൻ പോകുന്നത് ലോക വ്യാപകമായിരിക്കും. പ്രതിമ എന്നത് അക്ഷരികമായത് ആയിരിക്കു കയില്ല. അത് ആത്മീകമായി അടയാളമായിട്ടുള്ള ഒരു പ്രതിമ ആയി രിക്കും. പണ്ട് മധ്യകാലത്തുണ്ടായിരുന്ന ആദ്യത്തെ മൃഗത്തിന്റെ ഒരു പ്രതിഫലനമായിരിക്കും അത്. നെബുഖദ്നേസർ ഒരു മതത്തെ സ്ഥാപിച്ചുകൊണ്ട് എല്ലാവരുടെയും ആരാധന ആവശ്യപ്പെട്ടു. എന്നാൽ മൂന്നു ചെറുപ്പക്കാർ പറഞ്ഞു:- നിനക്ക് മതത്തെ സ്ഥാപി ക്കുവാൻ സാധ്യമല്ല. അത് നിന്റെ മഹത്വത്തിനും അതീതമാണ്. രാജാവ് പറഞ്ഞു:- നിങ്ങളെ ഞാൻ തീച്ചൂളയിൽ ഇടും.

അവർ പറഞ്ഞു:- ദൈവം ഞങ്ങളെ വിടുവിക്കും. ദൈവം വിടുവിച്ചില്ലെങ്കിൽ പോലും നീ സ്ഥാപിച്ച മതത്തെ ഞങ്ങൾ പിൻതു ടരുകയില്ല. പിന്നെ അവരെ തീച്ചൂളയിലേക്ക് എറിഞ്ഞു. അപ്പോൾ യേശുതന്നെ വന്ന് അവരെ തീച്ചൂളയിൽ നിന്ന് രക്ഷിച്ചു. അന്ത്യകാ ലത്ത് അപ്രകാരം തന്നെ സംഭവിക്കും. അമേരിക്കൻ ഭരണഘടന യുടെ ആദ്യത്തെ പ്രസ്താവന ഉണ്ടെങ്കിൽപ്പോലും ഒരു സ്ഥാപിത മതം ഉണ്ടാകും.

ദാനിയേൽ 6 ലും ഏതാണ്ട് ഇതേപോലെ ഒരു സംഭവം നട ന്നതായി പറയുന്നു. ഇവിടെ രണ്ടാമത്തെ രാജാവ് സ്വതന്ത്രമായി മന സ്സാക്ഷി അനുസരിച്ച് ആരാധിക്കുന്നതിനെ തടയുന്നു. 30 ദിവസത്തേക്ക് രാജാവിനോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കുവാൻ പാടില്ല എന്നാ യിരുന്നു രാജകല്പന. എന്നാൽ ദാനിയേൽ പറയുന്നു:- ഇത് ദൈവ



ത്തിന്റെ അധികാരത്തിൽപ്പെട്ടതാണ്. രാജാവിന്റെ അധികാരത്തിൽപ്പെ ട്ടതല്ല. അതുകൊണ്ട് മനസ്സാക്ഷി അനുസരിച്ച് എന്റെ മതം അനുസരി ക്കുവാൻ എനിക്ക് അവകാശം ഉണ്ട്. അങ്ങനെ ദാനിയേൽ വീട്ടിൽ ചെന്ന് തന്റെ പതിവുപോലെ ദൈവത്തോടു പ്രാർത്ഥിച്ചു. അവൻ മത സ്വാതന്ത്ര്യം മുൻപ് ചെയ്തിരുന്നതുപോലെ തുടർന്നു. അതിന്റെ ഫലമോ സിംഹക്കുഴിയിലേക്ക് എറിയപ്പെട്ടു. ദൈവം തന്റെ ദൂതനെ (പഴയ നിയമകാലത്തെ ക്രിസ്തു) അയച്ചു സിംഹങ്ങളുടെ വായ് അട ച്ചുകളഞ്ഞു. ദാനിയേൽ തന്റെ ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് അവന് യാതൊരു കേടും പറ്റിയതായി കണ്ടില്ല. എന്നാൽ ദാനിയേ ലിന്റെമേൽ കുറ്റംചുമത്തിയവരെ സിംഹങ്ങൾ അടിച്ച് അവരുടെ അസ്ഥികൾ തകർത്തു കളഞ്ഞു. ദാനിയേലിന്റെ വിശ്വാസം, ദൈവകല്പന അനുസരിക്കുന്നതിലൂടെ തെളിയിച്ചു. ദൈവം അങ്ങനെ ഉള്ളവർക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കും.

## ആരാണ് 144000 പേർ?

വെളിപ്പാട് 7:3, 4:- അവർ ദൈവത്തിന്റെ മുദ്രയേറ്റവർ ആണ്. വെളി. 14:4,5ന് പ്രകാരം അവർ കളങ്കമില്ലാത്തവർ ആണ്. അതായത് ദൈവത്തിന്റെ പത്തുകല്പനയും ദൈവം പറഞ്ഞതുപോലെ അനുസ രിക്കുന്നവർ. അവരുടെ വായിൽ ഭോഷ്ക് ഉണ്ടായിരിക്കുകയില്ല. ദൈവ ത്തിന്റെ മുദ്രമാറ്റി പകരം സ്ഥാപിച്ചത് എന്താണോ അതാണ് മൃഗ ത്തിന്റെ മുദ്ര. ദൈവത്തിന്റെ മുദ്ര വേണോ? അതോ മൃഗത്തിന്റെ മുദ്ര മതിയോ? തീരുമാനം അവരവർക്കുള്ളതാണ്. ദൈവത്തെ അനുസരി ച്ചാൽ സ്വർഗ്ഗത്തിൽ പോകാം.